നാണ് ഇവിടെ ചലച്ചിത്രകാരൻ ശ്രമിക്കുന്നത്. അതുകൊണ്ടുതന്നെ ആ മാധ്യമത്തിന് ചേരാത്തതോ ആവശ്യമില്ലാത്തതോ ആയ ഒന്നും ഇവിടെ ഉപയോഗിക്കപ്പെടുകയില്ല. വർത്തമാനകാലത്തിലെ ഉപാധികൾ ഉപയോഗിച്ചാണ് ഇവിടുത്തെ ചരിത്രനിർമ്മിതി.

വാമൊഴിയായി പ്രചരിക്കപ്പെട്ടതോ എഴുതപ്പെട്ടതോ ആയ ചരിത്രങ്ങൾ, ചരിത്രത്തെ ആസ്പദമാക്കിയുള്ള സാഹിത്യകൃതികൾ, വിവരണങ്ങൾ, കത്തുകൾ, കുറിപ്പുകൾ, മറ്റ് ശ്രവ്യ-ദൃശ്യാവിഷ്കാരങ്ങൾ എല്ലാം പ്രയോജനപ്പെടുത്തിയാണ് ഒരു 'ചരിത്രസിനിമ' രൂപപ്പെടുന്നത്. ഒട്ടേറെ ചരിത്രഗവേഷണങ്ങൾക്കൊടുവിലാണ് ഒരു ചരിത്രസിനിമ പിറക്കുന്നത് എന്നർത്ഥം. ഇന്നത്തെ കാലത്തിന് വേണ്ടതെന്തൊക്കെയെന്ന് സൂക്ഷ്മപഠനം നടത്തി മാത്രമേ അത് ആവിഷ്കരിക്കാനാകുകയുള്ളൂ. രാജാക്കന്മാരുടെയും രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക രംഗങ്ങളിലെ പ്രമുഖ വ്യക്തിത്വങ്ങളുടെയും ജീവിതകഥയെന്ന നിലയിൽ ചരിത്രസിനിമയെ ചുരുക്കിക്കാണാനാകില്ല. സൂക്ഷ്മമായി അപഗ്രഥിച്ചാൽ ചരിത്രമില്ലാതെ സിനിമയില്ല എന്നു തന്നെ ബോധ്യമാകും. ചരിത്രസിനിമകളാണ്, അഥവാ അവ മാത്രമാണ് ചരിത്രാവബോധനിർമിതിയിൽ പങ്കെടുക്കുന്നതെന്ന പൊതുധാരണ തിരുത്തപ്പെടേണ്ടതാണ്. ചരിത്ര സിനിമകളുടെ നീണ്ട പട്ടിക നൽകിയിട്ട് ഇവയാണ് പ്രേക്ഷകരുടെ ചരിത്രാവബോധ സൃഷ്ടിക്ക് കാരണമായതെന്ന് പ്രഖ്യാപിക്കയും അവയെ കേന്ദ്രസ്ഥാനത്തു പ്രതിഷ്ഠിക്കുകയും ചെയ്യുകയാണ് പതിവുരീതി.ചരിത്രാവബോധ നിർമ്മിതിയിലെ മറ്റെല്ലാ ഉപാദാനങ്ങളെയും സൗകര്യപൂർവം വിസ്മരിക്കുകയും ചരിത്രസിനിമകളെ മാത്രം സവിശേഷസ്ഥാനത്തു പ്രതിഷ്ഠിക്കയും ചെയ്യുന്നതിലൂടെ വലിയ ഒരു തമസ്കരണമാണ് സംഭവിക്കുന്നത്.

ചരിത്രവ്യക്തിത്വങ്ങളെ ആസ്പദമാക്കിയുള്ളവയാണ് നമ്മുടെ ചരിത്രസിനിമകളിൽ പ്രധാനയിനം. 'കേരളവർമ്മ പഴശ്ശിരാജ', 'മാർത്താണ്ഡവർമ്മ' എന്ന മട്ടിൽ അറിയപ്പെടുന്ന പേരുകളിലും ശ്രീനാരായണ ഗുരുവിനെക്കുറിച്ച് 'യുഗപുരുഷൻ', മുഹമ്മദ് അബ്ദുൾ റഹ്മാനെക്കുറിച്ച് 'വീരപുത്രൻ', ജെ.സി. ഡാനിയലിനെക്കുറിച്ച് 'സെല്ലുലോയ്ഡ്', എ. വർഗീസിന്റെ വധത്തെയും രാമചന്ദ്രൻനായരുടെ വെളിപ്പെടുത്തലിനെയും ആസ്പദമാക്കി 'തലപ്പാവ്' എന്ന മട്ടിൽ വേറിട്ട പേരുകളിലും ശ്രദ്ധേയമായ ചരിത്രാവലംബിതസിനിമകൾ പലതുണ്ട്. പ്രേക്ഷകരുടെ നിലവിലുള്ള ചരിത്രബോധത്തെ നിഷേധിച്ചുകൊണ്ട് ഒരു 'ചരിത്രസിനിമ' യും നിർമ്മിക്കാനാവില്ല. എന്നാൽ ചിരപ്രതിഷ്ഠിതമായ ചരിത്രകഥയിലെ ചില പ്രധാന അംശങ്ങൾ മാറ്റിയെഴുതിയും ചരിത്രചലച്ചിത്രങ്ങൾ ഉണ്ടായെന്നു വരാം. 'കേരളവർമ്മ പഴശ്ശിരാജ' എന്ന സിനിമയിൽ പഴശ്ശിരാജ ബ്രിട്ടീഷുകാരുടെ വെടിയേറ്റു മരിക്കുന്നതായി ചിത്രീകരിച്ചിട്ടുണ്ട്. വജ്രമോതിരം വിഴുങ്ങി പഴശ്ശിരാജ ആത്മഹത്യ ചെയ്യുകയായിരുന്നുവെന്ന സാമാന്യധാരണ തിരുത്തിയാണ് കേരളവർമ്മ പഴശ്ശിരാജയിൽ പുതിയ ദൃശ്യവ്യാഖ്യാനം സംവിധായകൻ സാധിച്ചിരിക്കുന്നത്. ഇത്തരത്തിൽ നിലവിലുള്ള ചരിത്രബോധത്തിൽനിന്ന് വ്യതിചലിച്ചുകൊണ്ടുള്ള ചരിത്രജ്ഞാനവും അതേത്തുടർന്ന് ചരിത്രാവബോധവും സൃഷ്ടിക്കപ്പെട്ടേക്കാം.

മറ്റൊരു ഉദാഹരണം നോക്കാം: മികച്ച സിനിമാസാക്ഷരതയുള്ള ഒരു ഇടമായ കേരളത്തിൽ, സിനിമയുടെ ചരിത്രത്തെക്കുറിച്ച് നിലനില്ക്കുന്ന പരിമിതമായ ബോധത്തെ അടിസ്ഥാനമാക്കി പുതിയൊരു അവബോധം സൃഷ്ടിക്കാൻ 'സെല്ലുലോയ്ഡ്' എന്ന സിനിമയ്ക്കു കഴിയുന്നുണ്ട്. 'സെല്ലുലോയ്ഡി'ൽ ജെ.സി. ഡാനിയേൽ എന്ന പേരിന്റെ സാധ്യതയും ചിഹ്നമൂല്യവും സംവിധായകൻ തിരിച്ചറിയുന്നുണ്ട്. ആ സിനിമാസാക്ഷരതയെ കൂടി സംവിധായകൻ കണക്കിലെടുക്കുന്നു എന്നതുകൊണ്ടാണ് ജെ.സി. ഡാനിയേൽ എന്ന പേരു തന്നെ ഉപയോഗിക്കുന്നത് എന്നു തീർത്തുപറയാം. എ. വർഗീസിന്റെ വധത്തെയും രാമചന്ദ്രൻനായരുടെ വെളിപ്പെടുത്തലിനെയും ആധാരമാക്കി മധുപാൽ 'തലപ്പാവ്' എന്ന ചിത്രം സംവിധാനം ചെയ്തപ്പോൾ അതിലെ കേന്ദ്രകഥാപാത്രങ്ങളുടെ പേരുകൾ മാറ്റി കഥയ്ക്കുള്ളിൽ കല്പിതാംശം കലർത്തിയാണ് അവതരിപ്പിക്കുന്നത്. പേരുകൾ മാറുന്നതിനും മാറാതിരിക്കുന്നതിനും ചില സാംസ്കാരികാർത്ഥങ്ങളുണ്ട്. സിനിമാലോകത്തിന്റെ പ്രതിനിധാനം മുഖ്യാംശമായി വരുന്ന 'നായിക'യും, 'വെള്ളരിപ്രാവിന്റെ ചങ്ങാതി'യും, 'ഉദയനാണ് താര'വുമൊക്കെ ജീവിച്ചിരുന്നവരുടെ പാരഡികളാണവതരിപ്പിച്ചത്-മറുപേരുകളിൽ.

ചരിത്രവും കല്പിതകഥകളും കൂട്ടിയിണക്കുന്ന ചലച്ചിത്രങ്ങളിലും ചരിത്രാംശമുണ്ടെന്ന് വ്യക്തമായി കാണാൻ കഴിയുന്ന അവസ്ഥയാണ് 'തലപ്പാവി'ലുള്ളത്. കല്പിതാംശം കൂടുതലുള്ള ചില അനുഭവകഥകളും സിനിമകളിൽ വരാറുണ്ട്. പൂർണമായും കല്പിതമായ സിനിമകൾ പോലും സമകാലികജീവിതത്തിൽ നിന്നോ ചരിത്രത്തിൽനിന്നോ ഏറെ അകലെ നിൽക്കുന്നവയായിരിക്കില്ല. ഇപ്പറഞ്ഞ സിനിമകളിലെല്ലാം തന്നെ ധൈഷണികജ്ഞാനവും ചരിത്രാവബോധവുമൊക്കെ സസൂക്ഷ്മം സാംസ്കാരികവിശക ലനത്തിനു വിധേയമാക്കേണ്ടവ തന്നെയാണ്.

'ചരിത്രം സിനിമയാകുന്നു, സിനിമ ചരിത്രമാകുന്നു' എന്ന തരം ലേബലുകളോടെ പ്രത്യക്ഷപ്പെടുന്ന ചലച്ചിത്രങ്ങളെ മാത്രമെടുത്ത് സിനിമാനിരൂപണങ്ങളും സാംസ്കാരിക നിരൂപണങ്ങളും നടത്തുമ്പോൾ, ഒഴിവാക്കപ്പെടുന്ന സിനിമകളിലൂടെ ഒളിച്ചുകടത്തുന്ന സാംസ്കാരിക ചിഹ്നങ്ങളും സന്ദേശങ്ങളും അറിവുകളും അവബോധങ്ങളും ശ്രദ്ധിക്കപ്പെടാതെ പോവുകയും അവയൊക്കെ സമൂഹത്തിൽ വിനിമയം ചെയ്യപ്പെടുകയും ചെയ്യുന്നു.

---

സഹായകഗ്രന്ഥങ്ങൾ

കുഞ്ഞിക്കണ്ണൻ വാണിമേൽ (2010) : സിനിമയും മനസ്സും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് / ജിതേഷ്, ടി. (2009) സിനിമയുടെ വ്യാകരണം : ഒലിവ് പബ്ലിക്കേഷൻസ് / രാധാകൃഷ്ണൻ, പി. എസ് (2010) ചരിത്രവും ചലച്ചിത്രവും ദേശ്യഭാവനയുടെ ഹർഷമൂല്യങ്ങൾ : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് /രാമചന്ദ്രൻ, ജി.പി. (2009) മലയാള സിനിമ ദേശം, ഭാഷ, സംസ്കാരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. / രാമചന്ദ്രൻ, ജി.പി (2010) : സിനിമയും മലയാളിയുടെ ജീവിതവും, സാഹിത്യപ്രവർത്തക സഹകരണസംഘം / വേലായൻ, കെ (1994) : സിനിമയും സമൂഹവും : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് / സുനിൽ പി ഇളയിടം (2016), അനുഭൂതികളുടെ ചരിത്രജീവിതം ദേശാഭിമാനി ബുക്ക് ഹൗസ് / White Hayden, (1987) The content of the Form: Narrative Discourse and Historical Representation : John Hopkins University Press. / Rosenstone, A Robert (Ed.)(2015) A Companion to the Historical Films Constantin Parvulescu / Straub J (2005) Narration, Identity, and Historical Consciousness New York Oxford: Berghahn Books, (2005) / Theorizing Historical Consciousness : University of Toronto Press.



Scanned by CamScanner

# ചരിത്രസിനിമ



കമൽ സംവിധാനം ചെയ്യുന്ന ആമിയിൽ മാധവിക്കുട്ടിയായി മഞ്ജു വാര്യർ.

തിലും സിനിമയ്ക്കു സുപ്രധാനമായ പങ്കാണ് വഹിക്കാനുള്ളത്. ഒരു ജനതയുടെ ചരിത്രാവബോധത്തെ സൃഷ്ടിക്കുന്ന പലവിധ ഉപാദാനങ്ങളിൽ പ്രദേശത്തു നിർമ്മിക്കപ്പെടുകയും വിനിമയം ചെയ്യപ്പെടുകയും ചെയ്യുന്ന സിനിമകളും ഉൾപ്പെടുന്നുണ്ട്.

ചരിത്രത്തെ നേരിട്ട് അവതരിപ്പിക്കുന്നതായി ഭാവിക്കുന്നവയാണ് 'ചരിത്രസിനിമ'കൾ. ഈ 'ചരിത്രസിനിമ'കളാണ് സിനിമാരംഗത്തുനിന്ന് ചരിത്രാവബോധനിർമ്മിതിയിൽ പ്രധാനമായി പങ്കുകൊള്ളുന്നത് എന്ന ഒരു പൊതുധാരണയുണ്ട്. ലോകത്തുണ്ടായ ചരിത്രസിനിമകളെയും ചരിത്രപരമല്ലാത്ത സിനിമകളെയും താരതമ്യം ചെയ്ത് അവ ഉത്പാദിപ്പിക്കുന്ന പ്രത്യയശാസ്ത്രപരവും ആഖ്യാനപരവുമായ സ്വഭാവങ്ങളെ പരിശോധിക്കുമ്പോൾ 'ചരിത്രപര'മെന്നു പറയാവുന്ന ഒരു പരാമർശവും പ്രകടമായില്ലാത്ത സിനിമകളിൽപ്പോലും ചരിത്രപരമായ ഒട്ടനവധി വിവരങ്ങൾ ദൃശ്യപ്പെടുന്നുവെന്ന് വ്യക്തമാകും. ലാഘവത്തോടെയാണ് ചരിത്രസിനിമയെന്ന് പലരും പരാമർശിക്കാറുള്ളത്. അത്ര എളുപ്പത്തിൽ നിർവ്വചനങ്ങൾക്ക് വഴങ്ങുന്ന ഒന്നല്ല ചരിത്രസിനിമ. എന്തൊക്കെ ഇതിന്റെ പരിധിയിൽ വരുമെന്നും വ്യക്തമായി പറയാനാകില്ല. ഡോക്യുമെന്ററി, ഡോക്യുഫിക്ഷൻ, ചരിത്രസിനിമ, കഥാചിത്രം എന്നിങ്ങനെയുള്ള ഒരു അനുസ്യൂതിയിൽ എവിടെയെങ്കിലും ഇത്തരം ചിത്രങ്ങളെ പ്രതിഷ്ഠിക്കുക മാത്രമേ നിർവാഹമുള്ളു. ചരിത്രം എവിടെ അവസാനിക്കുന്നുവെന്നോ 'യാഥാർഥ്യം' എവിടെ തുടങ്ങുന്നുവെന്നോ പറയാനാകാത്ത അവസ്ഥ എല്ലാ ചരിത്രാവലംബിതസിനിമകളിലുമുണ്ട്.

ഭൂമുഖത്ത് ജീവിച്ചിരുന്ന വ്യക്തികൾ എന്നതാണ് 'ചരിത്രസിനിമ'യിലെ കഥാപാത്രങ്ങളുടെ പ്രത്യേകത. ജീവിച്ചിരുന്ന വ്യക്തികളുടെ രൂപം, ഭാവം, ചലനങ്ങൾ, പശ്ചാത്തലം എന്നിവയൊക്കെ പ്രതിനിധാനങ്ങളിലൂടെ അവതരിപ്പിക്കപ്പെടുന്ന ഇത്തരം സിനിമകൾ ചരിത്രത്തെക്കുറിച്ചുള്ള ചില ധാരണകൾ പ്രേക്ഷകമനസ്സുകളിൽ സൃഷ്ടിക്കും. അതുയർത്തുന്ന പൊരുത്തക്കേടുകളെ ആസ്പദമാക്കി പലതരം വിവാദങ്ങൾ ഉടലെടുക്കുകയും ചെയ്യും. ജീവിച്ചിരുന്ന വ്യക്തികളുടെ അതേ പേരിൽ കഥാപാത്രങ്ങൾ അണിനിരക്കുന്നു എന്നതാണ് ചരിത്രസിനിമയെ കഥാചിത്രങ്ങളിൽനിന്ന് വ്യത്യസ്തമാക്കുന്നത്. സംഭവങ്ങളും കല്പനകളും അതിന്റെ നിഴലുകളും വേർതിരിക്കാനാവാതെ കൂടിക്കലരുന്ന ചരിത്രസിനിമകൾ ആഖ്യാനത്തിന്റെയും നിർമ്മിതിയുടെയും പ്രശ്നങ്ങളെയെല്ലാം അഭിമുഖീകരിക്കുന്നുണ്ട്. പൂർവകാല ചരിത്രാഖ്യാനങ്ങളോടും പ്രക്ഷേപിക്കപ്പെടുന്ന പുതിയ കാലത്തിന്റെ ചിഹ്നവ്യവസ്ഥയോടും ഒരേസമയം ചരിത്രസിനിമകൾക്ക് കൂറുപുലർത്തേണ്ടി വരുന്നുണ്ട്. പുതിയ കാലത്തിനുവേണ്ടി പോയകാലത്തെ പുനഃസൃഷ്ടിക്കുക ശ്രമകരമാണ്. പോയകാലത്തിന്റെ പ്രതിനിധാനങ്ങളെ സൃഷ്ടിച്ച് സമകാലികമാക്കുക മാത്രമേ നിർവാഹമുള്ളൂ. 'ചരിത്ര'ത്തെ സിനിമയെന്ന മാധ്യമത്തിലേക്ക് പാകപ്പെടുത്താ



Scanned by CamScanner

> സൂക്ഷ്മാർത്ഥത്തിൽ പരിശോധിച്ചാൽ ചരിത്രസിനിമ എന്നൊരു സിനിമയോ സംവർഗ്ഗമോ ഇല്ലെന്ന് ബോധ്യപ്പെടും. ഒന്നുകിൽ എല്ലാ സിനിമകളും 'ചരിത്രസിനിമ' കളാണെന്നോ അല്ലെങ്കിൽ ഒരു സിനിമയും 'ചരിത്രസിനിമ'യല്ലെന്നോ പറയാമെന്നു മാത്രം. ചരിത്രം/സാഹിത്യം എന്ന പരസ്പരവിരുദ്ധമായ സംവർഗ്ഗങ്ങളില്ലാത്തതു പോലെ ചരിത്രസിനിമ/കല്പിതസിനിമ എന്ന വിരുദ്ധമായ സംവർഗ്ഗങ്ങളുമില്ല; അതു സാധ്യവുമല്ല.

ദുർവ്യാഖ്യാനം ചെയ്തു എന്നീ ആക്ഷേപങ്ങളാണ് പതിവുപോലെ' പത്മാവത്' നെതിരേയും വന്നിരിക്കുന്നത്.

ആമിയുടെ കാര്യമെടുക്കുകയാണെങ്കിൽ, ഒരു ഗ്ലാസ്സിൽനിന്ന് മറ്റൊരു ഗ്ലാസ്സിലേക്ക് പകരുന്നതുപോലെ മാധവിക്കുട്ടിയുടെ/കമലാസുരയ്യയുടെ ജീവിതം സിനിമയിലേക്ക് പകർന്നതാണ് ആ സിനിമയെന്ന് ആരെങ്കിലും കരുതുമോയെന്നറിയില്ല. ആരൊക്കെ എന്തൊക്കെ പറഞ്ഞാലും അത് തിരക്കഥാകൃത്തിന്റെയോ സംവിധായകന്റെയോ ഭാവനയിൽ വിരിഞ്ഞ മാധവിക്കുട്ടിയോ കമലാസുരയ്യയോ മാത്രമായിരിക്കും.

ചരിത്രത്തെ വളച്ചൊടിച്ചു, ദുർവ്യാഖ്യാനം ചെയ്തു എന്ന മട്ടിൽ സ്ഥിരമായി കേട്ടുവരുന്ന ചില പല്ലവികളുണ്ട്. ചരിത്രം എന്ന സംവർഗം തന്നെ സംശയാസ്പദമാകുമ്പോൾ ചരിത്രത്തെ വളച്ചൊടിച്ചു എന്നോ ദുർവ്യാഖ്യാനം ചെയ്തു എന്നോ പറയുന്നതിൽ കഥയില്ല. ഇത്തരം സിനിമകൾ വികലമായ ചരിത്രജ്ഞാനവും ചരിത്രാവബോധവും സൃഷ്ടിക്കുമെന്നാണ് സിനിമയെ എതിർക്കുന്നവർ നിരത്തുന്ന പ്രധാന ആക്ഷേപങ്ങൾ. എന്താണ് ചരിത്രാവബോധമെന്നും അതെങ്ങനെ രൂപപ്പെടുന്നുവെന്നും അന്വേഷിച്ചറിയുമ്പോൾ മുകളിൽ സൂചിപ്പിച്ചതരം വികലമായ ആക്ഷേപങ്ങൾക്ക് പ്രസക്തിയില്ലെന്ന് ബോധ്യമാകും.

പ്രേക്ഷകരുടെ കാഴ്ചസംസ്കാരത്തിൽ വേരൂന്നിനിന്നുകൊണ്ടാണ് സിനിമ എന്ന കലാരൂപം വളർന്നുവന്നിട്ടുള്ളത്. നിലവിലുള്ള സാമൂഹിക–സാംസ്കാരിക വ്യവസ്ഥയുടെ പ്രതിനിധാനമാണ് സിനിമയിലൂടെ നിർവഹിക്കപ്പെടുന്നത് എന്നതിനാൽ ജനതയുടെ സാമൂഹിക–സാംസ്കാരികബോധവും ചരിത്രാവബോധവുമൊക്കെ രൂപപ്പെടുത്തുന്നതിലും സിനിമ വലിയ പങ്കുവഹിക്കുന്നുണ്ട് എന്നു വ്യക്തമാണ്. ഭൂതകാലത്തെക്കുറിച്ച് വ്യക്തികളും സമൂഹവും ആർജിക്കുന്ന അറിവുകളാണ് ചരിത്രാവബോധം എന്ന പദംകൊണ്ട് അർഥമാക്കുന്നത്. സമൂഹം/വ്യക്തികൾ ഭൂതകാലത്തെ നോക്കിക്കാണുന്നതെങ്ങനെ എന്നറിയാൻ ചരിത്രാവബോധത്തെ വിശകലനവിധേയമാക്കിയാൽ മതി. ജ്ഞാനപരവും സാംസ്കാരികവുമായ പലവിധ ഘടകങ്ങൾ ഒന്നായി പ്രവർത്തിച്ചാണ് ചരിത്രപരമായ അവബോധം വ്യക്തികളിൽ/സമൂഹങ്ങളിൽ രൂപം പ്രാപിക്കുന്നത്. ചരിത്രാവബോധം ചരിത്രാനുഭവത്തിന്റെ താത്കാലികാവസ്ഥയെക്കുറിച്ചുള്ള അറിവാണ്. ഭൂതവും ഭാവിയും വർത്തമാനവും കൂട്ടിയിണക്കപ്പെടുന്ന സാഹചര്യമാണ് ഇവിടെ സംജാതമായിരിക്കുന്നത്.

ഒരു സമൂഹത്തിന്റെ പൊതുവായ സ്മൃതിയും ചരിത്രാവബോധവും പരസ്പരപൂരകമായാണ് പ്രവർത്തിക്കുന്നത്. വ്യക്തികൾ ആർജിക്കുന്ന ചരിത്രാവബോധം ഈ പൊതുസ്മൃതിയെ നിർണ്ണയിക്കാൻ പര്യാപ്തമാണ്. അതുപോലെ പൊതുസ്മൃതിബോധം വ്യക്തികളുടെ ചരിത്രബോധത്തെ സ്വാധീനിക്കുകയും ചെയ്യും. ഒരു വ്യക്തിയുടെ ചരിത്രബോധത്തിന് ഒരു പ്രാരംഭരൂപം ലഭിക്കുന്നത് പ്രധാനമായും പാഠപുസ്തകങ്ങളിൽ നിന്നാണെങ്കിലും പിന്നീട് പത്രമാധ്യമങ്ങൾ, ദൃശ്യമാധ്യമങ്ങൾ, നവമാധ്യമങ്ങൾ എന്നിവയിലൂടെ ആർജിച്ചെടുക്കുന്ന ചരിത്രാവബോധത്തിന്റെ മറ്റൊരു തലം സൃഷ്ടിക്കുന്നു.

കാലങ്ങളിലൂടെ മനസ്സിൽ അടിഞ്ഞുകൂടിക്കിടക്കുന്ന ചരിത്രജ്ഞാനനിക്ഷേപങ്ങളുടെ ആകെത്തുകയാണ് ചരിത്രാവബോധം. വൈജ്ഞാനികമായ ജ്ഞാനവും ചരിത്രാവബോധവും ഒരേ അനുപാതത്തിലാണ് വ്യക്തികളിൽ വളർന്നു വരിക. ചരിത്രത്തിൽ തൽപരരാണെങ്കിലും അല്ലെങ്കിലും ഒരാളുടെ അനുഭവപരിസരം ചരിത്രാവബോധത്തിന് മുതൽക്കൂട്ടുന്നുണ്ട്. ഒരോ രാജ്യത്തിന്റെയും ദേശീയതയെക്കുറിച്ചുള്ള അഭിമാനമോ ദേശീയബോധമോ ഒക്കെ വ്യക്തികളിൽ രൂപപ്പെടുന്നത് ചരിത്രാവബോധത്തിന്റെ അടിസ്ഥാനത്തിലാണ്. ചരിത്രത്തെക്കുറിച്ചുള്ള അറിവുകൾ ഒരുപോലെ നൽകപ്പെട്ടാലും ചരിത്രാവബോധം വ്യത്യസ്തരായ വ്യക്തികളിൽ വ്യത്യസ്തമായ രൂപത്തിലും അനുപാതത്തിലുമായിരിക്കും സംഭവിക്കുക. ചലച്ചിത്രങ്ങളും ടെലിവിഷനും ഇന്റർനെറ്റും അടക്കമുള്ള ദൃശ്യമാധ്യമങ്ങളിലൂടെയും ഫെയ്സ്ബുക്ക്, വാട്സാപ്പ് തുടങ്ങിയ നവമാധ്യമങ്ങളിലൂടെയും ചലച്ചിത്രങ്ങൾക്കുണ്ടാവുന്ന പുനഃസംപ്രേക്ഷണങ്ങളും ആധുനികകാലത്ത് ചരിത്രാവബോധം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നുണ്ട്.

ഒരു സമൂഹത്തിൽ പ്രചരിക്കുന്ന വാമൊഴി ആഖ്യാനങ്ങളും സാഹിതീയ ആഖ്യാനങ്ങളും ചരിത്രരചനാപരമായ ആഖ്യാനങ്ങളും ചരിത്രാഖ്യാനങ്ങളുടെ വ്യത്യസ്തപാഠങ്ങളാണ് നിർമ്മിക്കുന്നത്. ആഖ്യാനങ്ങൾ എന്ന നിലയിൽ അവയൊന്നും ഏകാത്മകസ്വഭാവം പ്രകടിപ്പിക്കുന്നില്ല. ആ നിലയ്ക്ക്, ഒരു വ്യക്തി നേടുന്ന അവബോധം വ്യത്യസ്തപാഠങ്ങൾ ചേർത്തുവച്ച് സൃഷ്ടിക്കുന്നതാണെന്ന് കരുതണം. വ്യക്തികളുടെ ചരിത്രാവബോധത്തെ സൃഷ്ടിക്കുന്നതിലും ഉറപ്പിക്കുന്ന

# ചരിത്രസിനിമ

ചെയ്തിരുന്നു. സംവിധായകനായ സഞ്ജയ് ലീലാ ബൻസാലിയും മുഖ്യകഥാപാത്രത്തെ അവതരിപ്പിക്കുന്ന ദീപിക പദുകോണും വധഭീഷണിയുടെ നിഴലിൽ തന്നെ ഇപ്പോഴും. വിവാദങ്ങളൊന്നും ഇതുവരെ കെട്ടടങ്ങിയിട്ടില്ല. സെൻസർ ബോർഡിന്റെ മുന്നിലെത്തിയ ചിത്രം ഏറെയൊന്നും വെട്ടിക്കളയാതെ, നാമമാത്രമായ വ്യത്യാസങ്ങളോടെയാണ് പ്രദർശനത്തിനെത്തിയിരിക്കുന്നത്. പ്രദർശനാനുമതി നൽകാതിരിക്കാൻ മാത്രം ആ സിനിമയിലൊന്നുമുണ്ടായിരുന്നില്ല എന്നതാണ് അതിനർത്ഥം.

ഇത് ബോളിവുഡിലെ കഥ. മലയാളത്തിലേക്കു വരികയാണെങ്കിൽ കമലാസുരയ്യയായി മാറിയ മാധവിക്കുട്ടിയുടെ ജീവിതകഥയായ 'ആമി'യുടെ വരവാണ് വിഷയം. കമൽ സംവിധാനം ചെയ്ത് മഞ്ജുവാര്യർ പ്രധാന കഥാ പാത്രത്തെ അവതരിപ്പിക്കുന്ന ഈ ജീവിതകഥ മാധവിക്കുട്ടിയോട്, കമലാസുരയ്യയോട്, അവരുടെ കർമ്മമേഖലകളോട് നീതിപുലർത്തിയോ എന്ന പതിവു വിമർശനമാവും സ്വാഭാവികമായി ഉയർന്നുകേൾക്കാനിടയുള്ളത്. വിവാദങ്ങളിലേക്ക് ആ ചിത്രവും വഴിതുറന്നേക്കാം-അല്ലെങ്കിൽ ഒരു വിവാദം ആ സിനിമയെ പ്രേക്ഷകശ്രദ്ധയിലേക്ക് കൊണ്ടുവന്നേക്കാം.

സിനിമയെ പ്രേക്ഷകനിലേക്ക് അടുപ്പിക്കുന്ന പലവിധ തന്ത്രങ്ങളിൽ ഒന്നുമാത്രമാണ് 'നടന്ന സംഭവം' എന്ന ടാഗ്. പ്രദീപ് നായർ സംവിധാനം ചെയ്ത് പൃഥ്വിരാജ് പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്ന 'വിമാനം' നല്ല ഉദാഹരണങ്ങളിലൊണ്. 'നടന്ന സംഭവം' എന്ന ടാഗില്ലായിരുന്നുവെങ്കിൽ അടുത്തിടെയിറങ്ങിയ ആ സിനിമയുടെ ഗതിയെന്താകുമായിരുന്നോ എന്തോ. 'നടന്ന സംഭവം' എന്നത് വിജയഫോർമുലകളിലൊന്നാണെന്ന് പാർവതിയും പൃഥ്വിരാജും നായികാനായകന്മാരായി അഭിനയിച്ച 'എന്ന് സ്വന്തം മൊയ്തീൻ' എന്ന സിനിമ നേരത്തെ തെളിയിച്ചിട്ടുണ്ട്. സ്വാഭാവികമായും ആ പാറ്റേൺ ആവർത്തിക്കപ്പെടുകയും ചെയ്യും. കഴിഞ്ഞവർഷം മലയാളത്തിലിറങ്ങിയ 'എബി', 'ജേക്കബിന്റെ സ്വർഗ്ഗരാജ്യം' എന്നീ സിനിമകളും 'അനുഭവകഥയാണിത്' എന്ന അവകാശവാദത്തോടെയാണ് പ്രേക്ഷകരിലേക്കിറങ്ങിയത്.

അസംഭാവ്യങ്ങളായ സംഭവങ്ങളെ സൂചിപ്പിക്കാൻ നാം പൊതുവേ ഉപയോഗിക്കുന്ന പ്രയോഗം 'സിനിമാറ്റിക്' എന്നതാണ്. സംഭവങ്ങളുടെ അപൂർവതയെ സിനിമാസ്ക്രീനിൽ എന്നപോലെ അംഗീകരിപ്പിക്കാൻ പോരുന്നതാണ് ആ പ്രയോഗം. 'യഥാർത്ഥ സംഭവ'ങ്ങളെ സിനിമയിൽ അവതരിപ്പിക്കാൻ ശ്രമിക്കുമ്പോൾ നേർവിപരീത ദിശയിലാണ് കാര്യങ്ങൾ പോകുന്നത്. കല്പിതമായ കഥകളിലെ അസംഭാവ്യതകളെ പ്രേക്ഷകരെക്കൊണ്ട് അംഗീകരിപ്പിക്കാനാണ് 'സംഭവകഥ' എന്ന ടാഗ് സിനിമാപ്രവർത്തകർ മുന്നോട്ടുവയ്ക്കുന്നത്. ജീവിതം, അനുഭവം, ചരിത്രം എന്നിവയ്ക്കെല്ലാം ഒരേ പദവിയാണ് 'സത്യാധിഷ്ഠിതസിനിമ'കളിലുള്ളത്. കല്പിതമല്ലാത്തത് എന്ന പ്രത്യേകപദവി ചാർത്തിക്കിട്ടിയാൽ അത് പ്രത്യേകതരത്തിൽ ഗുണംചെയ്യുമെന്ന് സിനിമക്കാർക്കുമറിയാം.

'പത്മാവത്' ഒരു ചരിത്രസിനിമയാണെന്നാണ് സംവിധായകന്റെയും അണിയറ പ്രവർത്തകരുടെയും അവകാശവാദം. ചരിത്രത്തോട് ബന്ധപ്പെട്ടതും ഭൂമിയിൽ ജീവിച്ചിരുന്നവരുമായിരുന്നു ഇതിലെ സംഭവങ്ങളും കഥാപാത്രങ്ങളുമെന്ന പരിമിതമായ അർത്ഥത്തിൽ 'പത്മാവത്'നെ ഒരു ചരിത്രസിനിമയെന്നു വിളിക്കാൻ കഴിയുമായിരിക്കും. എന്നാൽ സൂക്ഷ്മാർത്ഥത്തിൽ പരിശോധിച്ചാൽ ചരിത്രസിനിമ എന്നൊരു സിനിമയോ സംവർഗ്ഗമോ ഇല്ലെന്ന് ബോധ്യപ്പെടും. ഒന്നുകിൽ എല്ലാ സിനിമകളും 'ചരിത്രസിനിമ'കളാണെന്നോ അല്ലെങ്കിൽ ഒരു സിനിമയും 'ചരിത്രസിനിമ'യല്ലെന്നോ പറയാമെന്നു മാത്രം. ചരിത്രം/സാഹിത്യം എന്ന പരസ്പരവിരുദ്ധമായ സംവർഗ്ഗങ്ങളില്ലാത്തതുപോലെ ചരിത്രസിനിമ/കല്പിതസിനിമ എന്ന വിരുദ്ധമായ സംവർഗ്ഗങ്ങളുമില്ല; അതു സാധ്യവുമല്ല. ചരിത്രത്തെപ്പോലെ ചരിത്രസിനിമകളെന്ന ലേബലിൽ വരുന്ന സിനിമകളും ആഖ്യാനങ്ങളാണ്/ആഖ്യാനങ്ങൾ മാത്രമാണ് എന്ന ബോധ്യം പ്രേക്ഷകരിലുണ്ടാവേണ്ടതുണ്ട്. തിരക്കഥാകൃത്തിന്റെയും സംവിധായകന്റെയും ഭാവനയിൽ വിരിഞ്ഞതോ ഭാവനകൾ കൂട്ടിച്ചേർക്കപ്പെട്ടതോ മുൻ ആഖ്യാനങ്ങളിൽ പറഞ്ഞിരിക്കുന്നവയിൽ പലതും ഒഴിവാക്കിയോ തമസ്കരിച്ചോ ഒക്കെയാവും പുതിയൊരു ആഖ്യാനരീതി സാധിക്കുന്നത്. സാധ്യമായത്ര ദൃശ്യവിസ്മയങ്ങളും ശബ്ദവിസ്മയങ്ങളും ചേർത്തും വ്യത്യസ്തമായ കാമറാവീക്ഷണങ്ങൾ അവതരിപ്പിച്ചും കൂടുതൽ വൈകാരികതയും പിരിമുറുക്കവും സൃഷ്ടിച്ചും പൊലിപ്പിക്കാവുന്നത്ര പൊലിപ്പിച്ചുമാണ് ചരിത്രാഖ്യാനങ്ങളായ സിനിമകൾ പ്രേക്ഷകരുടെ മുന്നിലെത്തുന്നത്.

'ചരിത്ര'ത്തിലുണ്ടായ സംഭവങ്ങളുടെ ആപേക്ഷികമായ മാനം ആഖ്യാനങ്ങളിലാണ് തെളിഞ്ഞുവരിക. ചന്ദ്രശേഖർ ആസാദിന്റെയും ഭഗത്സിങ്ങിന്റെയുമൊക്കെ പോരാട്ടങ്ങളെ ഇന്ത്യൻ ദേശീയവാദി സ്വാതന്ത്ര്യസമരമായി കാണുമ്പോൾ ബ്രിട്ടീഷ് സാമ്രാജ്യത്വം അതിനെ ഭീകരാക്രമണമായി വിലയിരുത്തുന്നത് ആഖ്യാനസ്വഭാവത്തിലെ ആപേക്ഷികതകൊണ്ടാണല്ലോ. സംഭവങ്ങളുടെ വിജയമോ പരാജയമോ തീരുമാനിക്കുന്നത് അതിന്റെ ആഖ്യാനമോ വ്യാഖ്യാനമോ ആണെന്നർത്ഥം. ആഖ്യാനത്തിന്റെ സ്വഭാവം കൊണ്ടാണ് ട്രാജഡിയും കോമഡിയുമുണ്ടാകുന്നത്. ഇപ്രകാരം സാഹിത്യത്തിലെ ആഖ്യാനരിതിയിൽനിന്ന് വ്യത്യസ്തമല്ല ചരിത്രമെഴുത്തിലേതും എന്നുള്ള ഹൈഡൻ വൈറ്റിന്റെ അഭിപ്രായം ഇവിടെ പ്രസക്തമാണ്.

വസ്തുനിഷ്ഠവും യുക്തിഭദ്രവും യഥാതഥവുമായ ചരിത്രമെന്ന സങ്കൽപ്പനം ചോദ്യംചെയ്യപ്പെടുന്നതോടെ ചരിത്രത്തെ ആധാരമാക്കിയുള്ള സാഹിത്യ/കലാരൂപങ്ങളുടെ ചരിത്രപ്രാമാണികതയും സംശയാസ്പദമായിത്തീരും. ചരിത്രനോവൽപോലെ ചരിത്രനാടകവും ചരിത്രസിനിമയുമൊക്കെ സാഹിത്യാത്മകവും ആഖ്യാനാത്മകവുമാണ്; അങ്ങനെ ആയിരിക്കുകയും ചെയ്യും. അലാവുദ്ദിൻ ഖിൽജി എന്ന ഡൽഹി സുൽത്താനിൽനിന്ന് രക്ഷപ്പെടാനാണ് മേവാറിലെ രജപുത്രരാജാവായ രത്തൻസിങ്ങിന്റെ ഭാര്യകൂടിയായ റാണി പത്മാവതി ജൗഹർ ചെയ്തതെന്നാണ് പ്രസിദ്ധമായ ഒരു ആഖ്യാനം. മാലിക് മുഹമ്മദ് ജസായി എന്ന സൂഫി കവി ഇതിന് പത്മാവത് എന്ന പുനരാഖ്യാനം നടത്തി. ഈ പുനരാഖ്യാനത്തെ ഉപജീവിച്ചുവന്ന സിനിമ മറ്റൊരു ആഖ്യാനമായിരിക്കുമെന്ന് ഉറപ്പാണ്. എന്നിട്ടും ചരിത്രത്തെ വളച്ചൊടിച്ചു,



Scanned by CamScanner



Scanned by CamScanner

**തീയേറ്ററിലെ ഇരുട്ടിലല്ല, നല്ല പകൽ വെളിച്ചത്തിലാണ് ഈ തെരുവുസിനിമ അരങ്ങേറിയത്. ആരും കാഴ്ചക്കാരായി മാറിനിന്നില്ല. കൂക്കിവിളിച്ചും ആർപ്പുവിളിച്ചും പുഷ്പവൃഷ്ടി നടത്തിയും എല്ലാവരും ഇതിലെ രംഗങ്ങൾക്ക് കൊഴുപ്പേകി. എല്ലാവരും നല്ല അഭിനയം കാഴ്ചവയ്ക്കുകയും ചെയ്തു.**

നമ്മുടെ കിടപ്പുമുറിയിൽപ്പോലും പ്രളയജലം ഉയരുന്നതുപോലെ ഉയർന്നു പൊങ്ങി വരികയായിരുന്നു. ഇപ്പോഴും ആ പ്രളയജലം താണിറങ്ങിയിട്ടില്ല.

തെരുവിൽ അവതരിപ്പിക്കുന്ന നാടകമാണ് തെരുവുനാടകം. തെരുവിൽ അവതരിപ്പിക്കുന്നു എന്നതുമാത്രമല്ല അതിന്റെ സവിശേഷത. രംഗത്ത് അവതരിപ്പിക്കപ്പെടുന്ന നാടകങ്ങളിലുള്ളതിനേക്കാൾ ജനപങ്കാളിത്തം ഇത്തരം നാടകങ്ങളിലുണ്ട്. അഭിനേതാക്കളും കാണികളും തമ്മിൽ ഇവിടെ അകൽച്ച കുറഞ്ഞു കുറഞ്ഞു വരുന്നു; വെറും കാഴ്ചക്കാരായി ആരും മാറിനിൽക്കുന്നില്ല. എല്ലാവരും ഇവിടെ അഭിനേതാക്കൾ തന്നെ. രാഷ്ട്രീയമായി വലിയ അർത്ഥസാധ്യതകളുണ്ട് ഇതിലെ നാടകക്രിയയ്ക്ക്. അതുകൊണ്ടാണ് രാഷ്ട്രീയ ആശയപ്രചരണത്തിന് ഇത്തരം നാടകങ്ങൾ നന്നായി ഉപയോഗിക്കപ്പെട്ടതും. തെരുവുനാടകത്തിന്റേതുപോലെ ഗൗരവസ്വഭാവമുള്ള സിനിമാപ്രവർത്തനം ഒരുകാലത്ത് കേരളത്തിലുണ്ടായിരുന്നു. അതിനെ ജനകീയസിനിമ എന്നാണ് സാധാരണ വിളിച്ചുപോരാറുള്ളത്. ജോൺ എബ്രാഹാമൊക്കെ മലയാളത്തിൽ പരീക്ഷിച്ചുനോക്കിയ അത്തരം സിനിമാപ്രവർത്തനങ്ങളെ തെരുവുസിനിമയെന്നു വിളിക്കാതിരുന്നത് എന്തായാലും നന്നായി. ആ പദത്തെ പുതിയൊരു അർത്ഥത്തിൽ ഇവിടെ പ്രയോഗിച്ചുനോക്കുകയാണ്. സിനിമയും മറ്റു മാധ്യമങ്ങളും ചേർന്നൊരുക്കുന്ന ഒരു ജീർണ്ണിച്ച കാഴ്ചസംസ്ക്കാരത്തെ സൂചിപ്പിക്കാൻ തെരുവുസിനിമ എന്ന സംജ്ഞ എന്തുകൊണ്ടും അനുയോജ്യമായിരിക്കും. പത്രമാധ്യമങ്ങളും ദൃശ്യമാധ്യമങ്ങളും സമൂഹമാധ്യമങ്ങളും ഒന്നായിചേർന്ന് ഉൽപ്പാദിപ്പിക്കുന്ന ഒരു പ്രതീതി യാഥാർത്ഥ്യത്തിന്റെ തലത്തിലാണ് ഈ തെരുവു സിനിമ മൂർത്തമാകുന്നത്.

അടുത്തകാലത്തു മാത്രമാണ് തെരുവുസിനിമയുടെ ഈ പുതിയ സാംസ്കാരിക സാഹചര്യം ഇവിടെ ഉടലെടുക്കുന്നത്. മഞ്ചേശ്വരം മുതൽ പാറശ്ശാല വരെ നീളുന്ന ഒരു സാംസ്കാരികത്തെരുവായി കേരളം ഇന്നു മാറിക്കഴിഞ്ഞിട്ടുണ്ടല്ലോ. എല്ലാ രാഷ്ട്രീയ- അധികാരമോഹികളും ജനരക്ഷായാത്രകൾ സംഘടിപ്പിക്കുന്നത് ഈ തെരുവിലൂടെയാണ്. തെരുവ് പ്രത്യേകിച്ച് ആരുടേതുമല്ല; എന്നാൽ എല്ലാവരുടേയുമാണ്. ബഹുസ്വരതയാണ് അതിന്റെ സ്വഭാവം. ഒരു പുതിയ സിനിമാസംസ്കാരവും ഒരു തെരുവുസിനിമ തന്നെയും ഉൽപ്പാദിപ്പിച്ചെടുക്കാൻ ഈ കേരളത്തെരുവിനു ഇന്നിപ്പോൾ സമർത്ഥമായി കഴിഞ്ഞിരിക്കുന്നു.

ആരും കാഴ്ചക്കാരായി മാറിനിൽക്കാതെ, ഒരു വലിയ സിനിമയിൽ എന്നപോലെ, ഈ തെരുവു സിനിമയിൽ നാമെല്ലാം അഭിനയിക്കുന്നുണ്ട്. ഇതിലുള്ള നമ്മുടെ അഭിനയം ബോധപൂർവ്വമാണോ അല്ലയോ എന്നതു മാത്രമാണ് നിശ്ചയമില്ലാത്തത്. നാമെല്ലാം അഭിനയിക്കുന്നുവെന്നു മാത്രമേ നമുക്ക് അറിയാൻ കഴിയുന്നുള്ളൂ.

85 ദിവസത്തെ ജയിൽവാസത്തിനുശേഷം നായകനടൻ ജാമ്യം കിട്ടി പുറത്തിറങ്ങിയപ്പോൾ അദ്ദേഹത്തിനു നല്കിയ ഉജ്ജ്വലവരവേൽപ്പ് ഈ സിനിമയിലെ ഒരു ഉശിരൻ രംഗം മാത്രമായിരുന്നു. പുഷ്പവൃഷ്ടിയോടെ ആരാധകവൃന്ദം 'ജനപ്രിയ' നായകനെ പുറത്തേക്ക് ആനയിക്കുന്നു. തന്നെക്കാത്ത് തളർന്നു നിന്നിരുന്ന ആരാധകവൃന്ദത്തിനു നേരെ ചുംബനങ്ങൾ പറത്തിവിട്ട് അവരെ മുഴുവൻ നായകൻ ആവേശഭരിതരാക്കുന്നു. സായൂജ്യമടഞ്ഞ ആരാധകവൃന്ദം മകരവിളക്കുകണ്ട ഭക്തലക്ഷങ്ങളുടെ മനസ്സോടെ പിരിഞ്ഞുപോകാതെ നിലയുറപ്പിച്ചു. പോലീസ് ലാത്തിവീശി, ഉന്തുംതള്ളുമായി. 85 ദിവസംമുമ്പ് ഇതേ നായകനെയാണല്ലോ ആലുവ സബ്ജയിലിലേക്ക് കൂക്കിവിളിച്ച് കയറ്റിവിട്ടതെന്നൊന്നും നാം ഓർത്തതേയില്ല. 'ഉദയനാണ് താരം' എന്ന സിനിമയിലെ ഡയലോഗ് ഓർത്തുപോകുന്നു: 'ആരാധകർ വെട്ടുകിളി പോലെയാണ്. അവരുടെ വരവും പോക്കുമൊന്നും ആർക്കും പ്രവചിക്കാൻ സാധ്യമല്ല.' കൂക്കിവിളിച്ച് ജയിലിലേക്കുവിട്ടതും തെളിവെടുപ്പുസമയങ്ങളിൽ ചീത്തവിളിച്ചതും ഫെയ്സ്ബുക്കിൽ പൊങ്കാലയിട്ടതും നായകന്റെ വ്യാപാരസ്ഥാപനങ്ങൾ അടിച്ചുതകർത്തതുമെല്ലാം ഇതേ വെട്ടുകിളികളായിരുന്നു.

എം. മുകുന്ദന്റെ ദൽഹി 1981 എന്ന പ്രശസ്തമായ ചെറുകഥയെയാണ് ഈ രംഗങ്ങളെല്ലാം നമ്മെ ഓർമ്മിപ്പിക്കുന്നത്. ദൽഹിയിലെ ഒരു മൈതാനത്ത് ഒരു പെൺകുട്ടി കൂട്ടബലാൽസംഗത്തിന് ഇരയാകുന്നതും തൊട്ടടുത്തുള്ള ഒരു ഫ്ളാറ്റിലിരുന്ന് ഈ രംഗങ്ങളെല്ലാം ഒരു സിനിമ സ്ക്രീനിലെന്നവണ്ണം കണ്ടാസ്വദിക്കുകയും ചർച്ച ചെയ്തു രസിക്കുകയുമാണ് രണ്ടു യുവാക്കൾ. ബലാൽസംഗത്തിനിരയായ പെൺകുട്ടിപോലും അവർക്ക് കൺകുളിർപ്പിക്കുന്ന സുന്ദരൻകാഴ്ചയാണ്. വലിയ വ്യത്യാസമൊന്നുമില്ലാതെ ആ കഥ ഇവിടെ കേരളത്തിൽ പുനഃരാവിഷ്ക്കരിക്കപ്പെടുകയാണ്. ഗാലറികളിലിരുന്ന് കളി



Scanned by CamScanner

# പച്ചക്കുതിര

ഡി സി ബുക്സ് പ്രസിദ്ധീകരിക്കുന്ന മാസിക

2018, ഫെബ്രുവരി







**38** എ.കെ.ജിയുടെ കത്തുകൾ
എ.കെ.ജി /
പി.വി. ഉണ്ണികൃഷ്ണൻ നമ്പൂതിരി

**04** തെയ്യേറ്ററനുഭവം
ഇ.പി. രാജഗോപാലൻ

**09** സംഭവങ്ങളും കല്പിതങ്ങളും
ജോസഫ് കെ. ജോബ്

**42** ലൈസൻസുള്ള കൊലപാതകങ്ങൾ
അഹ്മദ് ശരീഫ് പി.



കേരളത്തിന് പുറത്ത് ഒട്ടുമിക്ക വൻകിട സ്വകാര്യ ആശുപത്രികളിലും ശമ്പളം കൊടുത്ത് പോറ്റിവളർത്തുന്ന ഗുണ്ടാ സംഘങ്ങളുണ്ട്. ഇപ്പോൾ കേരളത്തിലെ പല പ്രമുഖ ആതുരാലയങ്ങളിലും ഈ സമ്പ്രദായം സജീവമായിരിക്കുന്നു.

**14** കാല്പനികതയിലെ സ്ത്രീജീവിതം
ജയശ്രീ കുനിയത്ത്

**56** അയിഷുവും മെഹറും ദിയയും
നജീബ് മൂടാടി

**25** ഞങ്ങൾക്കെതിരെയുള്ള കുറ്റപത്രം എവിടെ?
രാഹുൽ പശുപാലൻ, രശ്മി ആർ. നായർ /
ഡോ. ശ്രീകല മുല്ലശ്ശേരി



ഞങ്ങളുടെ കേസിൽ പോലീസിന് ഭയങ്കരമായ താത്പര്യം ഉണ്ടായിരുന്നു എന്ന് വ്യക്തം. അബ്ദുൾ ഖാദറിന്റെ ഫോണിൽ ഞങ്ങളുടെ നമ്പർ കാണുന്നു. അങ്ങനെ ഞങ്ങളെക്കൂടി ആ സംഭവത്തിലേക്ക് പ്ലെയ്സ് ചെയ്തതാണ്. പെട്ടന്നുണ്ടായ ഐഡിയയിൽ നിന്നാണ് ഞങ്ങൾ പ്രതികളാക്കപ്പെടുന്നത്. കിസ് ഓഫ് ലവിന് നേതൃത്വം നൽകിയവർ കേസ്സിൽ ഉൾപ്പെട്ടാൽ സെൻസേഷനൽ കേസ്സായി മാറുമെന്ന് പോലീസ് കരുതിക്കാണും. പോരാത്തതിന് സ്ത്രീകൾ ഉൾപ്പെടുന്ന ഏത് കേസ്സും സെൻസേഷനാക്കുക എന്നതാണ് പോലീസിന്റെ താത്പര്യം.

**50** ജനകീയ ബാങ്കിംഗ് അവസാനിക്കുകയാണോ?
കെ.ജി.സുധാകരൻ


THE TIMES OF INDIA

TOP BANKS ARE NATIONALI

nance follows unanimous net decision

Kamaraj, Chavan happy

'Syndica disarra Morarji

A vital step.

ഏറ്റവും കൂടുതൽ ദരിദ്രർ പാർക്കുന്ന ഒരു രാജ്യത്തെ ബാങ്കിങ് സംവിധാനം ജനങ്ങളുടെ നിത്യജീവിതം അല്പമെങ്കിലും മെച്ചപ്പെടുത്താനാണ് ഉപയോഗിക്കേണ്ടത്.

**20** ഒറ്റ ശ്വാസത്തിൽ ഒരു സിനിമ
പി.കെ. സുരേന്ദ്രൻ

കവിത/ ആർ. സംഗീത ........ 54
കവിത/ മാധവൻ പുറച്ചേരി ........ 55
മറുപടി ........ 60
മാഗസിൻ ഗാലറി/ ഒ. അജിത്കുമാർ ........ 66

168

മാനേജിങ് എഡിറ്റർ
രവി ഡി സി

2018 ഫെബ്രുവരി
പുസ്തകം 15
ലക്കം 7
issn 0972-5679

എഡിറ്റർ
ജയ്ദേവ് കെ.വി.

എഡിറ്റോറിയൽ കോ ഓഡിനേഷൻ
എ.വി.ശ്രീകുമാർ

അഡ്വടൈസ്മെന്റ് മാനേജർ
ജി.വേണുഗോപാൽ

സർക്കുലേഷൻ വിഭാഗം
അരവിന്ദ് പി.ആർ.
അതുൽ സി. പ്രസന്നൻ

ഓഫീസ് അസിസ്റ്റന്റ്
രശ്മി ഷാജി

പേജ് ലേഔട്ട്
വിശാഖ്‌രാജ് ടി.ആർ

കവർ ഡിസൈൻ
ബ്ലാക്ക്‌കോഫി

മുഖചിത്രത്തിൽ രാഹുൽ പശുപാലനും രശ്മി ആർ. നായരും

എഡിറ്റോറിയൽ ഓഫീസ്: ഡി സി കിഴക്കെമുറി ഇടം, ഗുഡ് ഷെപ്പേഡ് സ്ട്രീറ്റ്, കോട്ടയം 686 001
ഫോൺ: 0481-2301614, 9846133335 pachakuthira@dcbooks.com, Pachakuthira Digital Copies : digitalmagazines.dcbooks.com/Pachakuthira

Scanned by CamScanner

ചരിത്രസിനിമ

ജോസഫ് കെ. ജോബ്



പത്മാവതിലെ ഒരു രംഗം

# സംഭവങ്ങളും കല്പിതങ്ങളും

**'ചരിത്ര'ത്തിലുണ്ടായ സംഭവങ്ങളുടെ ആപേക്ഷികമായ മാനം ആഖ്യാനങ്ങളിലാണ് തെളിഞ്ഞുവരിക. ചന്ദ്രശേഖർ ആസാദിന്റെയും ഭഗത്സിങ്ങിന്റെയുമൊക്കെ പോരാട്ടങ്ങളെ ഇന്ത്യൻ ദേശീയവാദി സ്വാതന്ത്ര്യസമരമായി കാണുമ്പോൾ ബ്രിട്ടീഷ് സാമ്രാജ്യത്വം അതിനെ ഭീകരാക്രമണമായി വിലയിരുത്തുന്നത് ആഖ്യാനസ്വഭാവത്തിലെ ആപേക്ഷികതകൊണ്ടാണല്ലോ. സംഭവങ്ങളുടെ വിജയമോ പരാജയമോ തീരുമാനിക്കുന്നത് അതിന്റെ ആഖ്യാനമോ വ്യാഖ്യാനമോ ആണെന്നർത്ഥം.**

## ബോളിവുഡിൽനിന്ന്

ഒരു ചരിത്രാവലംബിത സിനിമകൂടി പിറന്നു–പത്മാവത്. ഏതൊരു ചരിത്രാവലംബിത സിനിമയെയും പോലെ വിവാദങ്ങളുടെ അകമ്പടിയോടെതന്നെയാണ് ഈ സിനിമയും പുറത്തിറങ്ങിയത്. 'ചരിത്ര സിനിമ', 'ജീവചരിത്ര സിനിമ', 'അനുഭവകഥാസിനിമ' തുടങ്ങിയ ലേബലുകളോടെ പ്രേക്ഷകരിലേക്കെത്തുന്ന ഏറ്റവും ഒടുവിലത്തെ ചിത്രമാണത്. ചിത്രമിറങ്ങുന്ന ദിവസം ജനുവരി 25ന് ഭാരത്ബന്ദ് ആചരിക്കാൻ രജ്പുത് കർണിസേന ആഹ്വാനം ചെയ്യുകയും അന്നേദിവസം രജപുത്രസ്ത്രീകൾ ജൗഹർ അനുഷ്ഠിച്ച് ദേഹത്യാഗം ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയും

Scanned by CamScanner

കൈരളി ബുക്സ് പ്രസിദ്ധീകരണം

ISSN 2456–2017

# അകം

2017 നവംബർ
വില : 15രൂപ



9 772456 201003

Scanned by CamScanner

പത്രമാധ്യമങ്ങളും ദൃശ്യമാധ്യമങ്ങളും ഇക്കാര്യങ്ങളെല്ലാം അപ്പപ്പോൾ ആഘോഷമാക്കിക്കൊണ്ടിരുന്നു. എന്നും ചാനൽ ചർച്ചകൾക്കുള്ള വിഭവം തയ്യാർ. ജാമ്യം കിട്ടുമോ കിട്ടാതിരിക്കുമോ, നായകൻ കുറ്റം ചെയ്തോ ചെയ്തില്ലയോ, കുറ്റവിമുക്തനാകുമോ ഇല്ലയോ ചർച്ചകൾ പൊടിപൊടിച്ചു. നായകന്റെ പഴയകാല സിനിമകളൊക്കെ തപ്പിപ്പിടിച്ച് പുനസംപ്രേഷണം ചെയ്ത് ചാനലുകൾ നല്ല മത്സരം കാഴ്ചവച്ചു. നായകന്റെ ജനപ്രീതി തിരിച്ചുപിടിക്കാൻ എങ്ങനെയൊക്കെ ഇടപെണമെന്ന് ഇവന്റ് മാനേജ്മെന്റുകാരും ഗവേഷണം ചെയ്തു.

'ജനപ്രിയ' നായകന്റെ തിരിച്ചുവരവ് വലിയ ആഘോഷമാക്കാൻ ആരാധകർ അണിനിരന്നു. ആർപ്പുവിളികളും പടക്കം പൊട്ടിക്കലും പാലഭിഷേകവും പുഷ്പവൃഷ്ടിയുമൊക്കെയായി രംഗം കൊഴുത്തു, ഉന്തും തള്ളും ലാത്തിയടിയുമൊക്കെയായി. നേരിട്ടുവന്ന് സ്വീകരണത്തിൽ പങ്കെടുക്കുവാൻ കഴിയാത്തവർക്കുവേണ്ടി ആഘോഷകമ്മിറ്റി വാട്സപ്പിലും ഫെയ്സ്ബുക്കിലും അതിനുള്ള അവസരമൊരുക്കിയിരുന്നു. കമന്റുകളും അതിന്റെ റിപ്ലേകളും ലൈക്കുകളും പൊക്കിവച്ച തള്ളവിരലും ആഹ്ലാദത്തിന്റെ വിവിധതരം സ്മൈലികളുമായി സോഷ്യൽ മീഡിയ നിറഞ്ഞുകവിഞ്ഞു. വീരോചിതമെന്ന രീതിയിലാണ് ഇവിടെ ആരാധകരുടെ ആഹ്ലാദപ്രകടനമുണ്ടായത്. അതിനിടയിൽ, സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തല്ല നായകൻ ജയിലിലായതെന്ന് ചിലർ ഓർമ്മപ്പെടുത്തി.

നായകന് ജാമ്യം നൽകേണ്ടായിരുന്നെന്നോ സ്വീകരണം ഏർപ്പെടുത്തരുതായിരുന്നെന്നോ ഒന്നും ഇവിടെ അഭിപ്രായപ്പെടുന്നില്ല. ജനാധിപത്യവ്യവസ്ഥയുള്ള ഒരു രാജ്യത്ത് ഇതൊക്കെയുമാവാം. ആരെവേണമെങ്കിലും വിമർശിക്കുകയും അനുകൂലിക്കുകയും ചെയ്യാം. അത്തരം അവകാശങ്ങൾ സംരക്ഷിക്കപ്പെടുക തന്നെ വേണം. എന്നാൽ അന്ധത ബാധിച്ച ആരാധകവൃന്ദം എന്നത് ഒരു സമൂഹത്തിന് ബാധ്യതയാകും. സണ്ണി ലിയോൺ കൊച്ചിയിൽ വന്നപ്പോൾ കണ്ടതും ഇതുപോലൊരു ആരാധകവൃന്ദമായിരുന്നു. വാർത്തയും വിനോദവും തമ്മിലുള്ള അതിർവരമ്പുകൾ ഇല്ലാതാക്കിക്കളയുന്ന പുതിയ കാഴ്ചസംസ്കാരത്തിന്റെ പിടിയിലേക്ക് ഒരു സമൂഹം സ്വഭാവികമായി കടന്നുപോകുന്നതിന്റെ സൂചനകളാണ് ഇതൊക്കെ. എല്ലാ യുക്തിബോധവും നശിച്ച് വികാരമൂർച്ഛ മാത്രമുള്ള ഒരു ആൾക്കൂട്ടമായി ഒരു സമൂഹം ഇവിടെ രൂപാന്തരം പ്രാപിക്കുന്നു. വിവിധതരം ശബ്ദങ്ങൾ കൂടിച്ചേരുന്നതുകൊണ്ട് ഒന്നും പ്രത്യേകമായി കേൾക്കുന്നില്ല. ശബ്ദങ്ങളുടെ തെരുവുസ്വഭാവമാണ് ഇവിടെ പ്രത്യക്ഷപ്പെടുന്നത്.

തെരുവുസിനിമയെ യാഥാർത്ഥ്യമാക്കി മാറ്റുന്ന പ്രധാന ഘടകം സോഷ്യൽ മീഡിയയാണ്. ഭിന്നാഭിപ്രായക്കാരുടെ ഒരു ബഹുസ്വരകേന്ദ്രമാണ് ഇന്നു സോഷ്യൽ മീഡിയ. സമൂഹത്തിന്റെ പൊതുബോധത്തെ നിർണ്ണയിക്കുന്നു എന്നുപോലും പറയാനാകാത്തത്ര അഭിപ്രായഭേദങ്ങളാണ് ഇവിടെ വന്നുനിറയുന്നത്. എന്നിരുന്നാലും കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന തെരുവുയുക്തി ഇവിടെയും മേൽക്കൈ നേടുന്നുണ്ട്. പൊതുസമൂഹത്തിന്റെ പരിഷ്കൃത ഇടങ്ങൾ ലിംഗനീതിയെക്കുറിച്ച് ബോധമുള്ള ഇടങ്ങളായി മാറിവരുന്നുണ്ട്. പക്ഷേ തെരുവ് എന്ന പൊതുഇടത്തിന് ലിംഗനീതിയുടെ നിയമങ്ങൾ ഇപ്പോഴും ബാധകമായിട്ടില്ല. പുരുഷമേധാവിത്തപരമാണ് ഈ മേഖലയിലെ ഏർപ്പാടുകൾ ഇപ്പോഴും. സ്ത്രീകളെല്ലാം പീഡിപ്പിക്കപ്പെട്ട നടിയോടൊപ്പമായിരുന്നുവെന്നോ പുരുഷന്മാരെല്ലാം നായകനടനോടൊപ്പമായിരുന്നുവെന്നോ പറയാനാകില്ല. ചില ഫെയ്സ്ബുക്ക് പേജുകൾ വായിച്ചാൽ അങ്ങനെയാണ് തോന്നിപ്പോവുക. സ്ത്രീകളുടെ ഇടയിലും പുരുഷന്മാരുടെയിടയിലും രണ്ടുപക്ഷത്തുമുള്ള ആൾക്കാരുണ്ടായിരുന്നു. പക്ഷേ നായകനടന്റെ പക്ഷം ചേർന്ന് നടി ആക്രമിക്കപ്പെട്ട സംഭവത്തെ പുരുഷന്മാരെല്ലാം ചേർന്ന് എതിർക്കുന്നു എന്നു വരുത്തിയെടുക്കാൻ ചില ശ്രമങ്ങളുണ്ടാകുന്നുണ്ട്. അത് ശരിയല്ല എന്ന് ഉറപ്പിച്ചുപറയേണ്ടതുണ്ട്. പുരുഷന്മാരിൽ തന്നെ ഒരു വലിയ വിഭാഗം പീഡിപ്പിക്കപ്പെട്ട നടിയൊടൊപ്പമുണ്ട്.

നായകന് ജയിലിനു പുറത്ത് വരവേൽപ്പു സംഘടിപ്പിച്ച പുരുഷ ആരാധകർ ഒരു കാര്യത്തിൽ ഏകാഭിപ്രായക്കാരാണ്- അവരുടെ സ്ത്രീവിരുദ്ധതയുടെ കാര്യത്തിൽ. ചട്ടമ്പിത്തരമെന്നോ മാടമ്പിത്തരമെന്നോ പേരിട്ടുവിളിക്കാവുന്ന പുരുഷാധിപത്യസ്വഭാവത്തോടെ സോഷ്യൽമീഡിയയിലും ഇക്കൂട്ടരുണ്ട്. അധിക്ഷേപത്തിന്റെയും അസഭ്യവർഷത്തിന്റെയും വില കുറഞ്ഞ അഭിപ്രായങ്ങളുടേയും കാര്യത്തിൽ ഈ ചട്ടമ്പിപ്പുരുഷനുണ്ട് എവിടെയും മുന്നിൽ. ഒരുഘട്ടം കൂടി കടന്ന് അദ്ദേഹം സ്ത്രീവിരുദ്ധമായ ചില ഭീഷണികൾ മുഴക്കും. സ്ത്രീകൾ എന്തെങ്കിലും എതിർശബ്ദങ്ങൾ പറഞ്ഞാൽ അവരെ ആക്രമിച്ചു കൊല്ലും, തുണ്ടുപടങ്ങളാക്കിക്കളയുമെന്നുവരെ ഭീഷണിമുഴക്കും.

സ്ത്രീയുടെ ശബ്ദങ്ങളെല്ലാം നിശബ്ദമാക്കിക്കൊണ്ട് ഈ തെരുവിൽ മുഴങ്ങിക്കേൾക്കുന്നത് പുരുഷന്റെയും ആരാധകവൃന്ദത്തിന്റെയും ആർപ്പുവിളികളും ഗ്വാ ഗ്വാ വിളികളുമാണ്. അതുതന്നെയാണ് തെരുവുസിനിമയുടെ പശ്ചാത്തലസംഗീതവും. ഭ്രാന്തമായ അഭിനിവേശങ്ങളുടെ തെരുവുസിനിമകൾ ഇനിയും ഇവിടെ അരങ്ങേറുമായിരിക്കും. സാഹചര്യങ്ങളെല്ലാം അതിന് അനുകൂലമാണ്. ജനക്കൂട്ടമാണ് അവിടുത്തെ നിയമങ്ങളും/നിയമരാഹിത്യങ്ങളും തീരുമാനിക്കുന്നത്. ആശയങ്ങൾക്കോ ആദർശങ്ങൾക്കോ അല്ല, അതിവൈകാരിക പ്രകടനങ്ങൾക്കും വികാരവിക്ഷോഭങ്ങൾക്കുമാണ് ഇവിടെ കൂടുതൽ സ്വീകാര്യത ലഭിക്കുക. ഇനിയും എന്തെന്തു വേഷങ്ങൾ നമുക്കിങ്ങനെ അഭിനയിക്കേണ്ടിവരും?

Scanned by CamScanner

ജോസഫ്.കെ. ജോബ്

# ദിലീപ്: ഒരു തെരുവുസിനിമയുടെ ഇന്റർവെല്ലിലാണ് നാം!

കഴിഞ്ഞ മൂന്നുനാലുമാസമായി കേരളമെന്ന വലിയ തീയേറ്ററിൽ അരങ്ങുതകർത്ത് ഓടുന്നത് ഒരു സൂപ്പർഹിറ്റ് തെരുവുസിനിമയാണ്. മലയാളസിനിമയിലെ ഒരു നായകനടി തെരുവിൽ ആക്രമക്കപ്പെട്ട സംഭവവും ഒരു നായകൻ അതിൽ പ്രതിയാക്കപ്പെടുന്നതുമാണ് ആ തെരുവുസിനിമയിലെ പ്രമേയം. കഥകളും ഉപകഥകളും സംഭവപരമ്പരകളുമായി ആ സിനിമ കേരളത്തെരുവിൽ മുഴുവൻ ആഘോഷിച്ചുകൊണ്ടിരിക്കുന്നു. തീയേറ്ററിലെ ഇരുട്ടിലല്ല, നല്ല പകൽ വെളിച്ചത്തിലാണ് ഈ തെരുവുസിനിമ അരങ്ങേറിയത്. ആരും കാഴ്ചക്കാരായി മാറിനിന്നില്ല. കൂക്കിവിളിച്ചും ആർപ്പുവിളിച്ചും പുഷ്പവൃഷ്ടി നടത്തിയും എല്ലാവരും ഇതി[...] രംഗങ്ങൾക്ക് കൊഴുപ്പേകി. എ[...]വരും നല്ല അഭിനയം കാഴ്ചവ[...]ക്കുകയും ചെയ്തു. നായകന[...] ജാമ്യം ലഭിച്ച് അടുത്തയിടെ ജയിലിൽ നിന്നു പുറത്തുവന്നപ്പോൾ അദ്ദേഹത്തിന്റെ ഫെയ്[...]ബുക്ക് പേജിൽ തെളിഞ്ഞുവ[...] വാക്കുകൾ ഇതാണ്: 'ഇന്റർവെൽ ആണിത്......കഥ തുടരും.' കണ്ടുകൊണ്ടിരിക്കുന്നത് ഒരു തെരുവുസിനിമയാണെന്ന് അതിന്റെ അണിയറ പ്രവർത്തകർതന്നെ സാക്ഷ്യപ്പെടുത്തു[...] എന്നാണത് തെളിയിക്കുന്നത്. ഇതുവരെ പേരിട്ടിട്ടില്ലാത്ത ആ തെരുവുസിനിമ അതിരുകളെല്ലാം ഭേദിച്ച് നമ്മുടെ ജീവിതത്തിന്റെ സ്വീകരണമുറിയിലും തീൻമുറിയിലും, എന്തിനധികം



Scanned by CamScanner

ജോസഫ് കെ. ജോബ്



കെ. പാനൂർ / ഫോട്ടോ: ബി. അജിത്കുമാർ

# സൈബർകാലത്തെ കെ. പാനൂരും മധുവും

**ആരായിരുന്നു കെ. പാനൂർ? കേരളത്തിന്റെ രാഷ്ട്രീയ കുരുതിക്കളങ്ങളിലൊന്നാണ് കണ്ണൂർ ജില്ലയിലെ പാനൂർ. ആ സ്ഥലത്തിന് മനുഷ്യസ്നേഹത്തിന്റെ മറ്റൊരു മേൽവിലാസമുണ്ടാക്കിക്കൊടുത്തത് കെ. പാനൂരാണ്. ആദിവാസി പ്രശ്നങ്ങളെന്നാൽ കെ. പാനൂർ എന്നു കരുതപ്പെട്ട ഒരു കാലമുണ്ടായിരുന്നു. തൊണ്ണൂറുകൾക്കുശേഷമാണ് ദലിത് ചിന്തകളും ദലിത് എഴുത്തുകളും ദലിത് ആക്റ്റിവിസവുമൊക്കെ കേരളത്തിൽ രൂപംകൊള്ളുന്നത്. ആദിവാസികൾക്കുവേണ്ടിയുള്ള ശക്തമായ സമരങ്ങൾ രണ്ടായിരമായപ്പോഴാണ് സംഭവിക്കുന്നത്. 58 വർഷങ്ങൾക്കുമുമ്പ് പാനൂർ ആദിവാസികൾക്കുവേണ്ടി എഴുതി. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പ്രവർത്തിച്ചു.**

Scanned by CamScanner

**കേരളം** എന്ന മെട്രോനഗരത്തിന്റെ ഓരങ്ങളിലും പിന്നാമ്പുറങ്ങളിലും ആദിവാസി ഊരുകളുണ്ടെന്നും അവിടെ പട്ടിണി കിടന്നു മരിക്കുന്ന മനുഷ്യരുണ്ടെന്നും കേരളജനത വീണ്ടും ഓർമ്മിക്കാനിടയായത് ഈ അടുത്തകാലത്തെ ഒരു സംഭവത്തോടെയാണ്. ഒരു ആദിവാസിയുവാവിന്റെ ദാരുണമായ കൊലപാതകംതന്നെ വേണ്ടിവന്നു ഇത്തരമൊരു ബോധം ജനിപ്പിക്കാനെന്നതാണ് വേദനാകരമായത്. അട്ടപ്പാടി കടുകമണ്ണ കോളനിയിലെ മധു എന്ന യുവാവ് ആദിവാസി ജനതയുടെ മരണരോദനമാണ് പൊതുസമൂഹത്തെ കേൾപ്പിച്ചത്. തുടക്കത്തിൽ സമൂഹ മാധ്യമങ്ങൾ വഴി അക്ഷരാർത്ഥത്തിൽ കേരളജനതയെ ഞെട്ടിച്ച സംഭവമായി അത്. ആദിവാസികളടക്കമുള്ള അധഃസ്ഥിത ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ പലതും അവഗണിക്കുകയോ തമസ്കരിക്കുകയോ ചെയ്യാറുള്ള നമ്മുടെ മുഖ്യധാരാ മാധ്യമങ്ങൾ ഈ സംഭവത്തെ അതർഹിക്കുന്ന പ്രാധാന്യത്തോടെ രണ്ടു ദിവസം വൈകിയാണെങ്കിലും അവതരിപ്പിക്കുകയും ജനമധ്യത്തിൽ ചർച്ചകൾക്ക് വിധേയമാക്കുകയും ചെയ്തു. സംവാദങ്ങളും ചർച്ചകളും കെങ്കേമമായി നടന്നു.

ഈ സംഭവത്തിൽ ഏതെങ്കിലും പ്രത്യേക വിഭാഗത്തെയോ വ്യക്തികളെയോ പ്രതിസ്ഥാനത്തു നിർത്താനാകില്ല. നമ്മളെല്ലാം ഉൾപ്പെട്ട പൊതുസമൂഹം ഈ വിഷയത്തിൽ കുറ്റവാളികളാണ്. 'ആ മനുഷ്യൻ നീതന്നെ' എന്ന് ഒരു വിരൽ നമുക്കു നേരെയും വരുന്നു. കേരളസമൂഹം ഒന്നടങ്കം പശ്ചാത്താപവിവശരായതുപോലെ 'മധു മാപ്പ്' എന്ന് പത്രങ്ങൾക്കെഴുതേണ്ടിവന്നു. താമസിയാതെ എല്ലാ നീർക്കുമിളകളും പൊട്ടി എല്ലാവരും അവരവരുടെ ലാവണങ്ങളിലേക്ക് തിരികെപ്പോയി. മാധ്യമങ്ങൾ മറ്റു കൗതുകവാർത്തകൾ തേടിയിറങ്ങി. രോഷപ്രകടനങ്ങളെല്ലാം അസ്തമിച്ചു.

എന്തുതന്നെയാണെങ്കിലും ആദിവാസിപ്രശ്നങ്ങൾ സമൂഹം ചർച്ചയ്ക്കെടുത്തു. ഇത്തരത്തിൽ ചർച്ചകളും സംവാദങ്ങളുമാക്കി ഒരു ജീവൽപ്രശ്നത്തെ അവതരിപ്പിച്ചതിൽ സമൂഹമാധ്യമങ്ങളുടെ പ്രാധാന്യം ശക്തമായിരുന്നു. വിവരങ്ങൾ വീട്ടിലെത്തിച്ചുകൊടുക്കാനും വീട്ടിൽത്തന്നെയിരുന്ന് അഭിപ്രായങ്ങൾ പങ്കുവയ്ക്കാനും ഈ പുതുമീഡിയ നൽകിയ അവസരങ്ങളാണ് സമൂഹം പ്രയോജനപ്പെടുത്തിയത്. പൊതുവേ ആദിവാസി വിരുദ്ധവും ദലിത് വിരുദ്ധവുമായി നിലനിൽക്കുന്ന മുഖ്യധാരാജനവിഭാഗങ്ങൾക്കിടയിൽ ആദിവാസി പ്രശ്നങ്ങളുടെ സങ്കീർണ്ണത ബോധ്യപ്പെടുത്തിക്കൊടുക്കാനെങ്കിലും സമൂഹമാധ്യമങ്ങളിലെ ചർച്ചകൾക്ക് കഴിഞ്ഞു. കേരളത്തിന്റെ സമൂഹമനസ്സിനെ ചെറുതായൊന്ന് ഇളക്കിയെടുക്കാനും അതിനു കഴിഞ്ഞിട്ടുണ്ട് എന്നത് നിസ്തർക്കമാണ്. സമൂഹമാധ്യമങ്ങളിലൂടെയുള്ള ഇത്തരം ഇടപെടലുകളെ പരിഹസിക്കുകയും പുച്ഛിക്കുകയും ചെയ്യുന്ന ഒരു പൊതുപ്രവണതയും ദൃശ്യമാണ്.

സമൂഹമാധ്യമങ്ങളിൽ ഇടപെടുന്നവർ, പ്രത്യേകിച്ച് യുവാക്കൾ, സമയം ദുർവ്യയം ചെയ്യുകയാണെന്നോ ഗൗരവമുള്ള വിഷയങ്ങൾ അവരുടെ ആലോചനാപരിസരത്ത് ഇല്ലെന്നോ ധരിക്കാനാവില്ല. ലളിതവത്കരണവും ലഘൂകരണങ്ങളും ഉപരിപ്ലവതയുമൊക്കെ ധാരാളമുണ്ടെങ്കിലും സമൂഹമാധ്യമങ്ങൾക്ക് ഇതരമാധ്യമങ്ങളിലുള്ളതിനെക്കാൾ പതിന്മടങ്ങ് മെച്ചങ്ങളുമുണ്ട്. ജീവിതത്തിന്റെ വ്യത്യസ്ത തുറകളിലുള്ളവർ അവരുടെ പഠനത്തിന്റെയും ആലോചനകളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ പറയുന്ന കാര്യങ്ങളെ നിസ്സാരമായിട്ടെടുക്കാൻ കഴിയുകയില്ല. നിസ്സാരമെന്ന് ആദ്യനോട്ടത്തിൽ തോന്നാവുന്ന പല വിഷയങ്ങളെയും പ്രശ്നവത്കരിക്കാൻ സമൂഹമാധ്യമങ്ങളിൽ കഴിയുന്നുണ്ട്. ആരെങ്കിലും എന്തെങ്കിലും അഭിപ്രായം പറയുന്നതുകൊണ്ട് അതാണ് ആ വിഷയത്തിലെ അവസാനവാക്കെന്ന് ആരും കരുതുകയില്ല. പല വിഷയങ്ങളിലും തലനാരിഴകീറി പരിശോധിച്ച് അഭിപ്രായം നടത്തുന്ന നിരവധിപേർ ഫെയ്സ്ബുക്കിലും വാട്സാപ്പിലും ട്വിറ്ററിലുമുണ്ട്. വലിയവരെന്നോ, ചെറിയവരെന്നോ നോക്കാതെ ആർക്കും ആരെക്കുറിച്ചും അഭിപ്രായപ്രകടനം നടത്താമെന്നത് ജനാധിപത്യപരമാണെങ്കിലും ജനാധിപത്യത്തിന്റെ പരിധികൾ ലംഘിക്കപ്പെടുന്ന കാഴ്ചയും തെറിവിളികളും സൈബറിടത്തെ അരോചകമാക്കുകയും ചെയ്യുന്നുണ്ട്.

സൗകര്യങ്ങളും ഗുണങ്ങളും ഏറെ പറയാനുണ്ടെങ്കിലും ക്ഷണികതയാണ് സമൂഹമാധ്യമങ്ങളുടെ വലിയ പരിമിതി. ചർച്ച ചെയ്യപ്പെടുന്ന കാര്യങ്ങൾ ഹ്രസ്വകാലത്തേക്കു മാത്രമുള്ളതാണ്. കുറച്ചുകാലം മാത്രം വളരെ സജീവമായിരിക്കുകയും പെട്ടെന്നുതന്നെ പൊലിഞ്ഞുപോകുകയും ചെയ്യുന്ന അവസ്ഥയിൽ എന്തെങ്കിലും പുതിയ വിഷയങ്ങൾ വന്നാൽ പഴയവ വേഗം പുറന്തള്ളപ്പെട്ടു പോകുന്നു. 'മധുവിഷയ'ത്തിലും ഇതുതന്നെയാണ് സംഭവിച്ചത്. ആ മരണംപോലും ഏറെക്കാലത്തേക്ക് ഓർമ്മിക്കപ്പെടണമെന്നില്ല. വർഷാവർഷം ചരമവാർഷികം സംഘടിപ്പിക്കാൻ മധു ഒരു പാർട്ടിയുടെയും സംഘടനയുടെയും പ്രതിനിധിയുമല്ല. എന്നിരുന്നാലും ഉടുമുണ്ടിനാൽ കെട്ടിയിടപ്പെട്ട ഇരുപത്തിയഞ്ചു കിലോഗ്രാം മാത്രം ഭാരമുള്ള ആ ആദിവാസിയുവാവിന്റെ ചിത്രം കേരളത്തിന്റെ മനസ്സിലുണ്ടാകും. ഗുജറാത്ത് കലാപസമയത്ത് സ്വന്തം ജീവനുവേണ്ടി ലഹളക്കാരുടെ മുന്നിൽ കൈകൂപ്പി നിൽക്കുന്ന കുത്ബിന്റെ ചിത്രത്തെ ഓർമ്മിപ്പിക്കുന്ന ആ ചിത്രവും മധുവിനെ വിചാരണ ചെയ്യുന്ന വീഡിയോയും സമൂഹമാധ്യമങ്ങളിൽ നന്നായി വിനിമയം ചെയ്യപ്പെട്ടിട്ടുണ്ട്.

ആദിവാസി പ്രശ്നങ്ങളുടെ യാഥാർഥ്യങ്ങൾ ആദ്യമായി അറിയുന്നതുപോലെയാണ് സമൂഹമാധ്യമങ്ങളിൽ പലരും പ്രതികരിച്ചത്. കാലാകാലങ്ങളായി തുടർന്നുപോരുന്ന അഴിമതികളുടെയും അനീതികളുടെയും ആ ദിവസത്തെ ഇരമാത്രമായിരുന്നു മധുവെന്ന് തിരിച്ചറിയാത്തതായിപ്പോയി പലരുടെയും പ്രതികരണങ്ങൾ.

1963-ലാണ് 'കേരളത്തിലെ ആഫ്രിക്ക' എന്ന ഗ്രന്ഥം കേരളത്തിലെ ആദിവാസികളുടെ ദുരിതജീവിതം ജനസമക്ഷത്തേക്ക് കൊണ്ടുവരുന്നത്. കേരളത്തിന്റെ രാഷ്ട്രീയ സാമൂഹികരംഗങ്ങളിൽ വലിയ ഒച്ചപ്പാടും ചലനങ്ങളും സൃഷ്ടിച്ച പുസ്തകങ്ങളിലൊന്നാണ് 'കേരളത്തിലെ ആഫ്രിക്ക.' പലർക്കും ആ പുസ്തകം അസ്വസ്ഥത ജനിപ്പിച്ചിരുന്നു. ആദിവാസികളെ അടിമകളായി നിലനിർത്തിപ്പോന്ന ജന്മിവ്യവസ്ഥാസമ്പ്രദായത്തിന്റെ മുഴുവൻ വെറുപ്പും അതിന്റെ ഗ്രന്ഥകാരന് അന്ന് സഹിക്കേണ്ടി വന്നിരുന്നു. ഇന്നിപ്പോൾ സമൂഹമാധ്യമങ്ങളുടെ അറ്റത്തിരുന്ന് ആദിവാസി പ്രശ്നങ്ങളെ നിസ്സാരമായ മട്ടിൽ സമീപിക്കുന്ന പലർക്കും



Scanned by CamScanner

> ആദിവാസി അവസ്ഥകളുടെ വെറുമൊരു കാഴ്ചക്കാരനായി കെ. പാനൂർ ഒരിക്കലും നിന്നിട്ടില്ല. ആദിവാസികളെ ഉപയോഗിച്ച് പുസ്തക നിർമ്മിതി നടത്തുകയുമായിരുന്നില്ല അദ്ദേഹം. ആദിവാസികളെ പരിഷ്കൃത സമൂഹത്തിന്റെ മുന്നിൽ നിരത്തി നിർത്തുന്നതിനോട് അദ്ദേഹം എന്നും എതിരായിരുന്നു. വരുംതലമുറയെങ്കിലും ആദിവാസികളുടെയും ദലിതരുടെയും വിമോചനത്തിന്റെ മുൻനിരയിലുണ്ടാകണമെന്ന് അദ്ദേഹം അഭിലഷിച്ചു.

കെ. പാനൂരിനെയോ അദ്ദേഹത്തിന്റെ പുസ്തകങ്ങളെയോ കുറിച്ചറിയില്ല.

യാദൃച്ഛികമായി തോന്നാം—മധു എന്ന ആദിവാസി യുവാവ് പരിഷ്കൃത സമൂഹത്തിന്റെ ക്രൂരതയ്ക്കുവിധേയനായി മരിക്കുന്നതിന് രണ്ടുദിവസംമുമ്പ് കെ. പാനൂർ കാലയവനികയിൽ മറഞ്ഞു. ഫെബ്രുവരി ഇരുപതിനാണ് കെ. പാനൂർ മരിക്കുന്നത്. രണ്ടു ദിവസം കഴിഞ്ഞ് ഫെബ്രുവരി 22-ന് മോഷണക്കുറ്റം ചുമത്തി മധു പിടിക്കപ്പെടുകയും പിറ്റേന്ന് മരണപ്പെടുകയും ചെയ്യുന്നു. മധു 'പിടിക്കപ്പെട്ട' അന്നുതന്നെ സമൂഹമാധ്യമങ്ങളിൽ ആ വിവരം വന്നു. മരണത്തോടെ പലരുടെയും ധാർമ്മികരോഷം പലരീതികളിൽ അണപൊട്ടി. ആദിവാസിപ്രശ്നത്തെക്കുറിച്ച്, അധഃസ്ഥിതന്റെയും ദലിത്/ആദിവാസി ജനവിഭാഗങ്ങളുടെ മേൽ നടത്തുന്ന ശാരീരികവും മാനസികവുമായ കടന്നുകയറ്റങ്ങളെക്കുറിച്ച് എല്ലാം വിശദമായ എഴുത്തുകുത്തുകൾ സമൂഹമാധ്യമങ്ങളിൽ നിരന്നു. പത്രമാധ്യമങ്ങൾക്കും ദൃശ്യമാധ്യമങ്ങൾക്കും വാർത്ത വലിയ പ്രാധാന്യത്തോടെ കൊടുക്കേണ്ടിയും വന്നു.

ആദിവാസിസ്നേഹം പറയുന്ന സമൂഹമാധ്യമങ്ങളും പത്രമാധ്യമങ്ങളും ദൃശ്യമാധ്യമങ്ങളുമൊന്നും, അതിനിടയിൽ മരിച്ചുപോയ കെ. പാനൂരിനെ വേണ്ടവിധം ഓർത്തതേയില്ല.

കെ. പാനൂരിന്റെ ചരമവാർത്ത അദ്ദേഹം ജീവിച്ച ജില്ലയുടെ പത്ര എഡിഷനുകൾ മാറ്റിനിർത്തിയാൽ പൊതുവേ ഉൾപേജിൽ ഒതുങ്ങി. ആദിവാസിയെ ഹൃദയത്തിൽ സൂക്ഷിച്ച കെ. പാനൂരിനെ വേണ്ടവിധം അനുസ്മരിക്കുന്നതിനെക്കുറിച്ച് അറിവില്ലാതെപോയ മുഖ്യധാരാ വാർത്താമാധ്യമങ്ങളിൽ ജോലിചെയ്യുന്ന പുത്തൻതലമുറ മധുവിന്റെ പേരിൽ കടുത്ത ആദിവാസിപ്രേമികളായി. ആദിവാസിപ്രശ്നത്തെ ഗംഭീരവിഷയമാക്കി. അന്നുരാത്രിയിൽ ചർച്ച കൊഴുപ്പിച്ചു. തങ്ങളുണരുമ്പോഴാണ് സൂര്യോദയമുണ്ടാകുന്നതെന്നു കരുതുന്ന നിരവധിപ്പേരുണ്ട്—ആദിവാസി പ്രശ്നത്തിന്റെ ആദ്യത്തെ ഇരയാണ് മധുവെന്നു കരുതിയ നിരവധിപ്പേർ. നൂറ്റാണ്ടുകളായിത്തുടരുന്ന ആദിവാസി പീഡനങ്ങളും സാമൂഹികമായ വിവേചനവുമൊന്നും അവരിൽ ചിലർ അറിഞ്ഞിട്ടില്ല. എന്തിനധികം പറയുന്നു, 1962-ൽ കെ. പാനൂർ രചിച്ച 'കേരളത്തിലെ ആഫ്രിക്ക' പോലും ചിലർ കണ്ടിരിക്കാൻ ഇടയില്ലെന്ന് തോന്നിച്ചു—ചില ചർച്ചകൾ കണ്ടപ്പോൾ. സമൂഹമാധ്യമങ്ങളിലെ ചില കുറിപ്പുകൾ വായിച്ചപ്പോൾ വിഷയത്തിലുള്ള ജനങ്ങളുടെ അറിവില്ലായ്മ കൂടുതൽ ബോധ്യമായി. കെ. പാനൂർ എന്നൊരു മനുഷ്യൻ ജീവിച്ചിരുന്നതുപോലും ചിലർക്കറിയില്ല.

ആരായിരുന്നു കെ. പാനൂർ? കേരളത്തിന്റെ കക്ഷിരാഷ്ട്രീയ കുരുതിക്കളങ്ങളിലൊന്നാണ് കണ്ണൂർ ജില്ലയിലെ പാനൂർ. ആ സ്ഥലത്തിന് മനുഷ്യസ്നേഹത്തിന്റെ മറ്റൊരു മേൽവിലാസമുണ്ടാക്കിക്കൊടുത്തത് കെ. പാനൂരാണ്. ആദിവാസി പ്രശ്നങ്ങളെന്നാൽ കെ. പാനൂർ എന്നു കരുതപ്പെട്ട ഒരു കാലമുണ്ടായിരുന്നു. തൊണ്ണൂറുകൾക്കുശേഷമാണ് ദലിത് ചിന്തകളും ദലിത് എഴുത്തുകളും ദലിത് ആക്റ്റിവിസവുമൊക്കെ കേരളത്തിൽ രൂപംകൊള്ളുന്നത്. ആദിവാസികൾക്കുവേണ്ടിയുള്ള ശക്തമായ സമരങ്ങൾ രണ്ടായിരമായപ്പോഴാണ് സംഭവിക്കുന്നത്. 58 വർഷങ്ങൾക്കുമുമ്പ് പാനൂർ ആദിവാസികൾക്കുവേണ്ടി എഴുതി. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പ്രവർത്തിച്ചു.

കാഴ്ചകളാണ് വാക്കുകളെക്കാൾ ശക്തം. ആഫ്രിക്കൻ വനാന്തരങ്ങളിലെ നീഗ്രോ വംശജരെ ഓർമ്മപ്പെടുത്തുന്ന കേരളത്തിലെ ആദിവാസികളുടെ ചിത്രമാണ് കെ. പാനൂരിന്റെ കണ്ണുകളിൽ പതിഞ്ഞത്. ഒരു സർക്കാർ ജീവനക്കാരനായിട്ടും പതിതവർഗ്ഗത്തിന്റെ അത്തരമൊരു ചിത്രം പാനൂരിന്റെ ഉള്ളിലേക്കു കടന്നു. റവന്യൂവകുപ്പിൽ ജീവനക്കാരനായാണ് കെ. പാനൂർ ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത്. ആർക്കും താത്പര്യമില്ലാത്ത ആദിവാസിക്ഷേമവിഭാഗത്തിൽ സേവനം അനുഷ്ഠിക്കാൻ അദ്ദേഹം സ്വയം സന്നദ്ധനായെന്നും ആദിവാസിക്ഷേമപ്രവർത്തനത്തിൽ അഴിമതിമുക്തമായ ഭരണം നടത്തിയെന്നും വിക്കിപീഡിയയിൽ കുറിക്കപ്പെട്ടിരിക്കുന്നു.

ജനാധിപത്യവിശ്വാസത്തിന്റെയും സാമൂഹികനീതിയുടെയും തൊഴിലാളിവർഗ്ഗനിലപാടുകളുടെയും കാര്യത്തിൽ ഏറെ കൊട്ടിഘോഷിക്കപ്പെട്ട കേരളസംസ്ഥാനം ലോകത്തിനു കാണിച്ചുകൊടുത്ത കേരളവികസനമാതൃകയുടെ ചുവന്നപരവതാനിയുടെ മറുപുറക്കാഴ്ചയാണ് വയനാട്ടിലെ ആദിവാസിജനവിഭാഗത്തിന്റെ ദുരിതങ്ങളെല്ലാം. ഭൂമി, തൊഴിൽ, വിദ്യാഭ്യാസം, സാക്ഷരത, ആരോഗ്യം, കുടുംബക്ഷേമം, പാർപ്പിടം, മറ്റു ജീവിതസൗകര്യങ്ങൾ എന്നിവയിലെല്ലാം ഒരു ശരാശരി കേരളീയന്റെ അവസ്ഥയിൽനിന്ന് വല്ലാതെ താണുപോവുകയും ദുരിതജീവിതംകൊണ്ട് മനുഷ്യാസ്തിത്വംപോലും മറന്നുപോയ അവസ്ഥയിൽ ജീവിക്കേണ്ടിവരികയും ചെയ്യുന്ന ആദിവാസികളെക്കുറിച്ച് 1960-ൽ ലേഖകൻ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ലേഖനമെഴുതി.



Scanned by CamScanner

അത് പ്രസിദ്ധീകരിക്കപ്പെട്ട കാലത്തുതന്നെ കെ. പാനൂർ പലരുടെയും കണ്ണിലെ കരടായിത്തീർന്നു. 1962-ൽ പുസ്തകമാക്കുമ്പോൾ അതിന്റെ സമർപ്പണത്തിൽ കെ. പാനൂർ ഇങ്ങനെ കുറിച്ചു. "കണ്ണീരു കുടിച്ചും വേദനതിന്നും സമൃദ്ധിയുടെ നടുക്ക് പട്ടിണി കിടക്കുന്ന മണ്ണിന്റെ മക്കളുടെ കുടിലുകളിൽ, അറിയപ്പെടാത്ത മനുഷ്യരുടെ നാട്ടിൽ— കേരളത്തിലെ ആഫ്രിക്കയിൽ ഇറങ്ങി സഞ്ചരിക്കുകയായിരുന്നപ്പോൾ നെഞ്ചിനുള്ളിലെ കാമറയിൽ പതിഞ്ഞ കുറെ ചിത്രങ്ങൾ ഇതാ എന്റെ കൈയിൽ."

പാർശ്വവത്കരിക്കപ്പെട്ടവർ, അരികുവത്കരിക്കപ്പെട്ടവർ, ഒഴിച്ചുനിർത്തപ്പെട്ടവർ എന്നു തുടങ്ങി നിരവധി ലേബലുകൾ ആദിവാസികളെക്കുറിച്ച് പരിഷ്കൃതസമൂഹം ഉണ്ടാക്കിവച്ചിട്ടുണ്ട്. മുഖ്യധാരാ സമൂഹത്തിന്റെ ഒഴികഴിവുകളിൽനിന്നുണ്ടാകുന്നതാണ് അതൊക്കെ. ഒരു പൊതുസമൂഹം അതിന്റെതന്നെ ഭാഗമായ ആദിവാസി സമൂഹത്തോടു കാട്ടുന്ന വിവേചനങ്ങളും ക്രൂരതകളും കാലങ്ങൾക്കുമുമ്പേയുണ്ട്. 1960-കൾ വരെ വയനാട്ടിലെ ആദിവാസികളെ അടിമകളായി വിൽക്കുകയും വാങ്ങുകയും ചെയ്തിരുന്നതായി കെ. പാനൂർ 'കേരളത്തിലെ ആഫ്രിക്ക'യിൽ കുറിച്ചു. പ്രബുദ്ധകേരളത്തിലെ ഒരു രഹസ്യം അങ്ങനെ പുറത്തായി. അടിമത്തം ലോകവ്യാപകമായി നിരോധിച്ചിട്ട് നൂറ്റാണ്ടിലേറെ കഴിഞ്ഞിരുന്നു. എന്നിട്ടും കേരളമെന്ന പരിഷ്കൃതനാട്ടിൽ അടിമത്തമോ എന്ന് രാഷ്ട്രീയക്കാർക്ക് പലർക്കും അംഗീകരിക്കാനാകുമായിരുന്നില്ല.

മാനന്തവാടിക്കടുത്ത വള്ളിയൂർ കാവിൽ അടിമച്ചന്ത നടക്കുന്നുണ്ടെന്നും ആദിവാസി ജനതയെ വ്യക്തികളായോ കുടുംബങ്ങളായോ ഒരു വർഷത്തേക്ക് വല്ലിപ്പണിക്കുവേണ്ടി ലേലത്തിൽ വാങ്ങാറുണ്ടെന്നും മനസ്സിലാക്കിയാണ് അടിമക്കച്ചവടത്തെക്കുറിച്ച് അദ്ദേഹം എഴുതിയത്. പ്രമാണിമാരും ജന്മിമാരും അതിൽ അസംതൃപ്തരായി. പത്തോ ഇരുപതോ രൂപ അടിമപ്പണം വെച്ച് ഒരു വർഷക്കാലത്തേക്ക് ആദിവാസികളെ വിലയ്ക്കെടുക്കുന്ന ഈ സമ്പ്രദായം നിലവിലില്ലാത്തതാണെന്നും കെ. പാനൂർ അസത്യരചന നടത്തുകയാണെന്നും നിയമസഭയിൽ വാദിക്കപ്പെട്ടു. സർക്കാരിനെ



മധു

സേവിക്കേണ്ട ഒരു സർക്കാർജീവനക്കാരൻ സർക്കാരിനും സംസ്ഥാനത്തിനും അപമാനം വരുത്തിവച്ചതിൽ മേലധികാരികൾ കണ്ണുചുവപ്പിച്ചു. പുസ്തകത്തിലെ നഗ്നയാഥാർത്ഥ്യങ്ങൾ കണ്ടില്ലെന്നു മാത്രമല്ല, രചയിതാവിനോട് വിശദീകരണവും ആവശ്യപ്പെട്ടു. പുസ്തകം കണ്ടുകെട്ടണമെന്നും രചയിതാവിനെതിരേ ശിക്ഷാനടപടികൾ കൈക്കൊള്ളണമെന്നും അന്നത്തെ ആഭ്യന്തരവകുപ്പുമന്ത്രിയായ പി.ടി. ചാക്കോ ശക്തമായി വാദിച്ചു.

'ഡിഫൻസ് ഓഫ് ഇന്ത്യാ റൂൾ' എന്ന നിയമമനുസരിച്ച് ശിക്ഷിക്കാനാവുന്ന കുറ്റമായിരുന്നു ആ ഗ്രന്ഥരചന. പുസ്തകത്തിൽ അടിമത്തം എന്നെഴുതിയതിന് സർക്കാർ വിശദീകരണവും ചോദിച്ചു. ആദിവാസികളെ ഉപയോഗിച്ച് 'അടിമത്തം' നടക്കുന്നതിലായിരുന്നില്ല അത്. ജനങ്ങളെ അറിയിച്ചതിലാണ് കുറ്റമെന്ന് അന്നത്തെ ഭരണാധികാരികൾക്ക് തോന്നി. എഡ്ഗാർ തേഴ്സ്റ്റന്റെ 'ജാതിയും ഗോത്രങ്ങളും ഇന്ത്യയിൽ' എന്ന പുസ്തകത്തിൽ അടിമസമ്പ്രദായത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ടെന്ന് കെ. പാനൂർ വിശദീകരണക്കുറിപ്പു നൽകി. വിശദീകരണം സർക്കാരിന് തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ ഗ്രന്ഥകാരൻ ആറുമാസം ലീവെടുത്ത് വീട്ടിലേക്കു പോന്നു. സുരക്ഷിതമായ സർക്കാർ ജോലി കിട്ടിയിട്ട് അത് കളഞ്ഞുകുളിച്ചു നടക്കുന്നയാളെ ബന്ധുക്കളും സുഹൃത്തുക്കളും പരിഹസിച്ചു.

അമ്മയടക്കമുള്ള ചിലർ വേദനിച്ചു. അന്നത്തെ കാര്യങ്ങളെക്കുറിച്ച് കെ. പാനൂർ ഇങ്ങനെ ഓർത്തെടുക്കുന്നുണ്ട്. "യഥാർത്ഥത്തിൽ പുസ്തകം പ്രസിദ്ധീകരിക്കാൻ ഗവൺമെന്റ് കോൺഡാക്ട് റൂൾ അനുസരിച്ച് പുസ്തകത്തിന്റെ കൈയെഴുത്തുകോപ്പി ഞാൻ അന്നത്തെ വകുപ്പുതലവനായ സി.കെ. കൊച്ചുകോശി ഐ.എ.എസ്സിന് നൽകിയിരുന്നു. ഡിപ്പാർട്ടുമെന്റുതന്നെ അങ്ങേയറ്റം അഭിനന്ദിക്കേണ്ട ഒരു പ്രവൃത്തിയാണ് താങ്കൾ ചെയ്തിരിക്കുന്നതെന്നും താമസംകൂടാതെ പ്രസിദ്ധീകരിക്കണമെന്നുമാണ് അദ്ദേഹം നിരീക്ഷിച്ചത്. എന്നാൽ പുസ്തകമിറങ്ങുമ്പോഴേക്ക് അദ്ദേഹം സ്ഥലം മാറിപ്പോയിരുന്നു. ആ പുസ്തകത്തെ എല്ലാവരും പുകഴ്ത്തുന്നുണ്ട്. ശരിയാണ്. നല്ല പുസ്തകമാണ്. പക്ഷേ, ആദിവാസികളുടെ അടിമത്തത്തെക്കുറിച്ച് നിങ്ങൾ എഴുതിയത് സത്യസന്ധമല്ല... നിങ്ങളുടെ പേരിൽ അച്ചടക്കനടപടി സ്വീകരിക്കാൻ ഗവൺമെന്റ് എന്നോട് ആവശ്യപ്പെട്ടിരിക്കുകയാണ് എന്നായിരുന്നു പുതിയ ഡയറക്ടറുടെ കല്പന. പക്ഷേ, അപ്പോഴേക്ക് 'കേരളത്തിലെ ആഫ്രിക്ക' എന്ന പുസ്തകത്തിന് 1965-ലെ യുനെസ്കോ അവാർഡ് ലഭിച്ചത് എനിക്ക് രക്ഷയായി. കേന്ദ്രഗവൺമെന്റ് തന്നെ  ശുപാർശ ചെയ്താണ് ഭാരതീയ ഭാഷകളിലെ എണ്ണപ്പെട്ട 17 പുസ്തകങ്ങളിലൊന്നായി അതിനെ തിരഞ്ഞെടുത്തത്.'' (ഭരണകൂടത്തിന്റെ ആദിവാസി. കെ. പാനൂർ/എ. സുരേഷ്, അഭിമുഖം, പച്ചക്കുതിര, സെപ്റ്റംബർ 2009).

പാനൂരെഴുതിയിട്ട് 58 വർഷങ്ങൾ കഴിഞ്ഞിട്ടും ആദിവാസികളുടെ ജീവിതാവസ്ഥയിൽ വലിയ മാറ്റങ്ങളൊന്നും വന്നിട്ടില്ലെന്ന് 'മധു



Scanned by CamScanner

# നിരീക്ഷണം



കെ. പാനൂരും സുകുമാർ അഴീക്കോടും / ഫോട്ടോ: ഒ. അജിത്കുമാർ

സംഭവം' തെളിവു നൽകും. വിശപ്പാണ് മധുവിന്റെ മരണത്തിനിടയാക്കിയതെന്നു പറഞ്ഞാൽ ഇക്കാലത്ത് ആരും വിശ്വസിക്കാനിടയില്ല—പക്ഷേ, അതൊരു നീറുന്ന യാഥാർത്ഥ്യമാണ്. 'കേരളത്തിലെ ആഫ്രിക്ക' എഴുതിയ കാലത്ത് അതിൽ പറയുന്ന കാര്യങ്ങൾ പലതും പൊതുസമൂഹത്തിന് ഉൾക്കൊള്ളാനാകുന്നതായിരുന്നില്ല. മധുവിന്റെ കാര്യത്തിൽ പട്ടിണിയും മനോവിഭ്രാന്തിയും കൂടിക്കലർന്ന ഒരവസ്ഥയുണ്ട്.

1964-'65 കാലത്ത്, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ ഫോറസ്റ്റ് ഡെപ്യൂട്ടി തഹസീൽദാരായി ജോലി നോക്കുന്ന സമയത്തുണ്ടായ ഒരു അനുഭവം അദ്ദേഹം വിവരിക്കുന്നുണ്ട്:

"റവന്യൂവകുപ്പിൽ തിരിച്ചെത്തിയ എനിക്ക് ഏറെ വൈകാതെ കാസർകോഡ് ഫോറസ്റ്റ് ഡെപ്യൂട്ടി തഹസീൽദാരായി നിയമനം കിട്ടി. ആദിവാസിക്ഷേമത്തിനുപകരം വനപാലനമായിരുന്നു അവിടെ ജോലി. വനപാലകനായപ്പോഴത്തെ ആദ്യാനുഭവവും വ്യത്യസ്തമായിരുന്നില്ല. ജില്ലാ കളക്ടറടക്കം കൂട്ടുനിന്ന് നടത്തിയ വലിയൊരു വനംകൊള്ള പിടിക്കപ്പെട്ടപ്പോൾ കുറ്റവാളി ഒരു ആദിവാസിയായിരുന്നു. അന്വേഷണത്തിൽ മനസ്സിലായി അയാളെ കുടുക്കിയതാണെന്ന്. സത്യം മനസ്സിലായപ്പോൾ അതിനു കൂട്ടുനിൽക്കാൻ എനിക്കു കഴിഞ്ഞില്ല. പട്ടിണികിടന്ന് ഗതികെട്ട ആദിവാസി ഒരുനേരത്തെ ഭക്ഷണത്തിനുള്ള വക നേടാൻ കാട്ടിൽകടന്ന് ഉണക്കച്ചുള്ളിക്കമ്പെടുത്ത് കെട്ടി അങ്ങാടിയിൽ വിൽക്കാൻ പോകുമ്പോൾ പിടിച്ച് കേസ് ചാർജ്ജ് ചെയ്യണം. മാസത്തിൽ അത്തരം ഒന്നോ രണ്ടോ കേസുകൾ മുകളിലേക്കയയ്ക്കണം. ഫോറസ്റ്റ് ഓഫീസർ എന്ന നിലയിൽ ഞാൻ ചെയ്യേണ്ട ജോലി ഇതാണെന്ന് മേലുദ്യോഗസ്ഥരിൽനിന്ന് നിർദ്ദേശം കിട്ടിയിരുന്നു" (അതേ അഭിമുഖം). ചിട്ട ലംഘിച്ചതോടെ അദ്ദേഹത്തെ ഫോറസ്റ്റിൽനിന്ന് വീണ്ടും തട്ടി. വനം കൊള്ളയോ വിഭവമോഷണമോ ഒക്കെ ആദിവാസികളുടെമേൽ എളുപ്പത്തിൽ ചാർത്തിയെടുക്കാവുന്ന കുറ്റമാണ്. അന്നും ഇന്നും അതങ്ങനെതന്നെ.

ആദിവാസി അവസ്ഥകളുടെ വെറുമൊരു കാഴ്ചക്കാരനായി കെ. പാനൂർ ഒരിക്കലും നിന്നിട്ടില്ല. ആദിവാസികളെ ഉപയോഗിച്ച് പുസ്തകനിർമ്മിതി നടത്തുകയുമായിരുന്നില്ല അദ്ദേഹം. ആദിവാസികളെ പരിഷ്കൃത സമൂഹത്തിന്റെ മുന്നിൽ നിരത്തി നിർത്തുന്നതിനോട് അദ്ദേഹം എന്നും എതിരായിരുന്നു. വരുംതലമുറയെങ്കിലും ആദിവാസികളുടെയും ദലിതരുടെയും വിമോചനത്തിന്റെ മുൻനിരയിലുണ്ടാകണമെന്ന് അദ്ദേഹം അഭിലഷിച്ചു. തന്റെ പുസ്തകങ്ങൾ വായിച്ച് ആദിവാസികൾക്കുവേണ്ടി വാദിക്കാനും ജീവിക്കാനും തയ്യാറുള്ള യുവതലമുറ രൂപപ്പെട്ടുവരണമെന്നാണ് അദ്ദേഹം ആഗ്രഹിച്ചത്.

'കേരളത്തിലെ ആഫ്രിക്കയ്ക്കു ശേഷം, 'മലകൾ, താഴ്വരകൾ മനുഷ്യർ', 'കേരളത്തിലെ അമേരിക്ക', 'ഹാ നക്സൽബാരി', 'സഹ്യന്റെ മക്കൾ', 'എന്റെ ഹൃദയത്തിലെ ആദിവാസി' എന്നീ ഗ്രന്ഥങ്ങളും അദ്ദേഹമെഴുതി.

ഈ പുസ്തകങ്ങളിലൂടെയെല്ലാം ആദിവാസികളുടെ സാമൂഹികജീവിതവും സാംസ്കാരികമായ സവിശേഷതകളും അദ്ദേഹം വ്യക്തമാക്കിത്തരുന്നുണ്ട്. ആദിവാസികളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തെ ലാക്കാക്കി രചിക്കപ്പെ



Scanned by CamScanner

ട്ടവയാണ് അദ്ദേഹത്തിന്റെ എല്ലാ കൃതികളും. സാമൂഹികവിപ്ലവത്തിന് സഹായമാകുന്ന ചരിത്രബോധവും പാനൂരിന്റെ കൃതികൾക്കുണ്ട്. ആദിവാസികളുടെ കേരളം എന്ന അജ്ഞാതമായ ഗോത്രജീവിതമാണ് 'കേരളത്തിലെ ആഫ്രിക്ക'യിലുള്ളതെങ്കിൽ 'കേരളത്തിലെ അമേരിക്ക'യിലേക്കു വരുമ്പോൾ വരേണ്യരും അധികാരിവർഗ്ഗവും ഇടനിലക്കാരും ചേർന്ന് ആദിവാസിചൂഷണം നടത്തുന്നതിന്റെ വിശദമായ അപഗ്രഥനം പാനൂർ നടത്തുന്നതു കാണാം. ആദിവാസി ചൂഷണത്തെ ഒറ്റപ്പെട്ട ചില സംഭവങ്ങളായി കാണുന്നതിനുപകരം സമഗ്രതയിൽ അതിനെ ദർശിക്കാൻ അദ്ദേഹത്തിനാകുന്നുണ്ട്. ഭൂപരിഷ്കരണനയങ്ങളും കുടിയേറ്റവും ജന്മിത്വവും ജാതീയതയുമെല്ലാം കൂടിപ്പിണഞ്ഞു കിടക്കുന്ന അവസ്ഥയെ സൂക്ഷ്മമായി വിലയിരുത്താൻ 'കേരളത്തിലെ അമേരിക്ക' എന്ന ഗ്രന്ഥത്തിന് കഴിഞ്ഞിട്ടുണ്ട്.

നക്സൽബാരിയിലെ കാർഷിക കലാപത്തെ ആദിവാസി പരിപ്രേക്ഷ്യത്തിൽ കാണുന്ന കൃതിയാണ് 'ഹാ നക്സൽബാരി'. ആദിവാസി ഗോത്രമേഖലകളിൽ സാമൂഹികവിപ്ലവത്തിനുള്ള സാധ്യതകളും വെല്ലുവിളികളും പുസ്തകത്തിൽ അനാവരണം ചെയ്യപ്പെടുന്നുണ്ട്. ഗോത്രവർഗ്ഗജീവിതത്തെയും കാർഷികജീവിതത്തെയും വൈരുദ്ധ്യാധിഷ്ഠിതമായി കാണേണ്ടതിന്റെ ആവശ്യകതയും ഈ പുസ്തകത്തിൽ വായിക്കാം.

ആദിവാസിമേഖലയിലുള്ള തന്റെ പ്രവർത്തനങ്ങളെയും അതിലൂടെ അനുഭവിക്കേണ്ടി വന്ന പ്രതിസന്ധികളെയും പ്രതിപാദിക്കുന്ന 'എന്റെ ഹൃദയത്തിലെ ആദിവാസി'യാണ് കെ. പാനൂരിന്റെ അവസാനത്തെ ഗ്രന്ഥം. ആത്മകഥാസ്പർശമുള്ള ആ ഗ്രന്ഥത്തിന് അദ്ദേഹമിട്ട പേരുപോലും അന്വർത്ഥമാണ്. ആദിവാസിയെക്കുറിച്ച് കരുതലുകളുള്ള ഒരു മനസ്സിനെ അതിൽ വായിച്ചെടുക്കാം.

ഒരു ജീവിതായുസ്സുമുഴുവൻ ആദിവാസികൾക്കുവേണ്ടി ചെലവഴിച്ച കെ. പാനൂർ അവസാനകാലങ്ങളിൽ ഏറെ നിരാശനായിരുന്നു. തന്റെ [illegible]ർത്തനങ്ങളെ വേണ്ടതുപോലെ [illegible] വിലമതിക്കാത്തതുകൊ[illegible] അല്ലെങ്കിൽ തന്റെ പ്രവർ[illegible]ന്നും ആദി[illegible] കാര്യമായ പ്രയോജനവുമുണ്ടാകാതെ പോയതിനാലാവാം. ആദിവാസികളുടെ ജീവിതാവസ്ഥകൾക്ക് ഒരു മാറ്റവും വരാത്തതിൽ ഏറെ നിരാശനായിരുന്നു. തന്റെ ജീവിതാന്ത്യഘട്ടത്തിൽ വഞ്ചിക്കപ്പെട്ട ഒരു ജനതയെ മനസ്സിലേറ്റിക്കൊണ്ടാണ് കെ. പാനൂർ ജീവിച്ചതും മരിച്ചതും.

ആദിവാസി വിഭാഗത്തിൽ നിന്നുയർന്നുവന്ന ഒരു ആദിവാസിപ്രവർത്തകനല്ല കെ. പാനൂർ. എന്നാൽ എല്ലാ അർത്ഥത്തിലും അദ്ദേഹമൊരു ആദിവാസി ആക്റ്റിവിസ്റ്റായിരുന്നു. ആദിവാസികൾക്കുവേണ്ടിയും ദലിതർക്കുവേണ്ടി എഴുതുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ആദിവാസി/ദലിത് വിഭാഗക്കാരല്ലാത്ത പ്രവർത്തകരെ പുച്ഛം കലർന്ന മനോഭാവത്തോടെ വീക്ഷിക്കുന്ന പതിവ് ദലിത്/ആദിവാസി ബുദ്ധിജീവികളിൽനിന്ന് ഉണ്ടാവാറുണ്ട്. ആദിവാസികളെക്കുറിച്ച് പറയാൻ തനിക്കെന്തധികാരം എന്ന് ദലിത് ഇതര വിഭാഗക്കാരോട് ദലിത്ബുദ്ധിജീവികൾ ചോദിക്കുന്നുണ്ടാവണം. പക്ഷേ, ദലിത് ചിന്തകളൊക്കെ പൊതുസമൂഹത്തിൽ വേരോടുന്നതിന് എത്രയോ മുമ്പ് ഒരു മനുഷ്യാവകാശ പ്രശ്നമായി ആദിവാസിപ്രശ്നങ്ങളെ കണ്ടവരുടെ ജീവിതദൗത്യങ്ങൾ കാണാതെ പോകരുത്. കെ. പാനൂരായാലും കെ. ജയചന്ദ്രനായാലും, കെ.ജെ. ബേബിയായാലും ആത്മാർത്ഥമായ പ്രവർത്തനങ്ങളെ അർഹമായ രീതിയിൽ അംഗീകരിച്ചേ മതിയാകൂ. ആദിവാസി/ദലിത് വിഭാഗക്കാർക്കുവേണ്ടി അതതു വിഭാഗക്കാർ മാത്രമേ എഴുതാവൂ, പ്രവർത്തിക്കാവൂ എന്നു ശഠിക്കുന്നത് തികച്ചും അബദ്ധമാണ്.

സോഷ്യൽമീഡിയാ കാലത്തിന്റെ ഭാഷയിലായിരുന്നില്ല കെ. പാനൂർ എഴുതിയതും പ്രവർത്തിച്ചതും. അതുകൊണ്ടുതന്നെ അവരിലാർക്കും അദ്ദേഹത്തെ അറിയാതെ പോയി എന്നതിൽ അത്ഭുതവുമില്ല. മധുവിനുവേണ്ടിയും ആദിവാസികൾക്കുവേണ്ടിയും വിലപിച്ചവർ ഒരു മധുവിനെ മാത്രമേ കണ്ടിട്ടുള്ളൂ. കാലങ്ങളേറെയായി എത്രയോ മധുമാർ ഇവിടെ ആരുമറിയാതെ കൊല്ലപ്പെടുന്നു, അപമാനിക്കപ്പെടുന്നു, അവഹേളിക്കപ്പെടുന്നു. പാനൂരിനെപ്പോലുള്ളവർ അതു നമുക്ക് നേരത്തേ പറഞ്ഞുതന്നിട്ടുണ്ട്—ആരും കേട്ടില്ലെന്നു മാത്രം.


## NEW ARRIVALS

**RENEW MARXIST ART HISTORY**
*Edited by Warren Carter et al.*
Publisher: Art/ Books
Price: Rs. 2237.00

**REFASHIONING INDIA: Gender, Media, and a Transformed Public Discourse**
*Maitrayee Chaudhuri*
Publisher: Orient BlackSwan
Price: Rs. 895.00

**INFINITE THOUGHT: Truth and the Return of Philosophy**
*Alain Badiou*
Publisher: Bloomsbury
Price: Rs. 699.00

**TOWARDS AN ANTHROPOLOGY OF WOMEN**
*Edited by Rayna R Reiter*
Publisher: Aakar Books
Price: Rs. 395.00

**THE PARTICLE AND PHILOSOPHY IN CRISIS: Towards Mode of Information**
*Anil Rajimwale*
Publisher: Aakar Books
Price: Rs. 795.00

**KEY TERMS IN PHILOSOPHY OF RELIGION**
*Raymond J Vanarragon*
Publisher: Bloomsbury
Price: Rs. 299.00

**NOTHINGNESS AND THE MEANING OF LIFE: Philosophical Approaches to Ultimate Meaning through Nothing and Reflexivity**
*Nicholas Waghorn*
Publisher: Bloomsbury
Price: Rs.899.00

**CONTEMPORARY READINGS IN MARXISM: A Critical Introduction**
*Edited by Ravi Kumar*
Publisher: Aakar Books
Price: Rs. 495.00

DC Books BIBLIO
a bookstore for [illegible]
literature & [illegible]
Statue Junction, [illegible]
THIRU[illegible]

കാലമാണ്. മാത്രമല്ല, സാധാരണ പെൺപിള്ളേരൊന്നും വൈകിട്ട് ഇങ്ങനെ പുറത്തിറങ്ങി നടക്കാറുമില്ല. അജിതയുടെ വേഷവും ശ്രദ്ധ പിടിച്ചുപറ്റുന്ന വിധത്തിലായിരുന്നു. നേരെ മുന്നിൽ നിൽക്കുന്ന അജിതയെ കുഞ്ഞാമി സൂക്ഷിച്ചുനോക്കി. കാരണം അന്നത്തെ മനോരമപത്രത്തിൽ അജിതയുടെ ചിത്രം കണ്ടത് അയാൾ ഓർത്തു. അജിതയുടെ കാലിൽ പരിക്കുണ്ടെന്ന് റിപ്പോർട്ടിലുണ്ടായിരുന്നു. പെട്ടെന്ന് അജിതയുടെ കാലിൽ കുഞ്ഞാമി നോക്കി. കാര്യം ശരിയാണെന്ന് ബോധ്യപ്പെട്ടു.

കുന്നത്തു വർഗീസ് വായിച്ചുകൊണ്ടിരുന്ന പത്രം പെട്ടെന്ന് കുഞ്ഞാമി പിടിച്ചുവാങ്ങി—അജിതയുടെ രൂപവുമായി ഒത്തുനോക്കി. പടത്തിലെ അജിതതന്നെയാണ് തങ്ങളുടെ മുമ്പിൽ നിൽക്കുന്ന സ്ത്രീ എന്ന് അയാൾ തിരിച്ചറിഞ്ഞു. അവിടെവച്ചുതന്നെ കുഞ്ഞാമി അവർ അജിതയും കൂട്ടരുമാണെന്ന് പ്രഖ്യാപിച്ചു. അജിതയുടെ നടത്തവും പോക്കും കണ്ട് "നീയാണോടി കുന്നിക്കൽ നാരായണന്റെ മകൾ" എന്ന് എടുത്തടിച്ചപോലെ കുന്നത്തു വർഗീസ് ചോദിച്ചു. കുന്നത്തു വർഗീസിന്റെ ചോദ്യം കേട്ട് അജിത പ്രകോപിതയായി. "ഛീ നീയാരാടാ എന്നെ നീയെന്നു വിളിക്കാൻ, താനാരാ ഇവിടത്തെ സബ് ഇൻസ്പെക്ടറോ? അജിത തിരിച്ചടിച്ചു."

കുന്നത്തു വർഗീസിന്റെ ചോദ്യവും അജിതയുടെ മറുപടിയും വന്നതോടെ രംഗം വഷളായി. പലഭാഗത്തുനിന്നും ആളുകൾ ഓടിക്കൂടി. അജിതയും സംഘവും പുറംപാർട്ടിയാണെന്ന് നാട്ടുകാർ വിധിയെഴുതി. അജിത പിടിക്കപ്പെടുമെന്ന ഭയാശങ്കകൾ വെള്ളം കുടിച്ചുകൊണ്ടിരുന്ന ഫിലിപ്പിനെ ബാധിച്ചു. അല്ലെങ്കിൽത്തന്നെ ദുർബലനായ അദ്ദേഹം ഏഴെട്ടുദിവസമായി കാര്യമായി ഭക്ഷണം കഴിക്കാത്തതിനാൽ അവശനുമാണ്. ഒട്ടും പരിചയമില്ലാത്ത കാട്ടിലൂടെയും മേട്ടിലൂടെയുമുള്ള നടപ്പ് അദ്ദേഹത്തെ തീർത്തും അവശനാക്കി. കൈയിലിരുന്ന ഗ്ലാസ്സിലെ വെള്ളവുമായി ഫിലിപ്പ് ബോധംകെട്ടുവീണു. തങ്ങൾ പിടിക്കപ്പെടുമെന്ന് ഉറപ്പായതോടെ ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന ചിലർ എണീറ്റോടി. വർഗീസ്, ശങ്കരൻ മാസ്റ്റർ, സുകുമാരൻ, ആലുങ്കൽ ശ്രീധരൻ തുടങ്ങിയവർ ഓടി രക്ഷപ്പെട്ടു." (പേജ് 290-292).

സെബാസ്റ്റ്യൻ ജോസഫിന്റെ ആഖ്യാനത്തിലെവിടെയും പത്രവാർത്ത അജിതയ്ക്ക് അറിയുമെന്നു പറയുന്നില്ല. നേരെമറിച്ച് പത്രത്തിൽ പടം വന്നതറിയാതെയാണ് അജിത ചായക്കടയിലേക്ക് വന്നതെന്നാണ് പറഞ്ഞിരിക്കുന്നത്. ഒരുതരത്തിൽ ആലോചിച്ചാൽ, പത്രത്തിൽ പടമുണ്ടെന്നറിഞ്ഞാൽ പിന്നെ മറ്റുള്ളവരുടെ ശ്രദ്ധയിൽ നിന്ന് ഒഴിഞ്ഞുനിൽക്കുകയല്ലേ സാമാന്യബുദ്ധിയുള്ളവർ ചെയ്യുക. അജിതയ്ക്ക് പടത്തിന്റെ വിവരമോ അത് കണ്ടാസ്വദിച്ചു നിൽക്കാനോ ഉള്ള മനസ്സാന്നിദ്ധ്യമോ അത്തരമൊരു അവസരത്തിലുണ്ടായിരുന്നില്ലെന്നു സ്പഷ്ടം. പരാജയഭീതിയിലും അവശതയിലും തകർന്നിരിക്കുന്ന അജിതയെയാണ് സെബാസ്റ്റ്യൻ ജോസഫും അവതരിപ്പിക്കുന്നത്.

സി.എസ്. ചെല്ലപ്പൻ, ഫിലിപ്പ് എം. പ്രസാദ്, എ. ശങ്കരൻമാസ്റ്റർ, ഫാ. ജോസഫ് മേനെ, ആലുങ്കൽ ജോയി, കുഞ്ഞിരാമൻ മാസ്റ്റർ എന്നിവരുമായുള്ള അഭിമുഖങ്ങളിൽ നിന്ന് രൂപപ്പെടുത്തിയെടുത്തതാണ് സെബാസ്റ്റ്യൻ ജോസഫിന്റെ ഈ അധ്യായം. അജിതയുടെയും ഫിലിപ്പ് എം. പ്രസാദിന്റെയും ഓർമ്മക്കുറിപ്പുകളും ഇവിടെ ഉപയോഗിച്ചതായി സൂചിപ്പിക്കുന്നുണ്ട്.

## അടക്കാത്തോടിന്റെ മൊഴി

'ഞങ്ങളുടേത് ഒറ്റുകാരുടെ ഗ്രാമമായിരുന്നില്ല' എന്ന പേരിൽ കെ.വി. ദേവരാജൻ പച്ചക്കുതിര മാസികയുടെ 2006 സെപ്റ്റംബർ ലക്കത്തിൽ ഒരു ലേഖനമെഴുതിയിട്ടുണ്ട്. നക്സലൈറ്റ് പ്രക്ഷോഭത്തെ 'ഒറ്റുകൊടുത്ത' സ്ഥലത്ത് പഴയ കഥകൾ തേടിപ്പോയ പച്ചക്കുതിര ടീമിൽ ഈ ലേഖകനുമുണ്ടായിരുന്നു. അടക്കാത്തോട് എപ്പിസോഡ് നടക്കുമ്പോൾ ഉണ്ടായിരുന്നവരിൽ ജീവിച്ചിരിക്കുന്നവരെയെല്ലാം ഞങ്ങൾ അന്ന് കണ്ടിരുന്നു. അന്നവർ പറഞ്ഞവയിലും മിക്കയിടത്തും ആശയപ്പൊരുത്തമുണ്ടായിരുന്നില്ല. എങ്കിലും സംഭവത്തിൽ ഉൾപ്പെട്ടവരോ, ദൃക്സാക്ഷികളോ ആയ നാട്ടുകാർ രസകരമായ പല അനുഭവങ്ങളും പങ്കുവച്ചു. അന്നത്തെ അന്വേഷണയാത്രയിൽ ഞങ്ങൾ കണ്ടുമുട്ടിയവരിൽ പ്രായാധിക്യമുണ്ടായിരുന്നവർ ചിലർ ഇന്നില്ല. പ്രമാണിയായ അച്ചനെന്ന് അജിത ഓർമ്മക്കുറിപ്പിൽ വിശേഷിപ്പിക്കുന്ന ഫാ. ജോസഫ് മേനെയും ഇന്നില്ല. പക്ഷേ, പി.എം. ജോസഫും ആലുങ്കൽ ജോയിയും അജ്ജൂർ മനാഫുമൊക്കെ ജീവിച്ചിരിപ്പുണ്ട്.

അടയ്ക്കാത്തോടിന്റെ അമ്പതു വർഷത്തെ ചരിത്രമെഴുതിയത് പി.എം. ജോസഫ് എന്ന കുട്ടപ്പൻ ചേട്ടനാണ്. 'പുറപ്പെട്ടവരുടെ പുസ്തകം' എന്നായിരുന്നു ആ ചരിത്രഗ്രന്ഥത്തിന്റെ പേര്. കുട്ടപ്പൻ ചേട്ടന്റെ മൊഴി ഇതാണ്: "1957-ലാണ് ഞാൻ അടയ്ക്കാത്തോട്ടിലെത്തുന്നത്. ഇന്നുള്ളതുപോലെയുള്ള ഫലഭൂയിഷ്ഠമായ ഭൂമിയും വീടും സ്വത്തുക്കളുമൊന്നും അന്ന് ഇവിടെ ആർക്കുമായിട്ടില്ല. ഒരു സൈക്കിൾ പോലും വാഹനമായി ഇല്ലാത്ത കാലമാണ്. ഈയൊരു അവസ്ഥയിലാണ് ബസ്സിന്റെ സമയവും ചോദിച്ചുകൊണ്ട് അജിതയും മറ്റു രണ്ടുപേരും കാടിറങ്ങി അങ്ങാടിയിലെത്തുന്നത്."

ഓർമ്മക്കുറിപ്പുകളിൽ അജിത പറയുന്ന പാതിരിയച്ചൻ ഫാദർ ജോസഫ് മേനെയാണ്. അദ്ദേഹമായിരുന്നു അന്ന് അടയ്ക്കാത്തോട് പള്ളിയുടെ വികാരി. പള്ളിമണി അടിച്ചത് അച്ചനല്ല. ആരോ ആവേശംമൂലം പോയി മണിയടിച്ചു. മണിയടി കേട്ടാണ് അച്ചനും അങ്ങാടിയിലെത്തുന്നത്.

ചുവന്ന തലക്കെട്ടുകാരൻ വന്നു എന്നു പറയുന്നത് ശരിയാണ്. അയാൾ ഇവിടെ അറിയപ്പെടുന്നത് സുബ്രണ്ട് പാപ്പച്ചൻ എന്നാണ്. പാപ്പച്ചൻ വന്ന് അജിതയുടെ നേരെ തോക്കു ചൂണ്ടിയത് ഞാൻ കണ്ടതാണ്. വെട്ടുകത്തിയുമായും ചിലരൊക്കെ വന്നിട്ടുണ്ടാകും. അന്നത്തെ പണിയായുധമല്ലേ അത്. വെട്ടുകത്തികൊണ്ട് ആരെയെങ്കിലും വെട്ടിയതായി ഓർക്കുന്നില്ല. കടയുടെ പിറകിൽ കുറെ വിറക് കീറിയിട്ടിട്ടുണ്ടായിരുന്നു. ആ വിറകു കൊള്ളിയെടുത്ത് ആരൊക്കെയോ തല്ലിയിട്ടുണ്ട്. അപ്പോൾ കുന്നത്ത് വർഗീസ്, അയാൾ മാർക്സിസ്റ്റുകാരനാണ്, വന്നു തടഞ്ഞു. അടിക്കാൻ തയ്യാറെടുത്തവരെ മാറ്റിനിർത്തി. കുന്നത്തു വർഗീസും മേനെയച്ചനും ചേർന്നാണ് അജിതയെയും കൂടെയുള്ളവരെയും അവിടെയുണ്ടായിരുന്ന ആ രണ്ടുനില കെട്ടിടത്തിനു മുകളിലേക്കു കയറ്റിനിർത്തിയത്. ജനങ്ങൾ ഉപദ്രവിക്കാതിരിക്കാൻ വേണ്ടിയാണ് അതു ചെയ്തത്. വയ



Scanned by CamScanner

# അന്വേഷണം

അന്നത്തെ സംഭവത്തിൽ പ്രധാന റോളു വഹിച്ച ഒരാൾ. 1965 മുതൽ അടയ്ക്കാത്തോട് പള്ളിവികാരിയായിരുന്നു അച്ചൻ. "പള്ളിമണി മുഴങ്ങിയതിനുശേഷം ജനങ്ങൾ അങ്ങാടിയിലേക്ക് വന്നുകൊണ്ടിരിക്കുന്ന നേരംതന്നെ ഞാൻ സ്ഥലത്തെത്തിയിരുന്നു. തിരിച്ചറിഞ്ഞവരോട് അജിത ധാർഷ്ട്യത്തോടെ സംസാരിക്കുകയായിരുന്നു. ഞാൻ ഇടപെട്ടാണ് അജിതയെയും മറ്റു രണ്ടുപേരെയും കെട്ടിടത്തിന്റെ മുകളിലേക്ക് കയറ്റിക്കൊണ്ടുപോയത്. അത് തടങ്കലിൽ വയ്ക്കാനായിരുന്നില്ല. പെട്ടെന്നുരുത്തിരിഞ്ഞുകൊണ്ടിരിക്കുന്ന ജനരോഷത്തിൽനിന്ന് അവരെയും കൂടെയുള്ളവരെയും രക്ഷിക്കുക മാത്രമായിരുന്നു അന്നേരത്തെ ലക്ഷ്യം. അവർക്കെല്ലാം ആവശ്യമുള്ളത്ര ചായയും പഴവും മറ്റും വരുത്തിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. പോലീസിനു വിവരം കൊടുത്തതും സ്വതന്ത്രമായി വിടാതെ മണിക്കൂറുകളോളം പിടിച്ചുനിർത്തിയതും എന്റെ വ്യക്തിപരമായ തീരുമാനമായിരുന്നില്ല. പൊതുവായ തീരുമാനത്തിന്റെ ഭാഗമായിരുന്നു. നക്സലൈറ്റുകളെ സ്നേഹിക്കാനും അവർക്ക് ഒളിത്താവളം കൊടുക്കാനും മാത്രമുള്ള രാഷ്ട്രീയബോധമൊന്നും അന്ന് അടക്കാത്തോട്ടിലെ ജനങ്ങൾക്കുണ്ടായിരുന്നില്ല. ജനക്കൂട്ടം തല്ലിക്കൊല്ലുന്നതിനുമുമ്പ് ഞങ്ങളൊക്കെ എത്തി രക്ഷപ്പെടുത്തുകയായിരുന്നു. ഞാനും പോലീസിന്റെ സാക്ഷിപ്പട്ടികയിലുണ്ടായിരുന്നു. പോലീസ് പറഞ്ഞുതരുന്നതുപോലെ കോടതിയിൽ പറയണമെന്നു പറഞ്ഞു. സാദ്ധ്യമല്ലെന്ന് ഞാനും പറഞ്ഞു. പോലീസിന്റെ സാഹസികമായ വലവീശലിലാണ് അജിത കുടുങ്ങിയതെന്ന് വരുത്തിത്തീർക്കാൻ അവർക്കാഗ്രഹമുണ്ടായിരുന്നു. അതൊന്നും നടന്നില്ല.

പള്ളി മണിയടിച്ചു, ജനക്കൂട്ടമുണ്ടായി എന്നൊക്കെയുള്ളത് ഇന്ന് ആലോചിക്കുമ്പോൾ വളരെ നന്നായിത്തോന്നുന്നു. അല്ലാതെ പോലീസ് ഇവരെ പിടികൂടുകയോ അല്ലെങ്കിൽ പിടികിട്ടിയ ഉടനെ ഞങ്ങൾ പോലീസിൽ ഏല്പിച്ചുകൊടുക്കുകയോ ചെയ്തിരുന്നെങ്കിലുള്ള സ്ഥിതി എന്തായിരിക്കും! വെടിവച്ചുകൊന്നുകളയാൻപോലും സാധ്യതയുണ്ട്. അത്ര ഭയങ്കര വെറുപ്പായിരുന്നു പോലീസിന് നക്സലൈറ്റുകളോട്. പേടിച്ചുവിറച്ചുകൊണ്ട് എസ്.ഐ. ശ്രീനിവാസനും കോൺസ്റ്റബിൾമാരും അജിതയെ 'അറസ്റ്റ്' ചെയ്യാൻ വന്നത് ഇപ്പോഴും എനിക്ക് ഓർമ്മയുണ്ട്. ഒരു ഹാസ്യനടനെപ്പോലെ നിറതോക്കിൽ കാഞ്ചിയമർത്താൻ ഓങ്ങിക്കൊണ്ട് വിറച്ചുവിറച്ച് പോലീസുകാർ അടിവച്ച് നീങ്ങി. നൂറുകണക്കിന് ജനങ്ങളുടെ ഇടയിലൂടെയാണ് വരുന്നതെന്നോർക്കണം. മണിക്കൂറുകളോളം ഞങ്ങളുടെയൊപ്പംനിന്ന് തളർന്നവശരായ നിരായുധരായ അജിതയെയും കൂട്ടരെയും പിടിക്കാനുള്ള വരവാണ്. ശരിക്കും ഒരു കോമാളിരംഗം. അജിതയുടെ മുന്നിലെത്തിയ ഉടനെ എസ്.ഐ. അടിക്കാനോങ്ങി. ഞങ്ങൾ തടഞ്ഞു. ഇവിടെവച്ച് അടിക്കാൻ പാടില്ലെന്ന് ഞാൻ വിലക്കി. വാനിൽ കയറ്റുമ്പോൾ എന്റെ അനുജനെയും രണ്ടുപേരെയും ഞാൻ ഒപ്പം വിട്ടു. സ്റ്റേഷനിലെത്തുന്നതുവരെ അവർ കൊല്ലപ്പെടാതിരിക്കേണ്ടത് അടക്കാത്തോടിന്റെ ആവശ്യമായിരുന്നു." ഫാ. ജോസഫ് മേമന പറഞ്ഞുനിർത്തി.

അജിതയെ പോലീസുകാർ കൊല്ലാതെ വിട്ടത് ലോക്കപ്പിൽ കിടക്കുന്ന അജിതയുടെ ഫോട്ടോ ഉണ്ടായിരുന്നതുകൊണ്ടാണെന്ന് തോമസ് ജേക്കബ്, ടി. നാരായണന്റെ വാക്കുകളുദ്ധരിച്ചുകൊണ്ട് പറയുന്നുണ്ട്. ജനക്കൂട്ടമോ പോലീസോ തല്ലിക്കൊല്ലാതെ വിട്ടത് മേമനയച്ചന്റെയും മറ്റും സമയോചിതമായ ഇടപെടലുമൂലമാണെന്ന് അച്ചനും അഭിപ്രായപ്പെടുന്നു. എന്തായാലും പേരാവൂർ പോലീസ്സ്റ്റേഷനിൽ എത്തുന്നതുവരെ അച്ചന്റെ പരിപാലനതയും അതിനുശേഷം ടി. നാരായണന്റേതടക്കമുള്ളവരുണ്ടാക്കിയ ഫോട്ടോ തെളിവുകളും അജിതയെയും സംഘത്തെയും സഹായിച്ചിട്ടുണ്ടാകണം. അജിതയെയും മറ്റു നക്സലൈറ്റ് സഖാക്കളെയും പോലീസ് കൊന്നൊടുക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് ആരും കൃത്യമായി ഗവേഷണം ചെയ്തു കണ്ടിട്ടില്ല.

പേരാവൂർ പോലീസ്സ്റ്റേഷനിലും മാനന്തവാടി പോലീസ്സ്റ്റേഷനിലും അങ്ങേയറ്റത്തെ ക്രിമിനൽ സ്വഭാവമുള്ള പോലീസുദ്യോഗസ്ഥന്മാരില്ലാത്തതാവാം ഒന്നാമത്തെ കാരണം. അങ്ങനെയാരെങ്കിലുമുണ്ടായിരുന്നെങ്കിൽ മേമനയച്ചന്റെ സംരക്ഷണമോ ടി. നാരായണന്റെ ഫോട്ടോയോ ഒന്നും അവരെ രക്ഷപ്പെടുത്തുമായിരുന്നില്ല.

അടക്കാത്തോട്ടിലെ ജനസമക്ഷത്തിന്റെ മുന്നിൽവച്ച് അറസ്റ്റു ചെയ്തിട്ടുപോലും ഒരു പൊരിഞ്ഞ ഏറ്റുമുട്ടലിനുശേഷം വനത്തിൽവച്ച് അജിതയെ കീഴടക്കി എന്നാണ് പിറ്റേന്ന് പോലീസ് പത്രങ്ങളിൽ വരുത്തിച്ച വാർത്ത. അജിതയെ അവതരിപ്പിച്ച കാര്യത്തിൽ സ്വന്തം മനോധർമ്മത്തിൽ ചാലിച്ച കഥക്കൂട്ട് നിറച്ചുവെങ്കിലും തോമസ് ജേക്കബ് ഇക്കാര്യം അഭിമുഖത്തിൽ വ്യക്തമാക്കുന്നുണ്ട്: "കാലം അറുപതുകളാണെന്നോർക്കണം, പ്രാന്റ്സിട്ട ഒരു പെണ്ണ് ഒറ്റയ്ക്കു ചായക്കടയിലേക്കു വന്നപ്പോൾത്തന്നെ ചായക്കടയിലുള്ള മറ്റുള്ളവർ ശ്രദ്ധിച്ചുതുടങ്ങിയിരുന്നു. ഒരു ചിത്രം മാത്രം നോക്കിയിരിക്കുന്നതു കണ്ടപ്പോൾ ആ ചിത്രം ഏതെന്ന് അവർ ശ്രദ്ധിച്ചു. അങ്ങനെ അവർ അജിതയെ തിരിച്ചറിഞ്ഞു. അവരിൽ ചിലർ പോലീസിനെ വിവരമറിയിച്ചു. പോലീസ് വന്ന് അജിതയെ അവിടെനിന്നു പൊക്കി. അങ്ങനെയാണ് അജിത പോലീസ് പിടിയിലാവുന്നത്. പക്ഷേ, പിറ്റേന്ന് പത്രത്തിൽ പോലീസു വരുത്തിച്ച വാർത്ത, ചായക്കടയിൽ നാട്ടുകാർ തടഞ്ഞുവെച്ച അജിതയെ പോലീസ് കസ്റ്റഡിയിൽ എടുത്തു എന്നല്ല, ഒരു പൊരിഞ്ഞ ഏറ്റുമുട്ടലിനുശേഷം വനത്തിൽവച്ച് അജിതയെ പോലീസ് കീഴടക്കി എന്നാണ്. ആ ഓപ്പറേഷനിലുണ്ടായിരുന്ന ഒരു പോലീസ് ഓഫീസർതന്നെയാണ് വർഷങ്ങൾക്കുശേഷം സത്യം തുറന്നെഴുതിയത്." (മാതൃഭൂമി ആഴ്ചപ്പതിപ്പ്).

ഇതൊക്കെയാണ് ആഖ്യാനഭേദങ്ങളുടെ പോക്ക്. പോലീസും മാധ്യമങ്ങളും വിചാരിച്ചാൽ ഏത് ആടിനെയും എളുപ്പത്തിൽ പട്ടിയാക്കാൻ കഴിയും. ജനങ്ങൾ അത് വിശ്വസിക്കുകയും ചെയ്യും.

എൻ. പ്രഭാകരന്റെ 'മറുപിറവി'യിലേക്ക് നമുക്ക് മടങ്ങിയെത്താം:

കഥയുടെ അവസാനം കരുണൻ പറഞ്ഞു: "കുമാരാ ഇതാണ് സത്യം, ഞാനീ പറഞ്ഞതാണ് കുമാരാ സത്യം." പക്ഷേ, അതു കേൾക്കാൻ കുമാരൻ ഉണ്ടായിരുന്നില്ല. വലിഞ്ഞടഞ്ഞ കണ്ണുകളും പാതിയടഞ്ഞ വായും. വിളിച്ചപ്പോൾ വിളി കേട്ടില്ല, വിളിച്ചിട്ടും ഇളക്കമുണ്ടായില്ല. ഉറക്കെയൊന്നു കരയാൻപോലും കരുണന് ശേഷിയുണ്ടായില്ല.



Scanned by CamScanner



അടക്കാത്തോട് അങ്ങാടി ഇന്ന് / ഫോട്ടോ: കെ. എം. അബ്ദുൾ അസീസ്

നാടു മുഴുവൻ കൊള്ള നടത്തി, പോലീസുകാരനെ കൊന്നു, പോലീസ് സ്റ്റേഷൻ തകർത്തു എന്നൊക്കെയാണ് കേൾവി. വയനാടു മുഴുവൻ കൊള്ളയടിച്ച് ഒടുവിലിതാ ഞങ്ങളുടെ സ്വത്ത് തട്ടിപ്പറിക്കാൻ എത്തിയിരിക്കുന്നു എന്നൊക്കെയാണ് ആൾക്കാർ മനസ്സിലാക്കി വച്ചിരുന്നത്.

തലേദിവസത്തെ മലയാള മനോരമ പത്രത്തിലെ ഫോട്ടോ കണ്ട് അജിതയെ തിരിച്ചറിഞ്ഞ ഒരാൾ, ഇത് അജിതയാണ്, പടം കണ്ടോ എന്ന് പത്രം ഉയർത്തിപ്പിടിച്ചു പറഞ്ഞു. അപ്പോൾ 'നീ ആരാ അതു ചോദിക്കാൻ' എന്ന് അജിത കോപത്തോടെ പ്രതികരിച്ചു. അതോടെയാണ് ആൾക്കാർ അക്രമാസക്തരായിത്തീരുന്നത്.

കുന്നത്തു വർഗീസും മേനെയച്ചനുംകൂടി അവരെയെല്ലാം കെട്ടിടത്തിനു മുകളിലേക്ക് മാറ്റിനിർത്തിയിരുന്നില്ലെങ്കിൽ സംഭവിക്കുന്നത് മറ്റെന്തെങ്കിലും ആകുമായിരുന്നു. കെട്ടിടത്തിനു മുകളിൽ നിന്നുകൊണ്ട് അജിത ജനങ്ങളോട് ലക്ഷ്യത്തെപ്പറ്റി സംസാരിക്കുകയും ലഘുലേഖ വിതരണം ചെയ്യുകയും ചെയ്തു. പതുക്കെപ്പതുക്കെ ആദ്യം തോന്നിയ വെറുപ്പ് നാട്ടുകാർക്ക് കുറഞ്ഞുതുടങ്ങി. രാത്രി ഇരുട്ടിയതോടെ കുറെപ്പേർ പിരിഞ്ഞുപോയി. ബാക്കിയുള്ളവർ തമ്മിൽ തർക്കമായി. പിടിച്ചുവച്ചത് തെറ്റായിപ്പോയി എന്നും പോലീസിൽ അറിയിക്കേണ്ടതില്ലായിരുന്നു എന്നും പറയാൻ കുറച്ചാൾക്കാർ ഉണ്ടായി. തല്ലിക്കൊല്ലണം എന്നു പറയാനും ആൾക്കാരുണ്ടായിരുന്നു. പോലീസിൽ അറിയിക്കാൻ ആൾക്കാർ പോയിക്കഴിഞ്ഞിരുന്നതുകൊണ്ട് ഞങ്ങൾക്ക് മറ്റൊന്നും ചെയ്യാനാവുമായിരുന്നില്ല." കുട്ടപ്പൻ ചേട്ടൻ പറഞ്ഞു.

ആലുങ്കൽ ജോയി പള്ളിയിൽ കൈക്കാരനായിരുന്നു. സി.എസ്. ചെല്ലപ്പനെയും ശശിമല രാമൻനായരെയും ചങ്ങലയ്ക്കിട്ട് കാട്ടിലൂടെ നടത്തിച്ച് ആയുധങ്ങളും തൊണ്ടിമുതലും കണ്ടുപിടിക്കാനായി തിരിച്ച പോലീസ് സംഘത്തോടൊപ്പം കാഴ്ച കാണാൻ പോയതായിരുന്നു ആലുങ്കൽ ജോയി. ജോയിയെ പോലീസ് സാക്ഷിയാക്കി മഹസ്സറിൽ ഒപ്പിടുവിച്ചു. "അജിതയെ പിടികൂടിയ ദിവസം ഞാനുമുണ്ടായിരുന്നു ആൾക്കൂട്ടത്തിൽ. പലർക്കും കൊടുക്കുന്ന കൂട്ടത്തിൽ അജിത എനിക്കും ഒരു പുസ്തകം തന്നു. സൗകര്യംപോലെ വായിച്ചോളാൻ പറഞ്ഞു."—ജോയിയുടെ മൊഴി.

അജിതയുടെ സംഘത്തിലുണ്ടായിരുന്നവരിൽ രണ്ടുപേരെ അടക്കാത്തോടിനടുത്തുള്ള കാട്ടുപ്രദേശത്തുനിന്നു പിടിച്ചത് അബ്ദുൾ മനാഫും സുഹൃത്തും കൂടിയാണ്. കാടിനുള്ളിൽ മരംമുറിക്കുന്ന സമയത്താണ് അജിതയുടെ സംഘാംഗങ്ങളിൽ രണ്ടുപേർ കാട്ടിൽ പതുങ്ങിനിൽക്കുന്നതാണ് അവർ കണ്ടത്. തങ്ങളെ ഒറ്റുകൊടുക്കാൻ വന്നവരാണെന്നു കരുതിയാണ് മനാഫും സുഹൃത്തും ചേർന്ന് അവരെ പിടിച്ചത്. ഒറ്റുകാരല്ലെന്ന് മനസ്സിലാക്കി മനാഫും സുഹൃത്തും അവരെ വിടുകയും ചെയ്തു. പക്ഷേ, അധികം താമസിയാതെ മറ്റാരൊക്കെയോ അവരെ പിടികൂടുകയും അങ്ങാടിക്കവലയിൽ എത്തിക്കുകയും ചെയ്തു. "ബുദ്ധിപൂർവ്വം പെരുമാറാൻ ഈ നക്സലൈറ്റുകൾക്ക് അന്നു കഴിഞ്ഞില്ല. അതുകൊണ്ടാണ് അവർ പല ഭാഗത്തുനിന്നായി പിടിക്കപ്പെട്ട് അങ്ങാടിയിൽ തടവിലാക്കപ്പെട്ടത്" - മനാഫ് പറഞ്ഞു.

ഫാദർ ജോസഫ് മേനയാണ്



Scanned by CamScanner

ചിത്രങ്ങൾ: എൻ. പ്രദീപ്









ആലുങ്കൽ ജോയ് | ഫാദർ ജോസഫ് മേമന | അബ്ദുൾ മനാഫ് | പി.എം. ജോസഫ്

ലെത്തിച്ചു.

പോലീസ് മർദ്ദനം നേരിട്ടനുഭവിച്ചു കണ്ടും കേട്ടും അറിയാൻ എനിക്ക് ഇടവന്നത് ആ അറസ്റ്റോടുകൂടിയാണ്. പോലീസ് വയർലസ് സ്റ്റേഷൻ തകർക്കാനും അതിനിടയിൽ ഒരു വയർലസ് ഓപ്പറേറ്ററുടെ ജീവഹാനിക്കിടയാക്കാനും ഒരു എസ്.ഐ.യെ മാരകമായി പരിക്കേല്പിക്കാനും ധൈര്യപ്പെട്ടവരല്ലേ ഞങ്ങൾ? ഞങ്ങളെ പിടികിട്ടിയാൽ പിന്നെ അവരുടെ സന്തോഷത്തിന് അതിരുണ്ടാവുമോ?"

വിപ്ലവശ്രമം പരാജയപ്പെടുന്നു എന്ന തിരിച്ചറിവിലാണ് വയനാട്ടിൽ നിന്നിറങ്ങാൻ ആ പോരാളിസംഘം തീരുമാനിക്കുന്നത്. പരാജയം പല നിലയ്ക്കായിരുന്നു. സംഘാംഗങ്ങളിൽ ചിലരുടെ മരണവും തിരോധാനവും, ആരുടെ വിമോചനത്തിനുവേണ്ടിയാണോ വിപ്ലവം നയിക്കാനിറങ്ങിയത് ആ ജനവർഗ്ഗത്തിന്റെ നിസ്സഹകരണം, പത്രമാധ്യമങ്ങളിലൂടെയുള്ള ആക്രമണവും അധിക്ഷേപവും പരാജയസമയത്ത് സംഘാംഗങ്ങളിലുണ്ടായ അഭിപ്രായഭിന്നതകൾ, വയനാട് കേന്ദ്രീകരിച്ച് സർക്കാരും പോലീസും തുടങ്ങിവച്ച നക്സലൈറ്റ് വേട്ട... ഇതെല്ലാം മുന്നോട്ടുള്ള പ്രയാണത്തിന്റെ വീര്യം കുറച്ചു. വിപ്ലവസംഘം എന്നതിനെക്കാൾ അക്രമിസംഘം എന്നൊരു വ്യവഹാരം പൊതുസമൂഹത്തിൽ രൂപപ്പെട്ടതും വിനയായി. വയനാട്ടിൽനിന്ന് കേരളാതിർത്തി കടന്ന് കർണ്ണാടകത്തിലേക്ക് രക്ഷപ്പെടണമോ കൊട്ടിയൂർവഴി കണ്ണൂരിലേക്കുതന്നെ വരണമോ എന്നതിനെക്കുറിച്ചു മാത്രമാണ് ആശയക്കുഴപ്പമുണ്ടായിരുന്നത്. ഒടുവിൽ ചിലർ കൊട്ടിയൂർവഴി തിരഞ്ഞെടുത്തു. ചിലർ കർണ്ണാടകവഴി രക്ഷപ്പെടുകയും ചെയ്തു. വിപ്ലവശ്രമവുമായി മുന്നോട്ട് എന്നതിനെക്കാൾ ഒളിത്താവളങ്ങൾ കണ്ടെത്തുക എന്നതുതന്നെയാണ് മലയിറക്കത്തിന്റെ കാരണമായത്. പതിനഞ്ചോളംപേർ ചെറുഗ്രൂപ്പുകളായി മലയിറങ്ങിത്തുടങ്ങി. ആയുധങ്ങളും ആഭരണങ്ങളും ഇടയ്ക്കുപേക്ഷിച്ച് അടയ്ക്കാത്തോട്ടിലെത്തി. ജനവാസകേന്ദ്രത്തിലേക്കാണ് എത്തുന്നതെന്നറിയാവുന്നതുകൊണ്ട് പാന്റ്സിനുമുകളിൽ സാരിയുടുത്താണ് അജിത അടയ്ക്കാത്തോട്ടുകാരുടെ മുന്നിലെത്തുന്നത്. പത്രവാർത്തകളെക്കുറിച്ചൊന്നും അവർക്ക് അറിവുണ്ടായിരുന്നില്ല.

അജിതയും സംഘാംഗങ്ങളിൽപ്പെട്ട പലരും പങ്കുവയ്ക്കുന്ന സ്വീകാര്യമായ ആഖ്യാനമിതാണ്.

## സെബാസ്റ്റ്യൻ ജോസഫിന്റെ മൊഴി

ആദ്യകാല നക്സലൈറ്റ് പ്രക്ഷോഭങ്ങളുടെ അറിയാക്കഥകൾ ചേർത്തുവച്ചിരിക്കുന്ന പാരായണക്ഷമമായ ഒരു ഗ്രന്ഥമാണ് മലയാള മനോരമയിൽ ചീഫ് റിപ്പോർട്ടറായിരുന്ന സെബാസ്റ്റ്യൻ ജോസഫിന്റെ 'വസന്തത്തിന്റെ ഇടിമുഴക്കം.' ഇതിലെ മുപ്പത്തിമൂന്ന്, മുപ്പത്തിനാല് അധ്യായങ്ങളിലാണ് വിപ്ലവപരാജയത്തിന്റെ പ്രഖ്യാപനവും മലയിറക്കവും അറസ്റ്റും ആവിഷ്കരിക്കുന്നത്. പരാജയപ്പെട്ട വിപ്ലവം എന്നാണ് 33-ാം അധ്യായത്തിന് പേര്, 'ഛീ നീയാരാടാ എന്നെ നീയെന്നു വിളിക്കാൻ' എന്നതാണ് 34-ാം അധ്യായം. വിപ്ലവശ്രമം പാളി എന്ന് സംഘാംഗങ്ങൾക്കു ബോധ്യപ്പെട്ടതിനുശേഷമാണ് മലയിറങ്ങി രക്ഷപ്പെടാൻ ചെറുഗ്രൂപ്പുകളായി സംഘം വേർതിരിയുന്നത്. അജിത, ഫിലിപ്പ്, ചെല്ലപ്പൻ, രാമൻനായർ എന്നിവർ ഒരു ഗ്രൂപ്പിലായിരുന്നു.

"ഫിലിപ്പും സംഘവും മേലേക്കൂടി ചാണ്ടിയുടെ ചായക്കടയിലെത്തി. അവിടെനിന്ന് ഫിലിപ്പ് ഒരു ഗ്ലാസ് വെള്ളം കുടിച്ചു. അപ്പോൾ അജിത നടന്നുവരുന്നുണ്ട്. പത്രത്തിൽ പടം വന്നതൊന്നുമറിയാതെയാണ് അജിതയുടെ വരവ്. അജിതയ്ക്ക് പയ്യെപ്പയ്യെ നടന്നുപോകാനുള്ള സൗകര്യമൊരുക്കുന്നതിന് കൂടെയുള്ളവർ ഓരോ കടയിലും കയറി എന്തെങ്കിലും വാങ്ങിക്കൊണ്ടിരുന്നു."

അജിത കടയുടെ മുന്നിലെത്തുമ്പോൾ കുന്നത്തു വർഗീസ് അന്നത്തെ മനോരമയിലുള്ള അജിതയുടെ പടം നോക്കിക്കൊണ്ടിരിക്കുകയാണ്. തൊട്ടടുത്ത് ആ ഹോട്ടലിലെ പണിക്കാരനായ കുഞ്ഞാലിയുമുണ്ട്. അപ്പോൾ സി.എസ്. ചെല്ലപ്പൻ "ഇനി പടിഞ്ഞാറോട്ട് ബസ്സുണ്ടോ എന്ന് ചോദിച്ചു... ബസ്സുണ്ടോ എന്ന് രാത്രിയിൽ ഒരു സ്ത്രീ ഉൾപ്പെടുന്ന ഒരു സംഘം ചെറുപ്പക്കാർ ചോദിച്ചപ്പോൾ എല്ലാവർക്കും സംശയമായി. കാരണം അന്ന് ഈ ഭാഗത്തേക്ക് ബസ്റൂട്ടേ ഇല്ല. എല്ലാവരും നടന്നുപോകുന്ന



Scanned by CamScanner

> അജിതയെയും മറ്റു നക്സലൈറ്റ് സഖാക്കളെയും പോലീസ് കൊന്നൊടുക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് ആരും കൃത്യമായി ഗവേഷണം ചെയ്തു കണ്ടിട്ടില്ല. പേരാവൂർ പോലീസ്സ്റ്റേഷനിലും മാനന്തവാടി പോലീസ്സ്റ്റേഷനിലും അങ്ങേയറ്റത്തെ ക്രിമിനൽ സ്വഭാവമുള്ള പോലീസുദ്യോഗസ്ഥന്മാരില്ലാത്തതാവാം ഒന്നാമത്തെ കാരണം. അങ്ങനെയാരെങ്കിലുമുണ്ടായിരുന്നെങ്കിൽ മേമനയച്ചന്റെ സംരക്ഷണമോ ടി. നാരായണന്റെ ഫോട്ടോയോ ഒന്നും അവരെ രക്ഷപ്പെടുത്തുമായിരുന്നില്ല.

നോക്കിയിട്ട് അവിടെയുണ്ടായിരുന്ന ആളുകളോടായി ഇവൾതന്നെയാണ് അജിത, ഇതു കണ്ടോ ഫോട്ടോ." എന്ന് ഉറക്കെ വിളിച്ചു പറഞ്ഞു. അതോടെ ഞങ്ങൾ പിടിക്കപ്പെട്ടെന്നു ഞങ്ങൾക്കു ബോദ്ധ്യമായി. ഇതുകേട്ടതും, ഞങ്ങൾക്കു ചുറ്റും ആളുകൾ ജിജ്ഞാസയോടെ കൂടാൻ തുടങ്ങി. ചുവന്ന തലക്കെട്ടു കെട്ടിയ ഈ മാർക്സിസ്റ്റുകാരൻ (പിന്നെയാണ് അയാൾ മാർക്സിസ്റ്റുകാരനാണെന്ന് അവിടെക്കൂടിയ നാട്ടുകാർ പറഞ്ഞു ഞങ്ങളറിഞ്ഞത്) ഉടനെ പോയി ഒരു തോക്കെടുത്തുകൊണ്ടുവന്ന് എന്റെനേരേ ചൂണ്ടി. 'നിന്നെയിപ്പോൾ വെടിവെക്കുമെടീ' എന്ന് അട്ടഹസിച്ചു. 'വെടിവെക്കുന്നെങ്കിൽ വെച്ചോളൂ' എന്നു ഞാനും പറഞ്ഞ് അവിടെത്തന്നെ ഇളകാതെ നിന്നു. അയാൾ കുടിച്ചു ഹാലിളകിയവനെപ്പോലെ കലിതുള്ളി. പക്ഷേ, ആ തോക്കുകൊണ്ട് എന്നെ വെടിവെക്കാൻ അവിടെക്കൂടിയ ആളുകൾ അയാളെ അനുവദിച്ചില്ല. അയാൾ വിറളിപിടിച്ച് വീണ്ടും ഓടി. അടുത്തെവിടെയോ പോയൊളിച്ചിരുന്ന സഖാവ് ചെല്ലപ്പന്റെ തലയ്ക്ക് ഒരു കൊടുവാളുകൊണ്ടു വെട്ടി. എന്നിട്ട് അയാളും അയാളുടെ കുറച്ചു സിൽബന്തികളും സഖാവിനെ ഞങ്ങളുടെ അടുത്തേക്കു പിടിച്ചുകൊണ്ടു വന്നു.

ഈ ബഹളമെല്ലാം നടക്കുമ്പോൾ എന്റെ പിന്നിൽനിന്നു പെട്ടെന്ന് ഒരാൾ "ഠേ" എന്ന ശബ്ദത്തോടെ നിലത്തടിച്ചു ബോധംകെട്ടു വീണു –ഫിലിപ്പായിരുന്നു അത്. ഇനി പോലീസ് നമ്മെ ബാക്കിവയ്ക്കില്ലെന്നും പറഞ്ഞുകൊണ്ട് അയാൾ അല്പം കഴിഞ്ഞപ്പോൾ എണീറ്റിരുന്നു.

ആളുകൾ എവിടെനിന്നെല്ലാമോ ഓടിക്കൂടുന്നുണ്ടായിരുന്നു. ഞങ്ങളെ പിടികിട്ടിയതോടെ, പള്ളിയിൽ കൂട്ടമണിയടിക്കാൻ തുടങ്ങി. ആളുകളെയെല്ലാം വീടുകളിൽനിന്ന് ആകർഷിച്ചു ടൗണിൽ എത്തിക്കാനും അങ്ങനെ ഞങ്ങളെ എല്ലാവരെയും പിടിക്കാനുമുള്ള ഒരു തന്ത്രമായിരുന്നു അത്. പലരും രഹസ്യമായി ഞങ്ങളുടെ അടുത്തുവന്ന് ഇത്തരത്തിൽ പിടിക്കപ്പെട്ടതിൽ അവരവരുടെ ദുഃഖവും സഹതാപവും പ്രകടിപ്പിച്ചു. പിന്നീടു ഞങ്ങളെ അവിടത്തെ പ്രമാണിമാരായ പാതിരിയച്ചനും ചുവന്ന തലക്കെട്ടുകാരനും മറ്റും ഒരു ലോഡ്ജിന്റെ മുകളിൽ കൊണ്ടിരുത്തി. ആളുകൾ അവിടെയും തിങ്ങിക്കൂടി. അവിടെ കൂടിയവരോടായി ഞങ്ങൾ പുൽപ്പള്ളിക്കലാപം ചെയ്യുവാനുള്ള ഉദ്ദേശ്യവും കാരണവുമെല്ലാം പറഞ്ഞുകൊടുത്തു. കുറച്ചാളുകൾ അതുകേട്ടു കൂവുന്നുണ്ടായിരുന്നെങ്കിലും വേറേ ചിലർ കൂവുന്നവരോടു മിണ്ടാതിരിക്കാനും പറയുന്നുണ്ടായിരുന്നു. എന്നാൽ ഞങ്ങൾ വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരുന്നു. ക്രമേണ കൂവൽ ഇല്ലാതായി. സഖാവ് ചെല്ലപ്പനു പറ്റിയ മുറിവിൽ മരുന്നുവയ്ക്കാനായി ഒരു കമ്പൗണ്ടറെ ആരോ വിളിച്ചുകൊണ്ടുവന്നു. അയാൾക്ക് ഞങ്ങൾ ആരും കാണാതെ 'ചെയർമാൻ മാവോ സെ തൂങ്ങിന്റെ ഉദ്ധരണി'കളുടെ ഒരു ഇംഗ്ലിഷ് കോപ്പി കൊടുത്തു. അയാൾ അതു സന്തോഷത്തോടെ വാങ്ങിക്കൊണ്ടുപോയി. കൈയിലുണ്ടായിരുന്ന ലഘുലേഖകളെല്ലാം പോലീസ് വന്നെത്തുന്നതിനു മുമ്പുതന്നെ ഞങ്ങൾ രഹസ്യമായി കൊടുത്തു തീർത്തു. മദ്ധ്യവയസ്കനായ ഒരു കൃഷിക്കാരൻ മെല്ലെ എന്റടുത്തു വന്നിരുന്ന് ഞങ്ങൾ പറയുന്ന കാര്യങ്ങൾ ആകാംക്ഷയോടെ കേട്ടുകൊണ്ടിരുന്നു. കുറെനേരം കഴിഞ്ഞപ്പോൾ വളരെ ആത്മാർത്ഥത നിറഞ്ഞ ശബ്ദത്തിൽ അയാൾ പറഞ്ഞു: "നിങ്ങൾ കൊള്ളക്കാരാണെന്നാണ് ഇവിടെ പള്ളിയും പത്രങ്ങളുമെല്ലാം പ്രചരിപ്പിച്ചത്. നിങ്ങളെ കണ്ടാൽ പിടിച്ചുകൊടുക്കണമെന്ന് പള്ളിയിൽനിന്ന് ഇവിടത്തെ കൃഷിക്കാർക്കു പ്രത്യേക നിർദ്ദേശമുണ്ടായിരുന്നു. ഞങ്ങളുടെ കൃഷിയെല്ലാം നിങ്ങൾ നശിപ്പിക്കുമെന്നാണ് അവർ ഞങ്ങളെ പറഞ്ഞു ധരിപ്പിച്ചത്. എന്നാൽ ഇപ്പോഴെനിക്കു നിങ്ങളുടെ യഥാർത്ഥ ഉദ്ദേശ്യം മനസ്സിലായി. ഞങ്ങൾക്കുവേണ്ടിയാണു നിങ്ങൾ ഇതൊക്കെ ചെയ്തത്, അല്ലേ? ഇങ്ങനെ ഇവിടെനിന്നു പിടിക്കപ്പെട്ടതിൽ ഞങ്ങളോടു ക്ഷമിക്കണം. നിങ്ങളുടെ ഓർമ്മയ്ക്കായി എന്തെങ്കിലും എനിക്കു തരുമോ?" ഒരു ലഘുലേഖ അയാൾക്കു കൊടുത്തു. നാലഞ്ചു മണിക്കൂറുകൾ അങ്ങനെ കഴിഞ്ഞപ്പോഴാണ് പേരാവൂരിൽനിന്ന് എസ്.ഐ.യും പാർട്ടിയും എത്താറായെന്ന് ആരോ പറഞ്ഞത്. ഇതിനിടയ്ക്കു ഞങ്ങൾക്ക് ഇഷ്ടംപോലെ ചായയും കുറെ പഴങ്ങളും ആരൊക്കെയോ കൊണ്ടുത്തന്നിരുന്നു. രാത്രി പന്ത്രണ്ടു മണിയായപ്പോൾ എസ്.ഐ.യും പാർട്ടിയും എത്തി. വന്നയുടനെ തന്നെ എസ്.ഐ. എല്ലാവരെയും അടിമുതൽ മുടിവരെ പരിശോധിച്ച് ഞങ്ങളോടു നടക്കാൻ പറഞ്ഞു. വഴിനീളെ ഞങ്ങളെ ഓരോരുത്തരെയും അയാളും മറ്റു പോലീസുകാരും പലവിധത്തിലും മർദ്ദിക്കുന്നുണ്ടായിരുന്നു. അവിടെവെച്ചുതന്നെ ഇടിച്ചു ജീപ്പിൽ കയറ്റി ഞങ്ങളെ പേരാവൂർ പോലീസ് സ്റ്റേഷനിലേക്കു കൊണ്ടുപോയി. വഴിയിൽ അവിടവിടെയുള്ള ഔട്ട്പോസ്റ്റുകളിൽ ജീപ്പു നിർത്തി. പോലീസുകാരെ വിളിച്ച് ഞങ്ങളെ കാണിച്ചുകൊടുത്തശേഷം ഇടതടവില്ലാതെ ഇടിയും കുത്തും ചവിട്ടും തന്നു, പോരാതെ പച്ചത്തെറിയും പറഞ്ഞ്, പേരാവൂരി



Scanned by CamScanner

38 വർഷങ്ങൾക്കുമുമ്പ്, തന്നെ ഒറ്റുകൊടുത്ത ഗ്രാമത്തിന്റെ സ്വീകരണം ഏറ്റുവാങ്ങാനാണ് അന്നവർ അടക്കാത്തോട്ടിലേക്കു വന്നത്. 5000 ത്തോളം വരുന്ന തദ്ദേശവാസികൾ അജിതയെ കാണാൻ വന്നു; ജയ് വിളിച്ചു. അത്യപൂർവ്വമായിരുന്ന ആ സംഭവം പത്രങ്ങൾ അന്ന് റിപ്പോർട്ടു ചെയ്തിരുന്നതാണ്. അടക്കാത്തോട്ടിലെ കുടിയേറ്റത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷമായിരുന്നു അത്. ഗംഭീരമായിരുന്നു അന്നവിടെ തനിക്കു ലഭിച്ച സ്വീകരണമെന്ന് അജിതതന്നെ ഓർക്കുന്നുണ്ട്.

അടക്കാത്തോടിനെ സംബന്ധിച്ച്, അജിതയെയുംസംഘത്തെയും പിടികൂടിയതാണ് ആ നാട്ടിൽ അരങ്ങേറിയ ഏറ്റവും വലിയ സംഭവം. അതുകൊണ്ട് അജിത ഓർമ്മക്കുറിപ്പിൽ പറയുന്ന കാര്യങ്ങളെല്ലാം, ചായക്കടയും പള്ളിമണിയും പ്രമാണിയായ അച്ചനുമെല്ലാം അവരുടെ മനസ്സിൽ ആഴത്തിൽ പതിഞ്ഞു കിടക്കുന്നുണ്ട്.

ആദ്യം അജിതയുടെ ഓർമ്മക്കുറിപ്പുകളിലെ പതിന്നാലാം അധ്യായത്തിലേക്കു പോകാം. ചെയർമാൻ മാവോയുടെ സിദ്ധാന്തങ്ങളെ ശിരസ്സാ വഹിച്ച് ജന്മിഗൃഹങ്ങളും പോലീസ് സ്റ്റേഷനുകളും ആക്രമിച്ച് ഒരു പതിനഞ്ചംഗസംഘം സായുധവിപ്ലവത്തിന്റെ പാതയിലൂടെ മുന്നേറുകയായിരുന്നെങ്കിലും ഒരു ഘട്ടത്തിലെത്തിയപ്പോൾ ലക്ഷ്യം പിഴയ്ക്കുന്നതായി സമരസഖാക്കൾക്കുതന്നെ ബോദ്ധ്യമായി. പതർച്ചയുടെ സൂചനകൾ പതിമൂന്നാം അധ്യായത്തിൽത്തന്നെയുണ്ട്. പതിന്നാലാമധ്യായം പരാജയഭീതിയിൽ ഒളിത്താവളങ്ങൾ തിരയുന്ന വിപ്ലവകാരികളുടെ ആശാഭംഗങ്ങളെ അടയാളപ്പെടുത്തുന്ന ആഖ്യാനമാണ്. സായുധവിപ്ലവത്തിന്റെ മലനിരകളിൽനിന്ന് പരാജയത്തിലേക്കുള്ള കുന്നിറക്കമായിരുന്നു അത്.

"ആ ക്യാമ്പിൽനിന്ന് ഞങ്ങൾ നടക്കാൻ തുടങ്ങി. കുറച്ചുദൂരം നടന്നപ്പോൾ അടിവാരത്തിലുള്ള ഒരു കാട്ടരുവിയുടെ കരയിലെത്തി. അടുത്തെവിടെയോ മരം മുറിക്കുന്ന ഒരു ശബ്ദം കേട്ടു. ആൾപ്പെരുമാറ്റമുള്ള സ്ഥലമെത്തിക്കഴിഞ്ഞെന്നു ഞങ്ങൾക്കു മനസ്സിലായി. ആ അരുവിയുടെ കരയിൽ അല്പനേരം ഇരുന്നശേഷം ഞങ്ങൾ വേഷത്തിൽ അല്പം ചില വ്യത്യാസങ്ങളൊക്കെ വരുത്തി. ഞാൻ എന്റെ പാന്റ്സും

**ഭാവനയുടെ നിറക്കൂട്ടുകൾ ചേർത്ത് വർണാഭമാക്കിയ, വായനാസുഖമുള്ള പത്രവാർത്തകളും ഇത്തരം ആശയ കാലുഷ്യമാണുണ്ടാക്കുക. എന്നിട്ടുപോലും പൊടിപ്പും തൊങ്ങലും അലങ്കാരങ്ങളും വെച്ചുകെട്ടിയ വാർത്തകളോടാണ് നമുക്കെന്നും ഇഷ്ടം. കൈയിൽ കിട്ടുന്ന വാർത്തകളെ കിടിലൻ സ്റ്റോറികളായി രൂപാന്തരപ്പെടുത്തുന്ന റിപ്പോർട്ടുകൾക്ക് കേരളത്തിൽ കൂടുതൽ സ്വീകാര്യത കിട്ടുന്നുണ്ട്. വാർത്തകളെ കഥകളാക്കി മാറ്റുന്ന ഭാവനാശാലികളെക്കൊണ്ട് പത്രമാഫീസുകൾ നിറയുന്നതിന്റെ രഹസ്യമിതാണ്.**

ഷർട്ടും മാറ്റി, കെട്ടിപ്പൊതിഞ്ഞുവെച്ചിരുന്ന സാരിയെടുത്ത് ഉടുത്തു. അതിനിടയ്ക്കു രണ്ടു സഖാക്കൾ മരംവെട്ടുന്ന ശബ്ദം കേട്ടിടത്തേക്കു വിവരങ്ങൾ അന്വേഷിക്കാൻ പോയിരുന്നു. അവർ മടങ്ങി വന്നപ്പോൾ ഇവിടെ അടുത്തുള്ള സ്ഥലത്തിന്റെ പേര് അടക്കാത്തോടാണെന്നും ഞങ്ങൾ ഇപ്പോൾ എത്തിപ്പെട്ട സ്ഥലം ഒരു കോഴിക്കോടൻ മുതലാളിയുടെ മരം മുറിക്കുന്ന കൂപ്പാണെന്നും മരം വെട്ടിക്കൊണ്ടിരുന്നയാൾ പറഞ്ഞെന്നു ഞങ്ങളെ അറിയിച്ചു. ക്രിസ്ത്യാനികളായ കുറെ കൃഷിക്കാർ കുടിയേറിപ്പാർക്കുന്ന ഒരുതരം കോളനിയാണ് അടക്കാത്തോടെന്ന് സഖാക്കൾ പറഞ്ഞു. പള്ളിയുടെ ഭരണം നടക്കുന്ന ഒരു സ്ഥലമാണ് അത്. അതിന്റെ അഞ്ചാറു മൈലിന് അപ്പുറമുള്ള ഒരു പട്ടണം പേരാവൂർ മാത്രമാണ്. കൊട്ടിയൂരിനെ ലക്ഷ്യമാക്കി നീങ്ങിയ ഞങ്ങൾ കൊട്ടിയൂരിന്റെ എത്രയോ ദൂരത്തുള്ള അടക്കാത്തോട്ടിലാണ് എത്തിയത്. സാരമില്ല. ഇനിയേതായാലും ഇവിടെ ഇറങ്ങുകതന്നെ. ഞങ്ങൾ വഴി തിരഞ്ഞുപിടിച്ച് ഒരു നാടൻ പാതയിലെത്തി. ലോറികൾക്കു പോകാൻ പറ്റുന്ന വീതികുറഞ്ഞ ഒരു റോഡായിരുന്നു അത്. ഞങ്ങൾ കൂട്ടംപിരിഞ്ഞ് മുമ്മൂന്നു പേരടങ്ങുന്ന ഗ്രൂപ്പുകളായി നടക്കാൻ തുടങ്ങി. നേരം സന്ധ്യയോടടുക്കുന്നുണ്ടായിരുന്നു. എന്നോടൊപ്പം സഖാക്കൾ രാമൻനായരും ചെല്ലപ്പനും കൂടാതെ ഫിലിപ്പുമാണ് ഉണ്ടായിരുന്നത്. എനിക്കു നടക്കാൻ ബുദ്ധിമുട്ടിയിരുന്നതുകൊണ്ട് ഞങ്ങളുടെ ബാച്ച് വളരെ പിന്നിലായിപ്പോയി. അടക്കാത്തോട്ടിലെത്തി, അവിടെ ബസ് എപ്പോഴാണ് എത്തുകയെന്ന് അന്വേഷിക്കണം, കിട്ടുന്ന ബസ് പിടിച്ച് സ്ഥലം വിടണം എന്നൊക്കെ തമ്മിൽത്തമ്മിൽ പറഞ്ഞ് മെല്ലെ കൂപ്പുറോഡിൽക്കൂടെ നടന്നപ്പോൾ അവിടവിടെയായി കൂപ്പിലെ തൊഴിലാളികൾ പണികഴിഞ്ഞു വിശ്രമിക്കുന്നതു കാണാമായിരുന്നു. കുറെദൂരം ആ നാടൻപാതയിലൂടെ നടന്നപ്പോൾ ഞങ്ങൾ അടക്കാത്തോടിന്റെ സമീപമെത്തി. ആ ടൗണിലെത്തുന്നതിനു തൊട്ടുമുമ്പുതന്നെ ഞങ്ങളുടെ മുമ്പേപോയ ബാച്ചിലെ ഒരു സഖാവ് വന്ന് ആൾക്കാർക്കെന്തോ മണം കിട്ടിയിട്ടുണ്ടെന്നു തോന്നുന്നതായി പറഞ്ഞു. ആദ്യമാദ്യം എത്തിയ സഖാക്കൾ ചായക്കടയിൽ കയറി ചായ കുടിച്ചപ്പോൾ ഇവിടെ ബസ് എപ്പോഴാണു വരികയെന്നു ചോദിച്ചത്രേ. ആ കുഗ്രാമത്തിൽ അന്നേവരെ ബസ് സർവീസ് എത്തിയിട്ടില്ലായിരുന്നു. സഖാക്കളുടെ ഈ ചോദ്യം ആളുകളിൽ സംശയമുളവാക്കിയിട്ടുണ്ടെന്ന് സഖാവ് പറഞ്ഞു. ഞങ്ങളേതായാലും ധൈര്യമവലംബിച്ച് മുമ്പോട്ടുതന്നെ നടന്ന് ടൗണിലേക്കു കയറി. അവിടെ ഒരു ചെറിയ കടയിൽ ചെന്നു സഖാക്കൾ ആരോ ബീഡി ചോദിച്ചു. ആ കടയുടെ മുമ്പിൽ നിന്നപ്പോൾ, ചുവന്ന തലേക്കെട്ടു കെട്ടിയ ഒരാൾ അന്നത്തെ മനോരമ ദിനപത്രം എടുത്തുകൊണ്ടുവന്ന് അതിലുണ്ടായിരുന്ന എന്റെ ഒരു പഴയ ചിത്രം വെളിച്ചത്തിൽ വച്ചു



Scanned by CamScanner

തിക്കവാറും എല്ലാ ഫോട്ടോകളും എടുത്തിട്ടുള്ളതു ഞാനാണ്. വർഗീസ് രാഷ്ട്രീയത്തിൽ സജീവമാകുന്ന കാലം മുതൽ ഞാൻ വർഗീസിന്റെ ഫോട്ടോ എടുത്തിട്ടുണ്ട്. ഒടുവിൽ മരിച്ചുകിടക്കുന്നത് ക്യാമറയിൽ പകർത്തിയതും ഞാൻതന്നെയായിരുന്നു. സ്കൂളിൽ പഠിക്കുമ്പോഴുള്ളവയും എം.വി. രാഘവനോടൊപ്പമുള്ളതും വളണ്ടിയർ മാർച്ചിൽ പങ്കെടുക്കുമ്പോഴുള്ളതുമായ ഫോട്ടോകൾ ഞാനിപ്പോഴും സൂക്ഷിച്ചുവച്ചിട്ടുണ്ട്. നക്സൽസമരവുമായി ബന്ധപ്പെട്ട് അജിതയുടെയും കുന്നിക്കലിന്റെയും മന്ദാകിനിയുടെയും ഫിലിപ്പ് എം. പ്രസാദിന്റെയും ഫോട്ടോകൾ ഇവിടെയുണ്ട്. പാന്റ്സും ബ്ലൗസും ധരിച്ച് അക്ഷോഭ്യയായി ക്യാമറയിൽ നോക്കി നിൽക്കുന്ന അജിതയുടെ ഫോട്ടോ ഏറെ ശ്രദ്ധിക്കപ്പെട്ടതാണ്."

ബേബി തങ്കപ്പൻ തുടർന്നു: "കേരളത്തിൽ നക്സലൈറ്റുകൾക്ക് ഇത്രയേറെ ഗ്ലാമർ കിട്ടിയതിന്റെ പ്രധാന കാരണം അജിതയാണ്. ഒരു ചെറുപ്പക്കാരിപ്പെണ്ണ് തോക്കേന്തിയ പുരുഷന്മാരോടൊപ്പം ഇത്ര ധൈര്യത്തോടെ ഒരു പെരുംകാട്ടിലൂടെ വരുന്നത് ഇക്കാലത്തുപോലും സങ്കല്പിക്കാൻ കഴിയുകയില്ല. അവരുടെ വീറും വാശിയുമാണ് എടുത്തു പറയേണ്ട കാര്യങ്ങൾ. പോലീസ് ലോക്കപ്പിൽ കിടക്കുമ്പോഴും പുറത്തുനിർത്തിയപ്പോഴും ഞാനവരുടെ ഫോട്ടോ എടുത്തിട്ടുണ്ട്."

തിരുനെല്ലിയിൽ കൂമ്പാറക്കുന്നിൽ എ. വർഗീസ് വെടിയേറ്റു വീണപ്പോൾ മൃതദേഹത്തിനരികിൽ ആദ്യമെത്തിയ ഫോട്ടോഗ്രാഫർ ബേബി തങ്കപ്പനായിരുന്നു. അഭിമുഖത്തിൽ അദ്ദേഹം പറയുന്നത് ശ്രദ്ധിക്കാം: "വർഗീസ് വെടിയേറ്റു കിടക്കുന്നതിന്റെ ഫോട്ടോ എടുക്കണമെന്നു ഞാൻ ആവശ്യപ്പെട്ടപ്പോൾ പോലീസുകാർ ആദ്യം എതിർത്തെങ്കിലും പിന്നീട് സമ്മതിച്ചു. അവർ എല്ലാം അറേഞ്ച് ചെയ്ത് വച്ചിരിക്കുകയായിരുന്നല്ലോ—അതുകൊണ്ടാണ് ഫോട്ടോ എടുക്കാൻ സമ്മതിച്ചത്. കൂടുതൽ ഫോട്ടോകൾ എടുക്കരുതെന്ന് പോലീസുകാർ പറഞ്ഞിരുന്നെങ്കിലും ഞാൻ അങ്ങോട്ടുമിങ്ങോട്ടുമൊക്കെ തിരിഞ്ഞ് കുറെ ഫോട്ടോകൾ എടുത്തിരുന്നു. ഫോട്ടോ എടുത്തു മടങ്ങുമ്പോഴാണ് ടി. നാരായണനും മറ്റും വരുന്നത്. അവരു വന്നപ്പോഴേക്ക് പായ്ക്കിങ്ങിന്റെ ഘട്ട



തോമസ് ജേക്കബ്

മെത്തിയിരുന്നു." അതേ അഭിമുഖത്തിൽ ബേബി തങ്കപ്പൻ പറഞ്ഞു.

2008-ൽ ബേബി തങ്കപ്പന്റെ അഭിമുഖം എടുക്കുമ്പോൾ മനോരമ ഫോട്ടോഗ്രാഫർ ടി. നാരായണൻ മരിച്ചിട്ട് അധികകാലമായിരുന്നില്ല. പരേതനോടുള്ള ആദരവു 'പരിഗണിച്ച് ബേബി തങ്കപ്പൻ അഭിമുഖത്തിൽ പറഞ്ഞിരുന്ന ഒരു കാര്യം പച്ചക്കുതിര പ്രസിദ്ധീകരണത്തിനുമുമ്പ് നീക്കംചെയ്തു. അത് ഇതാണ്. "മനോരമയുടെ ഫോട്ടോഗ്രാഫർ കോഴിക്കോടു നിന്ന് വന്നിട്ട് വർഗീസ് വെടിയേറ്റു  കിടക്കുന്നതിന്റെ ഫോട്ടോ പത്രത്തിലിടാൻ കഴിയാതെ വന്നാൽ അത് പത്രത്തിന് ക്ഷീണമായിരിക്കും. അതുകൊണ്ട് ബേബി എടുത്ത ചിത്രങ്ങളിലൊന്ന് എനിക്കു തരണമെന്ന്  ടി. നാരായണൻ ആവശ്യപ്പെട്ടു. മാനന്തവാടി സ്റ്റുഡിയോയിൽ എത്തി ഞാൻ നെഗറ്റീവ് കൊടുത്തു വിടുകയായിരുന്നു." അക്കാലത്തെ സുഹൃദ്ബന്ധത്തിന്റെ ആഴം വ്യക്തമാക്കുന്ന വാക്കുകളാണ് ഇതെന്നതുകൊണ്ടാണ് ഇതിവിടെ ചേർക്കുന്നത്. 2008-ൽ ഈ അഭിമുഖം പ്രസിദ്ധീകരിച്ച് കുറച്ചു മാസങ്ങൾക്കകം ബേബി തങ്കപ്പനും കാലയവനികയിൽ മറഞ്ഞു.

കേരളത്തിന്റെ സാംസ്കാരികചരിത്രത്തിലെ ഉജ്വലമായ ചില ഏടുകൾ ഇപ്രകാരം ചിത്രണം ചെയ്യപ്പെട്ടത് പിൽക്കാല ഗവേഷകർക്ക് ഏറെ ഗുണം ചെയ്തിട്ടുണ്ട്. മാനന്തവാടി ലോക്കപ്പിൽ കിടക്കുന്നത് അജിത തന്നെയാണോ എന്ന് പോലീസിന് സംശയമുണ്ടായിരുന്നെന്നും ടി. നാരായണൻ അജിതയെ തിരിച്ചറിഞ്ഞതുകൊണ്ടുമാത്രമാണ് കാര്യങ്ങൾ സ്ഥിരീകരിക്കപ്പെട്ടതെന്നുമാണ് തോമസ് ജേക്കബിന്റെ അഭിപ്രായം. "എന്നെ സ്റ്റൂളിൽ കയറ്റിയെടുത്ത ഫോട്ടോ യഥാർത്ഥത്തിൽ ലോക്കപ്പിൽനിന്ന് പുറത്തുകൊണ്ടുവന്ന് എടുത്തതാണ്. ഫോട്ടോഗ്രാഫർമാരുടെ ആവശ്യപ്രകാരമാണ് അതു ചെയ്തത് എന്നു തന്നെയാണ് ഞാൻ മനസ്സിലാക്കിയത്" (ഫോട്ടോ കാണാനല്ല കാടിറങ്ങിയത്—കെ. അജിത, മാതൃഭൂമി ആഴ്ചപ്പതിപ്പ് 95:31) എന്നാണ് അജിത ഇക്കാര്യത്തെക്കുറിച്ചു പറയുന്നത്. അനുഭവിച്ച വ്യക്തിതന്നെ ഇതു പറയുമ്പോൾ അതിന് കൂടുതൽ മൂല്യമുണ്ടാവാം. ശരിയായിരിക്കണം അത്.

## അജിതയുടെ ആദ്യമൊഴി

കേരളത്തിലെ നക്സലൈറ്റ് പ്രസ്ഥാനത്തിന്റെ ചരിത്രമന്വേഷിക്കുന്നവരെല്ലാം തിരുനെല്ലിക്കാടുകളിൽനിന്ന് അജിതയും സംഘവും അടക്കാത്തോട്ടിലെത്തിയതിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. പലതരം ആഖ്യാനങ്ങൾ കൂടിക്കലരുന്ന ഒരിടമാണ് അടക്കാത്തോട്. അജിതയുടെ ഓർമ്മക്കുറിപ്പിലെ പതിന്നാലാമത്തെ അധ്യായവും സെബാസ്റ്റ്യൻ ജോസഫിന്റെ 'വസന്തത്തിന്റെ ഇടിമുഴക്ക'ത്തിലെ മുപ്പത്തിമൂന്ന്- മുപ്പത്തിനാല് അധ്യായങ്ങളും ഫിലിപ്പ് എം. പ്രസാദിന്റെ വിപ്ലവത്തിൽനിന്ന് വിശ്വാസത്തിലേക്ക് എന്ന ഗ്രന്ഥവും ആർ.കെ. ബിജുരാജിന്റെ നക്സൽദിനങ്ങളെന്ന ഗ്രന്ഥവും പി.എം. ജോസഫിന്റെ അടയ്ക്കാത്തോടിന്റെ ചരിത്രപുസ്തകവും അടക്കാത്തോട് ഗ്രാമവാസികളുടെ അനുഭവവിവരണവുമെല്ലാം അടങ്ങുന്ന ആഖ്യാനപ്രളയംതന്നെയാണ് അടക്കാത്തോട് സംഭവത്തെക്കുറിച്ചുള്ളത്.

താൻ പിടിക്കപ്പെടുകയും പിന്നീട് പോലീസിൽ ഏല്പിക്കപ്പെടുകയും ചെയ്തത് ഏതു നാട്ടിലാണോ ആ നാട്ടിലേക്ക് 2006 ഏപ്രിൽ രണ്ടിന് അജിത ഒരിക്കൽക്കൂടി വന്നതായി അടക്കാത്തോടിന്റെ ചരിത്രം പറയും.



Scanned by CamScanner



*അജിത പോലീസ്പിടിയിലായ അടക്കാത്തോടിലെ കെട്ടിടം. ഇതിന്റെ മുകൾ നിലയിലാണ് ജനക്കൂട്ടം അജിതയെ 'തടങ്കലിൽ' വച്ചത്. / ഫോട്ടോ: എൻ. പ്രദീപ്*

ന്റെയും പ്രതിനിധിയല്ലാതിരുന്ന ബേബി തങ്കപ്പൻ അത്തരം ഒരാളാണ്. പ്രസ് ഫോട്ടോഗ്രാഫിയൊക്കെ ഇത്ര സജീവമാകുന്നതിനുമുമ്പ് ആത്മാവിഷ്കാരത്തിന്റെ ഭാഗമായി ഫോട്ടോഗ്രഫിയെ കാണുകയും ഫോട്ടോഗ്രഫിക്ക് ചില സാംസ്കാരിക ദൗത്യങ്ങളുണ്ടെന്നു വിശ്വസിക്കുകയും ചെയ്ത ഫോട്ടോഗ്രാഫറാണ് ബേബി തങ്കപ്പൻ. അദ്ദേഹം അന്നെടുത്ത പല ചിത്രങ്ങളും ഇന്ന് സാംസ്കാരിക കേരളം കണ്ടുകൊണ്ടിരിക്കുന്നുണ്ട്. ഫോട്ടോഗ്രഫിയുടെ ഈ പ്രാധാന്യം മലയാള മനോരമയുടെ ഫോട്ടോഗ്രാഫറായിരുന്ന ടി. നാരായണനും അറിയാമായിരുന്നു. അതുകൊണ്ടാണ് ടി. നാരായണനോട് "അന്ന് എന്റെ ചിത്രങ്ങളെടുത്തുവിറ്റ് കുറെ കാശുണ്ടാക്കിക്കാണും അല്ലേ," എന്ന് അജിത ചോദിച്ചപ്പോൾ "നിങ്ങൾ ഇന്നു ജീവിച്ചിരിക്കുന്നത് അന്നു ഞാൻ ലോക്കപ്പിൽനിന്നെടുത്ത ചിത്രങ്ങൾകൊണ്ടാണ്, നിങ്ങൾ പോലീസിന്റെ പിടിയിലുണ്ടായിരുന്നു എന്നതിന്റെ ഏക തെളിവാണത്. അതില്ലായിരുന്നെങ്കിൽ നിങ്ങൾക്കു പിന്നീട് വർഗീസിനുണ്ടായ ഗതി ഉണ്ടാകുമായിരുന്നില്ലെന്ന് ആരു കണ്ടു" എന്നു പറഞ്ഞത് (മാതൃഭൂമി അഭിമുഖം പേജ് 22). അതുകേട്ടതോടെ അജിത നിശ്ശബ്ദയായി എന്നും തോമസ് ജേക്കബ് നിരീക്ഷിക്കുന്നു.

## ബേബി തങ്കപ്പന്റെ മൊഴി

ടി. നാരായണൻ ചെയ്തതുപോലെ മാനന്തവാടിയിലെത്തിയ അജിതയുടെയും സംഘത്തിന്റെയും അതിനുമുമ്പ് മന്ദാകിനിയുടെയും ചിത്രങ്ങൾ ബേബി തങ്കപ്പനും എടുത്തുവച്ചിരുന്നു. 2008 ഏപ്രിലിൽ ബേബി തങ്കപ്പനുമായി ഈ ലേഖകൻ ഒരു അഭിമുഖസംഭാഷണം നടത്തുകയും അത് 'ഓർമ്മകളുടെ ഛായാഗ്രഹണം' എന്ന പേരിൽ പച്ചക്കുതിര മാസികയിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. കേരളത്തിലെ നക്സലൈറ്റ് പ്രസ്ഥാനത്തിൽപ്പെട്ട നിരവധിപേരുടെ ഫോട്ടോകൾ ബേബി തങ്കപ്പന്റെ ശേഖരത്തിലുണ്ടായിരുന്നു. മാനന്തവാടി പോലീസ് ലോക്കപ്പുമുറിയിൽ അജിത നിൽക്കുന്നതിന്റെയും പാന്റ്സും ബുഷ്സ്ലീട്ടും ക്യാമറയിലേക്ക് അക്ഷോഭ്യയായി നിൽക്കുന്നതിന്റെയും ദൃശ്യങ്ങൾ ബേബി തങ്കപ്പൻ പകർത്തിയിട്ടുണ്ട്. മന്ദാകിനി നാരായണന്റെയും ഫിലിപ്പ് എം. പ്രസാദിന്റെയും വർഗീസിന്റെയും അടക്കമുള്ള വിപുലമായ ഫോട്ടോശേഖരം കാണിച്ച് അദ്ദേഹം ഒരു കാര്യം പറഞ്ഞു: "ഞാനെടുത്ത ഈ ചിത്രങ്ങളൊക്കെ ക്രെഡിറ്റ് ലൈൻപോലും കൊടുക്കാതെ കേരളത്തിലെ പത്രമാസികകളിൽ അടിച്ചുവന്നിട്ടുണ്ട്. കേരളത്തിലെ ഒരു ഫോട്ടോഗ്രാഫർക്കും ഈ ഗതി വന്നിട്ടുണ്ടാകില്ല" എന്ന്. എ. വർഗീസിന്റേതായി ഇന്നു കേരളത്തിൽ കാണുന്ന ചിത്രങ്ങളെല്ലാം ബേബി തങ്കപ്പനെടുത്തവയാണ്. എം.വി. രാഘവനോടൊപ്പമുള്ളതും വളണ്ടിയർ വേഷത്തിലുള്ളതും തിരുനെല്ലിക്കാട്ടിൽ വെടിയേറ്റു കിടക്കുന്നതും മൃതദേഹത്തിനരികെ കുടുംബാംഗങ്ങൾ നിൽക്കുന്നതുമെല്ലാം ബേബി തങ്കപ്പനെടുത്തവയാണ്.

കേരളരാഷ്ട്രീയ ചരിത്രത്തിന്റെ ഭാഗമായി പിന്നീട് മാറിത്തീർന്ന ആ ചിത്രങ്ങളെടുക്കാനും അത് കാലങ്ങളോളം സൂക്ഷിച്ചു വയ്ക്കാനും താത്പര്യം കാണിച്ച ബേബി തങ്കപ്പന്റെ പഴയ അഭിമുഖം ചില ഉൾക്കാഴ്ചകൾ തരുന്നതാണ്.

"ഇടതുപക്ഷ തീവ്രവാദപ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട ഫോട്ടോഗ്രാഫുകൾ ഏറെ പ്രയാസപ്പെട്ട് ഞാനെടുത്തിട്ടുണ്ട്. എ. വർഗീസിന്റെ



Scanned by CamScanner

**എൻ. പ്രഭാകരന്റെ** പ്രസിദ്ധമായ ഒരു ചെറുകഥയാണ് 'മറുപിറവി.' ഊരുതെണ്ടി നടക്കുന്ന രണ്ടുപേർ, കരുണനും കുമാരനും അവരുടെ പൂർവജന്മത്തിന്റെ കഥകൾ പറയുന്നു. കഥയുടെ പശ്ചാത്തലവും സന്ദർഭവുമൊക്കെ ഒന്നുതന്നെ. ഒരാൾ കഥയിലെ ഭർത്താവും അപരൻ കഥയിലെ ഭാര്യയുമായിരുന്നു എന്ന മട്ടിലാണ് ആഖ്യാനങ്ങൾ നീങ്ങുന്നത്. ഒരേ കഥതന്നെയാണ് പറയുന്നതെങ്കിലും ആഖ്യാനത്തിലും സൂക്ഷ്മാംശങ്ങളിലുമുള്ള വ്യത്യാസങ്ങൾമൂലം പരസ്പരവിരുദ്ധമായ കാര്യങ്ങളാണ് അവർക്കു പറയാനുള്ളത്. ആരുടെ കഥയാണ് വാസ്തവമെന്നറിയാതെ വായനക്കാർ കുഴങ്ങിപ്പോകുന്നു. ഒരേ കാര്യത്തിന് വ്യത്യസ്തമായ ആഖ്യാനങ്ങളും ഭാഷ്യങ്ങളും വരുന്നതോടെ അതിൽ ഏതു സ്വീകരിക്കണമെന്നറിയാതെ കുഴങ്ങിപ്പോകുന്ന ഒരു വായനാസമൂഹമുണ്ടാകുമെന്നായിരിക്കാം കഥയുടെ ഉപദർശനം.

ഭാവനയുടെ നിറക്കൂട്ടുകൾ ചേർത്ത് വർണാഭമാക്കിയ, വായനാസുഖമുള്ള പത്രവാർത്തകളും ഇത്തരം ആശയ കാലുഷ്യമാണുണ്ടാക്കുക. എന്നിട്ടുപോലും പൊടിപ്പും തൊങ്ങലും അലങ്കാരങ്ങളും വെച്ചുകെട്ടിയ വാർത്തകളോടാണ് നമുക്കെന്നും ഇഷ്ടം. കൈയിൽ കിട്ടുന്ന വാർത്തകളെ കിടിലൻ സ്റ്റോറികളായി രൂപാന്തരപ്പെടുത്തുന്ന റിപ്പോർട്ടുകൾക്ക് കേരളത്തിൽ കൂടുതൽ സ്വീകാര്യത കിട്ടുന്നുണ്ട്. വാർത്തകളെ കഥകളാക്കി മാറ്റുന്ന ഭാവനാശാലികളെക്കൊണ്ട് പത്രമാഫീസുകൾ നിറയുന്നതിന്റെ രഹസ്യമിതാണ്. വാർത്തകളിൽ ഭാവനാംശം കൂടുമ്പോഴാണ് വാർത്താധിഷ്ഠിതകഥകൾ രൂപപ്പെടുന്നത്. വാർത്തയിലെ 'യാഥാർത്ഥ്യം' പറയുന്ന രീതികൊണ്ട് സൃഷ്ടിക്കപ്പെടുന്നതാണെന്ന് അറിയാമെങ്കിലും യാഥാർത്ഥ്യത്തിന്റെ ഭാവനാവത്കൃത രൂപങ്ങളോട് വായനക്കാർക്ക് പ്രിയമേറും. വാർത്താമാധ്യമങ്ങളുടെ ലോകത്ത് ഇങ്ങനെ പലവിധ മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്.

പത്രമാധ്യമലോകത്തെ ഇത്തരം പുതിയ പ്രവണതകളെ അടുത്തുകണ്ട, മലയാള മനോരമയുടെ എഡിറ്റോറിയൽ ഡയറക്ടർസ്ഥാനത്തുനിന്നു വിരമിച്ച മുതിർന്ന പത്രപ്രവർത്തകനായ തോമസ് ജേക്കബ് കേരളത്തിന്റെ പത്രപ്രവർത്തനചരിത്രത്തെ നെടുകെ ഛേദിച്ച് കമൽറാം സജീവുമായി നടത്തുന്ന അഭിമുഖസംഭാഷണം (മാതൃഭൂമി ആഴ്ചപ്പതിപ്പ് 95:29) മെറ്റാ ജേർണലിസത്തിന്റെ വകുപ്പിൽപ്പെടുത്താവുന്നതാണ്. കേരളചരിത്രത്തിലെ ചില നിർണായക വഴിത്തിരിവുകളെ സ്പർശിക്കുന്ന തോമസ് ജേക്കബ് നക്സലൈറ്റ് പ്രക്ഷോഭകാലത്തും അടിയന്തരാവസ്ഥാക്കാലത്തും കേരളത്തിലെ മുഖ്യധാരാ മാധ്യമങ്ങൾ സ്വീകരിച്ച നയസമീപനങ്ങളെക്കുറിച്ചും ഇ.എം.എസ്., അജിത, അടിയന്തരാവസ്ഥ എന്നിവയെക്കുറിച്ചും ഗൗരവമുള്ള നിരീക്ഷണങ്ങൾ നടത്തുന്നുണ്ട്. കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തെ ഒരിക്കൽക്കൂടി പുനർവിചാരണ ചെയ്യാൻ ഈ അഭിമുഖസംഭാഷണം അവസരമൊരുക്കുന്നുണ്ട്. മലയാള മനോരമ ആഴ്ചപ്പതിപ്പിലെ കഥക്കൂട്ടെന്ന തന്റെ പംക്തിയിലും പലപ്പോഴായി അദ്ദേഹം ഇത്തരം കാര്യങ്ങൾ എഴുതിയിട്ടുണ്ട്.

പത്തുനാല്പത്തിയെട്ടു വർഷങ്ങൾ കടന്നുപോയെങ്കിലും കേരളീയരുടെ ബോധമനസ്സിൽ തറഞ്ഞുകിടക്കുന്ന ചില നാടോടി വാങ്മയങ്ങളുടെ സൂക്ഷ്മാപഗ്രഥനത്തിനും തോമസ് ജേക്കബിന്റെ വാക്കുകൾ അവസരമൊരുക്കി.

## തോമസ് ജേക്കബ് പറഞ്ഞത്

കേരളത്തിലെ നക്സലൈറ്റ് പ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ ഒരു ഘട്ടമവസാനിക്കുന്നത് അടക്കാത്തോട് എന്ന ഒരു മലയോര ഗ്രാമത്തിലാണ്. കണ്ണൂർജില്ലയിലെ കേളകം പഞ്ചായത്തിലുൾപ്പെട്ട ഈ സ്ഥലം ചരിത്രത്തിൽ ഇടംപിടിക്കുന്നത് അജിതയടക്കമുള്ള നക്സലൈറ്റ് സംഘത്തെ പിടികൂടി പോലീസിൽ ഏല്പിക്കുന്നതോടെയാണ്. വയനാട്ടിലെ തിരുനെല്ലിക്കാടിറങ്ങി അജിതയും സംഘവും അടക്കാത്തോടിൽ എത്തുന്നത് ശരിക്കു പറഞ്ഞാൽ 1968 ഡിസംബർ രണ്ടിനാണ്. അന്ന് രാത്രി എട്ടുമണി സമയത്താണ് അവർ പിടിക്കപ്പെടുന്നതും. നക്സലൈറ്റുകളെ സംബന്ധിച്ചെങ്കിലും അടക്കാത്തോട് 'ഒറ്റുകാരുടെ ഗ്രാമ'മായിത്തീർന്നു. അന്ന് അജിതയെയും സംഘത്തെയും പിടികൂടിയ ഗ്രാമവാസികളിൽ ചിലരൊക്കെ മൺമറഞ്ഞുപോയെങ്കിലും പ്രധാനപ്പെട്ട സാക്ഷികളിൽ പലരും ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്.

അടക്കാത്തോടിന്റെ പേരെടുത്തു പറയാതെ അജിത പിടിക്കപ്പെട്ട സംഭവം തോമസ് ജേക്കബ് വിവരിക്കുന്നുണ്ട്. 'ആ ദിവസങ്ങളിലാണ് തന്റെ പടം മനോരമയുടെ ഒന്നാം പേജിൽ വന്നിട്ടുണ്ടെന്ന് അജിത കേൾക്കുന്നത്. പത്രത്തിൽ പടം വന്നതൊന്നു കാണാൻ വനത്തിലെ ഒളിസ്ഥലത്തുനിന്ന് ജനവാസസ്ഥലത്തേക്കിറങ്ങാൻ അജിത തീരുമാനിച്ചു. ഒരു ചായക്കട കണ്ടപ്പോൾ അവിടെ കയറി. മനോരമപത്രം ഉണ്ടോ എന്നു ചോദിച്ചു. കടയുടമ അന്നത്തെ മനോരമ കൊടുത്തു. തീയതി നോക്കിയശേഷം ഇന്നത്തെ മനോരമയല്ല മിനിയാന്നത്തെ മനോരമ എന്ന് അജിത പറഞ്ഞു. രണ്ടുനാൾ മുമ്പത്തെ മനോരമ കിട്ടിയപ്പോൾ ഒരു ചായയ്ക്ക് ഓർഡർ കൊടുത്തശേഷം ഒന്നാംപേജിലെ ചിത്രത്തിൽനിന്ന് കണ്ണെടുക്കാതെ അജിത ഇരുന്നു (മാതൃഭൂമി ആഴ്ചപ്പതിപ്പ്).'

സംഭവത്തിൽ ഉൾപ്പെട്ട സാക്ഷാൽ അജിതയും ഫിലിപ്പ് എം. പ്രസാദും സംഭവത്തിന് ദൃക്സാക്ഷികളായ അടക്കാത്തോട്ടിലെ ഗ്രാമവാസികളും ഇവിടെ വിവരിക്കപ്പെട്ട സംഭവത്തെക്കുറിച്ച് വ്യത്യസ്തമായ ചില ആഖ്യാനങ്ങളാണ് നൽകുന്നത്. വ്യത്യസ്തമായ ആഖ്യാനങ്ങളുണ്ടാകുമ്പോൾ വസ്തുതയുടെ നിജസ്ഥിതി അന്വേഷിച്ചു കുറച്ചുകൂടി പഴയകാലത്തേക്ക് പോകേണ്ടിവരും. ഇപ്പോൾ ജീവിച്ചിരിക്കുന്നവർ പറയുന്നതും മരിച്ചുപോയവർ മുമ്പ് പറഞ്ഞുവച്ചവയുമൊക്കെ ചികഞ്ഞു നോക്കേണ്ടിവരും; പലതും ചേർത്തു വയ്ക്കേണ്ടിവരും.

പഴയകാല ചരിത്രസംഭവങ്ങൾ തെളിമയോടുകൂടി കാണാനുള്ള നല്ല ഉപാധികളിലൊന്ന് ഫോട്ടോഗ്രഫിയാണ്. അടക്കാത്തോട്ടിൽ അജിതയും സംഘവുമെത്തിയതിന്റെ ഫോട്ടോ എടുത്ത് ആരെങ്കിലും സൂക്ഷിച്ചിട്ടുണ്ടോ എന്നറിയില്ല. അതു ലഭിച്ചിരുന്നെങ്കിൽ കുറച്ചുകൂടി വ്യക്തമായ തെളിവുകൾ നമുക്കു ലഭിക്കുമായിരുന്നു. അടക്കാത്തോട് സംഭവത്തിന് വാചികമായ തെളിവുകൾ മാത്രമേ ഇപ്പോൾ ലഭ്യമുള്ളൂ. എന്നാൽ, പേരാവൂർ പോലീസ് സ്റ്റേഷനിൽനിന്ന് മാനന്തവാടി സ്റ്റേഷനിലേക്ക് അജിതയെയും സംഘാംഗങ്ങളെയും കൊണ്ടുവന്നപ്പോൾ അതിന്റെ ഫോട്ടോ എടുത്തുവയ്ക്കാൻ വിവേകം കാട്ടിയ ചില ഫോട്ടോഗ്രാഫർമാരുണ്ടായിരുന്നു. മാനന്തവാടിയിലെ ഒരു പത്രത്തി




Scanned by CamScanner

അന്വേഷണം

ജോസഫ് കെ. ജോബ്



മാനന്തവാടി പൊലീസ് സ്റ്റേഷനിൽ
അജിത (1968) / ഫോട്ടോ: ബേബി തങ്കപ്പൻ

# വാർത്തയുടെ പിറവി മറുപിറവികളും

കാര്യങ്ങൾ നേരിട്ട് കണ്ടിട്ടില്ലാത്ത പത്രപ്രവർത്തകൻ തോമസ് ജേക്കബിന്റെ മനോധർമ്മമാണോ, പോലിസുകാർ പുറത്തുവിടുന്ന ഭാഷ്യങ്ങളാണോ സ്വന്തം അനുഭവങ്ങൾ പറയുന്ന അജിതയുടേയും സംഘത്തിന്റെ മൊഴികളാണോ, എല്ലാം നേരിട്ടു കണ്ട അടക്കാത്തോടിലെ ജനങ്ങളുടെ സാക്ഷിമൊഴിയാണോ- ഏതാണ് പൊതുസമൂഹം വിശ്വസിക്കേണ്ടത്?

Scanned by CamScanner

# പച്ചക്കുതിര

ഡി സി ബുക്സ് പ്രസിദ്ധീകരിക്കുന്ന മാസിക

2017, നവംബർ








14 ദുഃഖം എന്നത് വ്യക്തിപരം മാത്രമല്ല
സുലാക് സിവരക്ഷ / സേതു ദാസ്

04 സർഗ്ഗാത്മക ശിക്കാരി
എം. മുകുന്ദൻ

21 വാർത്തയുടെ പിറവി മറുപിറവികളും
ഡോ. ജോസഫ് കെ. ജോബ്

52 മകൾച്ചിത്രങ്ങൾ
ഇന്ദിര ലങ്കേഷ്




ഫാഷിസത്തിന്റെ ഇരയായിമാറിയ ഗൗരി ലങ്കേഷിനെക്കുറിച്ച് അമ്മയുടെ ഓർമ്മക്കുറിപ്പ്.


08 പെൺപേടിയില്ലാത്ത പുരുഷൻ
എസ്. ശാരദക്കുട്ടി


വർദ്ധിച്ചു വരുന്ന ലൈംഗികാതിക്രമങ്ങളെക്കുറിച്ചു പ്രസംഗിക്കുമ്പോഴും മാധ്യമങ്ങളുമായി സംസാരിക്കുമ്പോഴും ഒക്കെ പുനത്തിൽ കുഞ്ഞബ്ദുള്ള കേരളത്തിലെ ആണുങ്ങളുടെ പെൺപേടിയെക്കുറിച്ചു പറയുമായിരുന്നു. കേരളത്തിലെ ഭീരുക്കളായ ആണുങ്ങൾക്കുള്ള ചികിത്സയായിരുന്നു ആ എഴുത്തും ഇടപെടലുകളും.


31 കുറ്റകൃത്യങ്ങളുടെ കാമുകൻ
ആട് ആന്റണി




അഴുക്കുചാലിലൂടെ അഭയംതേടി ദീർഘദൂരം സഞ്ചരിച്ച ജീവിതം എന്നെ സംബന്ധിച്ചിടത്തോളം പരാജയമെന്നു പറയാൻ കഴിയില്ല. കാരണം, എനിക്കു നേടിയെടുക്കാൻ വലിയ ആഗ്രഹങ്ങളില്ലായിരുന്നു. ഓരോ തവണയും അഴുക്കുചാലിൽനിന്നും കരകയറാൻ ശ്രമിക്കുമ്പോഴും കൂടുതൽ കൂടുതൽ ആഴങ്ങളിലേക്കു പതിക്കുകയായിരുന്നു. കാരണം, എന്നെ കള്ളനാക്കിയ സമൂഹത്തിനു മുന്നിൽ എനിക്കൊരു കള്ളനാകണമായിരുന്നു. പെരുംകള്ളൻ, കവർച്ച, കൊലപാതക കേസുകളിലൂടെ കുപ്രസിദ്ധനായ ഒരു മലയാളിയുടെ ആത്മകഥ.


43 എടോ മാഷേ...
ഡോ. സജിൻ പി.ജെ.





48 ഒരേ കാര്യത്തിന്റെ പല വ്യാഖ്യാനങ്ങൾ
ഡോ. വി.സി. ഹാരിസ്


ഇന്ന് ഇവിടെ അറിയപ്പെടുന്ന തരത്തിലുള്ള ക്രിസ്തുവിനെ യഹൂദർക്കും വേണ്ട മുസ്ലിങ്ങൾക്കും വേണ്ട. അപ്പോൾ രണ്ടല്ല, അതിലധികമായി വെട്ടിമുറിക്കപ്പെടുന്ന കഥാപാത്രമായി യേശു മാറുകയാണ്. ഇങ്ങനെ വെട്ടി മുറിക്കപ്പെടുന്നതിനുള്ള കാരണം ആ രാജ്യങ്ങളിലൊക്കെ നൂറ്റാണ്ടുകളായി നിലനിന്നു പോന്ന സവിശേഷമായ രാഷ്ട്രീയ, സാമൂഹിക അവസ്ഥകൾ തന്നെയാണ്.


മറുപടി .................................................. 56
മാഗസിൻ ഗാലറി/ കെ. ആർ. വിനയൻ ______ 66



165

മാനേജിങ് എഡിറ്റർ
രവി ഡി സി

2017 നവംബർ
പുസ്തകം 15
ലക്കം 4
ISSN 0972-5679

എഡിറ്റർ
ജയ്ദേവ് കെ.വി.

എഡിറ്റോറിയൽ കോ ഓർഡിനേഷൻ
എ.വി.ശ്രീകുമാർ

അഡ്വൈർടൈസ്മെന്റ് മാനേജർ
ജി. വേണുഗോപാൽ

സർക്കുലേഷൻ വിഭാഗം
അരവിന്ദ് പി.ആർ.
അതുൽ സി. പ്രസന്നൻ

ഓഫീസ് അസിസ്റ്റന്റ്
രശ്മി ഷാജി

പേജ് ലേഔട്ട്
വിശാഖ്‌രാജ് ടി.ആർ

കവർ ഡിസൈൻ
ബ്ലാക്ക്‌കോഫി

എഡിറ്റോറിയൽ ഓഫീസ്: ഡി സി കിഴക്കെമുറി ഇടം, ഗുഡ് ഷെപ്പേർഡ് സ്ട്രീറ്റ്, കോട്ടയം 686 001
ഫോൺ: 0481-2301614, 9846133335 pachakuthira@dcbooks.com, Pachakuthira Digital Copies : digitalmagazines.dcbooks.com/Pachakuthira


Scanned by CamScanner

**വർഗീസും നക്സലൈറ്റ് പ്രക്ഷോഭവുമൊക്കെ പെട്ടെന്നു മുളച്ചുവന്നതാണെന്ന ധാരണ പരത്താൻ പല ആഖ്യാനങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്. കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ രക്തരൂക്ഷിതമായ സമരപരമ്പരകൾ നടന്നിട്ടുള്ള കേരളത്തിൽ വർഗീസിന്റെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭത്തെ മാത്രം എടുത്തുചാട്ടമായി ചിത്രീകരിക്കാൻ കഴിയുമോ : നക്സൽബാരി മുന്നേറ്റങ്ങൾക്കും അരീക്കാട്ട് വർഗീസിന്റെ രക്തസാക്ഷിത്വത്തിനും അരനൂറ്റാണ്ട് തികയുന്ന വേളയിൽ ഒരു അവലോകനം.**

**തിരുനെല്ലിക്കാട്ടിൽ** പോലീസുകാരുടെ വെടിയുണ്ടയേൽക്കുന്നതിനുമുമ്പ് അരീക്കാട്ട് വർഗീസ് വിളിച്ചുപറഞ്ഞത് രക്തസാക്ഷിയുടെ ചോരയിൽനിന്ന് ആയിരമായിരം വർഗീസുമാർ പുനർജ്ജനിക്കുമെന്നാണ്. രക്തസാക്ഷിയുടെ ചോര വീണ വയനാടൻ മണ്ണിൽനിന്ന് പിന്നീട് എത്രപേർ പുനർജ്ജനിച്ചുവെന്നറിയില്ല. എന്നാൽ മരിച്ചശേഷം ഇക്കാലമത്രയും നിരവധി ആഖ്യാനങ്ങളിലൂടെ വർഗീസ് പുനർജ്ജനിച്ചുകൊണ്ടിരിക്കുകയാണ്. പ്രക്ഷോഭങ്ങളെല്ലാം കെട്ടടങ്ങിപ്പോയപ്പോഴും വർഗീസ് ആഖ്യാനങ്ങളിൽ പുനർജ്ജനിച്ചുകൊണ്ടിരുന്നു. വർഗീസിന്റെ ഈ പുനർജ്ജനി വിവിധ കാലങ്ങളിൽ പലരെയും അസ്വസ്ഥമാക്കിയിട്ടുണ്ട്. ഇപ്പോഴും അതു തുടരുകയും ചെയ്യുന്നു.

എ. വർഗീസ് വധിക്കപ്പെടുന്നത് പോലീസുകാരുമായുള്ള ഏറ്റുമുട്ടലിലായിരുന്നില്ല എന്ന് രാമചന്ദ്രൻ നായരുടെ വെളിപ്പെടുത്തലിനും എത്രയോ മുമ്പുതന്നെ വയനാട്ടുകാർക്ക് അറിയാം. ഏറ്റുമുട്ടൽ മരണമെന്ന പോലീസ് ഭാഷ്യം കേൾക്കുമ്പോൾ വയനാട്ടുകാർ ഊറിച്ചിരിക്കുമായിരുന്നു. വയനാടൻ മണ്ണിൽ പാടിപ്പതിഞ്ഞുപോയ കഥാഖ്യാനങ്ങളിലൊന്നാണ് വർഗീസിന്റേത്. ഒടുവിൽ ആ വീരേതിഹാസത്തിന്, കൊലപാതകകൃത്യം നിർവഹിച്ച പോലീസുകാരന്റെ സാക്ഷിമൊഴികൂടി ഉണ്ടായി എന്നുമാത്രം. രാമചന്ദ്രൻ നായരുടെ വെളിപ്പെടുത്തൽ കോടതിയുടെയും നിയമത്തിന്റെയും മാത്രം വിഷയമാണ് —നിലവിലുള്ള പോലീസ് ഭാഷ്യത്തെ നിഷേധിക്കുന്ന മറ്റൊരു ആഖ്യാനം. ഇങ്ങനെ പോലീസുകാരുടെ ആഖ്യാനത്തിലൂടെ, വയനാട്ടിലെ അനുഭവസ്ഥരുടെ ആഖ്യാനങ്ങളിലൂടെ, അജിത, തേറ്റമല കൃഷ്ണൻകുട്ടി, ഫിലിപ്പ് എം. പ്രസാദ് തുടങ്ങിയ സഹയാത്രികരുടെ ആഖ്യാനങ്ങളിലൂടെ, രാമചന്ദ്രൻ നായരുടെ ആഖ്യാനത്തിലൂടെ, കോടതിയുടെ വിധിന്യായങ്ങളിലൂടെ, ലക്ഷ്മണയുടെ ശിക്ഷാവിധിയിലൂടെ, തലപ്പാവ് എന്ന സിനിമയിലൂടെ, ഏറ്റവുമൊടുവിൽ, "കൊലപാതകിയും കൊടുംകുറ്റവാളിയുമായിരുന്നു വർഗീസ്" എന്ന സർക്കാർ സത്യവാങ്മൂലത്തിലൂടെ ആ മനുഷ്യൻ പുനർജ്ജനി നേടി.

ജീവിച്ചിരുന്നെങ്കിൽ ഇപ്പോൾ 79 വയസ്സു പൂർത്തിയാകുമായിരുന്നു അദ്ദേഹത്തിന്. നക്സലൈറ്റ് വീരകഥകൾ പറയുന്ന ഒരു മുത്തശ്ശനായി എവിടെയെങ്കിലും ഇരിക്കുന്നുണ്ടാകുമായിരുന്നു. 'ഭീകരമായ കൊള്ളയും കൊലയും നടത്തിയ വർഗീസ്' ജനങ്ങളുടെ പേടിസ്വപ്നമായിരുന്നെന്ന് 1968-ൽ മുഖപ്രസംഗമെഴുതിയ പത്രമാധ്യമങ്ങൾ 2017 ആകുമ്പോഴേക്ക് 'ബൊളീവിയൻ കാടുകളിൽ പോരാടി പൊലിഞ്ഞുപോയ ചെഗുവേരയുടെ മലയാളിപ്പതിപ്പെ'ന്നു വരെ അദ്ദേഹത്തെ പ്രകീർത്തിക്കുന്ന അവസ്ഥയിലെത്തി.

നക്സലൈറ്റ് പ്രസ്ഥാനത്തെക്കുറിച്ചും പ്രക്ഷോഭങ്ങളെക്കുറിച്ചും ഒരു ഡസനോളം മലയാളപുസ്തകങ്ങളുണ്ടായിട്ടുണ്ട്—ഒട്ടേറെ സിനിമകളും. വായനക്കാരെ ഉദ്വേഗത്തിന്റെ മുൾമുനയിൽ നിർത്തി വായന മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന ആഖ്യാനതന്ത്രങ്ങളാണ് പലതിലും പരീക്ഷിച്ചിട്ടുള്ളത്. ചോരയിൽ മുക്കി ചുമരിൽ പതിക്കപ്പെട്ട ആ കൈപ്പത്തി ആരുടേതായിരുന്നു എന്ന കാര്യത്തിൽ മാത്രം ഇതുവരെ തീരുമാനമുണ്ടായിട്ടില്ല! സങ്കീർണ്ണമായ ഗൂഢാലോചനയിലൂടെയും വലിയ സന്നാഹങ്ങളോടെയും നടപ്പിൽ വരുത്തിയ വലിയ ആക്ഷനുകളായിട്ടാണ് നക്സലൈറ്റ് പ്രക്ഷോഭങ്ങൾ വിലയിരുത്തപ്പെട്ടത്. ആക്ഷന്റെ ഏറ്റവും ചെറിയ കാര്യങ്ങൾപോലും എത്ര സൂക്ഷ്മമായിട്ടാണ് ആഖ്യാനം ചെയ്യപ്പെട്ടിരിക്കുന്നത്! സംഭവങ്ങളെ വാക്കുകളിലൂടെ പെരുപ്പിച്ചെടുത്തവയാണ് മിക്ക ആഖ്യാനങ്ങളും. മാധ്യമാഘോഷങ്ങൾക്ക് വേണ്ടതിലധികം സ്കോപ്പുണ്ടായിരുന്നു ഈ പ്രക്ഷോഭങ്ങളിൽ എന്നത് നേരുതന്നെ. 'വസന്തത്തിന്റെ ഇടിമുഴക്ക'മെന്നൊക്കെയുള്ള പേരിൽ അതിഭാവുകത്വം നിറഞ്ഞ അത്തരം ആഖ്യാനങ്ങളിൽ അഭിരമിച്ചിട്ടുള്ളവരാണ് മലയാളി വായനക്കാർ. വായനക്കാരെ കോരിത്തരിപ്പിക്കുന്ന ആഖ്യാനങ്ങളാണ് നക്സൽദിനങ്ങൾ മലയാളിക്കു നൽകിയത്. ഇത് ഒരു വശം. മറുവശത്ത് ഇങ്ങനെയൊരു പ്രസ്ഥാനമോ ഇത്തരം പ്രക്ഷോഭങ്ങളോ ഇവിടെ നടന്നിട്ടില്ലെന്ന് സ്ഥാപിച്ചെടുക്കാൻ കിണഞ്ഞു ശ്രമിക്കുന്ന ആഖ്യാനരീതികളുമുണ്ടായിട്ടുണ്ട്. പൊലിപ്പിച്ചും പെരുപ്പിച്ചും ആവേശം കൂട്ടുന്ന എഴുത്തിന് ഒരു വഴി. നിസ്സാരവത്കരിച്ചും തമസ്കരിച്ചുമുള്ള എഴുത്തിന് മറ്റൊരു വഴി.

'കേരളരാഷ്ട്രീയം നേരിട്ട ഏറ്റവും വലിയ പിന്നോട്ടടികളിലൊന്നാണ് നക്സലിസ'മെന്ന എം.എ. ബേബിയുടെ വിലയിരുത്തൽ വന്നത് ഈയടുത്തകാലത്താണ്. എം.എ. ബേബിയും പാർട്ടിയും നക്സലൈറ്റുകളോട് നന്ദി പറയണമെന്ന് കെ. വേണു അതിനു മറുപടി പറയുന്നു. "സംസ്ഥാനത്ത് ഒരു മണ്ഡലത്തിലെ തിരഞ്ഞെടുപ്പുവിധിയെപ്പോലും സ്വാധീനിക്കാനുള്ള ജനപിന്തുണ നക്സലൈറ്റുകൾക്കില്ലെന്ന നഗ്നസത്യം മറച്ചുവയ്ക്കാൻ ഈ മുൻ നക്സലൈറ്റുകളുടെ വാചകമടികൾ മതിയാവുകയില്ല" എന്നാണ് എം.എം. നാരായണൻ വേണുവിനോട് പ്രതികരിച്ചത്. നക്സലിസം ഒരു പരാജയപ്പെട്ട പ്രസ്ഥാനമായിരുന്നെന്ന് നക്സലിസത്തോടോ മാവോയിസത്തോടോ ഒന്നും യാതൊരു ആഭിമുഖ്യവുമില്ലാത്തവർപോലും പറയുകയില്ല. നക്സലിസത്തിൽ നിന്ന് വഴിമാറിപ്പോയവരും വഴിമാറി നടന്ന് ധ്യാനകേന്ദ്രങ്ങളിലും ആൾദൈവപാദങ്ങളിലും അഭയം നേടിയവരും എക്സ് നക്സലൈറ്റ് എന്ന ബഹുമതിപ്പേരോടെ ഇവിടെ ജീവിക്കുന്നുണ്ട്. അവരൊന്നും പ്രസ്ഥാനം പരാജയമായിരുന്നെന്ന് വിലയിരുത്തുകയില്ല; അതൊക്കെ ചരിത്രപരമായ ഒരു നിയോഗം എന്ന് ഊറ്റംകൊള്ളുകയും ചെയ്യും.



Scanned by CamScanner

# പച്ചക്കുതിര

ഡി സി ബുക്സ് പ്രസിദ്ധീകരിക്കുന്ന മാസിക

2017, ജൂൺ







30 മിഥ്യകളും തെറ്റുധാരണകളും
ഫൈസാൻ മുസ്തഫ

04 സഭാപ്രവേശം
എസ്. ശാരദക്കുട്ടി

22 ഇടതുപാർട്ടികൾക്ക് വർഗീസിനെ അറിയില്ലേ?
അരീക്കാട്ട് തോമസ്, മറിയം / ജോസഫ് കെ. ജോബ്

40 ക്വിറ്റ് ഇംഗ്ലീഷ്
പി. കെ. സുരേന്ദ്രൻ / കെ. പി. ജയേഷ്/ ടി. കെ. പ്രമോദ്കുമാർ



ഒട്ടും മനസ്സിലാകാതിരിക്കുന്നതിനേക്കാൾ ഭാഗികമായെങ്കിലും മനസിലാക്കുന്നതാണ് കലാരൂപത്തെ കൂടുതലറിയാൻ പ്രേരിപ്പിക്കുന്ന സംഗതി. ആനിലയ്ക്ക് ടൈറ്റിലുകളിലൂടെ കിട്ടുന്ന ചില അറിവുകൾ ദൃശ്യങ്ങളെയും സിനിമയെയുംപറ്റി മൊത്തത്തിൽ ആലോചിക്കാനും കൂടുതലറിയാനും വീണ്ടും കാണാനും പ്രേരിപ്പിക്കുന്നു.

20 വർഗീസ് എഴുതിയ കത്ത്



14 ആഖ്യാനഭേദങ്ങളും വിമർശനങ്ങളും
ജോസഫ് കെ. ജോബ്



വർഗീസും നക്സലൈറ്റ് പ്രക്ഷോഭവുമൊക്കെ പെട്ടെന്നു മുളച്ചുവന്നതാണെന്ന ധാരണ പരത്താൻ പല ആഖ്യാനങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്. കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ രക്തരൂക്ഷിതമായ സമരപരമ്പരകൾ നടന്നിട്ടുള്ള കേരളത്തിൽ വർഗീസിന്റെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭത്തെ മാത്രം എടുത്തുചാട്ടമായി ചിത്രീകരിക്കാൻ കഴിയുമോ: നക്സൽബാരി മുന്നേറ്റങ്ങൾക്കും അരീക്കാട്ട് വർഗീസിന്റെ രക്തസാക്ഷിത്വത്തിനും അരനൂറ്റാണ്ട് തികയുന്ന വേളയിൽ ഒരു അവലോകനം.

34 ഗോദാവരിയും കൃഷ്ണയും
ഡോ: ജയശ്രീ. ഏ. കെ



49 സിനിമശാല എന്ന ഫോക്‌ലോർ
ബ്ലെയ്സ് ജോണി

സിനിമാസ്വാദനത്തിനായി തിയേറ്ററിലേക്കെത്തുന്ന ജനക്കൂട്ടം പലപ്പോഴും ശാശ്വതമായതോ, പുനരേകോപിപ്പിക്കാവുന്നതോ ആയ ഒരു കൂട്ടമല്ല.

കവിത/ സന്ധ്യ ഇ ____ 56
കവിത/ ബിജു കാഞ്ഞങ്ങാട് ____ 57
മറുപടി ........ 58
മാഗസിൻ ഗാലറി/ എ. വർഗീസ് ____ 66

160

മാനേജിങ് എഡിറ്റർ
രവി ഡി സി

2017 ജൂൺ
പുസ്തകം 13
ലക്കം 11
issn 0972-5679

എഡിറ്റർ
ജയ്ദേവ് കെ.വി.

എഡിറ്റോറിയൽ കോ ഓഡിനേഷൻ
എ.വി.ശ്രീകുമാർ

അഡ്വടൈസ്മെന്റ് മാനേജർ
ജി.വേണുഗോപാൽ

സർക്കുലേഷൻ അസിസ്റ്റന്റ്
അരവിന്ദ് പി.ആർ.

ഓഫീസ് അസിസ്റ്റന്റ്
രശ്മി ഷാജി

പേജ് ലേഔട്ട്
വിശാഖ്‌രാജ് ടി.ആർ

കവർ ഡിസൈൻ
ബ്ലാക്ക്കോഫി

മുഖചിത്രം: വർഗീസിന്റെ സഹോദരങ്ങൾ
ഫോട്ടോ: അജി കൊളോണിയ

എഡിറ്റോറിയൽ ഓഫീസ്: ഡി സി കിഴക്കെമുറി ഇടം, ഗുഡ് ഷെപ്പേഡ് സ്ട്രീറ്റ്, കോട്ടയം 686 001
ഫോൺ: 0481-2301614, 9846133335 pachakuthira@dcbooks.com, Pachakuthira Digital Copies : digitalmagazines.dcbooks.com/Pachakuthira

Scanned by CamScanner

കൊള്ളയിലും കൊലപാതകത്തിലും ഉൾപ്പെട്ട കൊടുംകുറ്റവാളിയല്ല വർഗീസെന്നു തെളിയിക്കുന്നതൊന്നും സി.ബി.ഐ. പ്രത്യേക കോടതി കണ്ടെത്തിയിട്ടില്ലെന്നാണ് സത്യവാങ്മൂലത്തിൽ പറയുന്നത്.

2010 ഒക്ടോബർ മാസത്തിൽ ഐ.ജി. പി. ലക്ഷ്മണയെ ശിക്ഷിച്ചുകൊണ്ട് ജഡ്ജി എസ്. വിജയകുമാർ നടത്തുന്ന ഒരു നല്ല നിരീക്ഷണമുണ്ട്. വർഗീസ് ഏറ്റുമുട്ടലിലാണ് വധിക്കപ്പെട്ടതെന്ന സിദ്ധാന്തം പോലീസ് കെട്ടിച്ചമച്ചത് കുറ്റം നടത്തുന്നതിന് മറ സൃഷ്ടിക്കുന്നതിനുവേണ്ടിയായിരുന്നെന്നും ഇതിന് വേറൊരു തെളിവും ആവശ്യമില്ലെന്നും കോടതി നിരീക്ഷിക്കുന്നു. വർഗീസിനെ ജീവനോടുകൂടി പിടികൂടി എന്നും ലക്ഷ്മണയുടെ നിർദേശപ്രകാരം വർഗീസിനെ നിഷ്ഠുരമായി വെടിവെച്ചു കൊന്നുവെന്നും സംശയത്തിനിടയില്ലാതെ തെളിയിക്കപ്പെട്ടിരിക്കുന്നു എന്നാണ് വിധിന്യായത്തിൽ പറയുന്നത്. ഈ കേസിൽ പബ്ലിക് പ്രോസിക്യൂട്ടറായ അഡ്വക്കേറ്റ് വൈക്കം പുരുഷോത്തമൻ വാദിച്ചത് ഒരു സാധാരണ മനുഷ്യനെ നക്സലൈറ്റ് എന്നു മുദ്രകുത്തി തിരുനെല്ലി കാട്ടിനുള്ളിലേക്ക് പ്രവേശിപ്പിച്ച്, കൈ പിന്നിൽക്കെട്ടി വധിച്ച അസാധാരണത്തിൽ അസാധാരണമായ കേസാണ് ഇതെന്നാണ്.

ലക്ഷ്മണയെ സി.ബി.ഐ. കോടതി ശിക്ഷിക്കുമ്പോൾ വി.എസ്. അച്യുതാനന്ദനായിരുന്നു കേരള മുഖ്യമന്ത്രി. രണ്ടു രണ്ടര വർഷക്കാലം ജയിൽവാസം അനുഭവിച്ച ലക്ഷ്മണ 2013 ജൂലൈ 5-ന് ജയിൽ വിമോചിതനായി. അന്ന് ഉമ്മൻ ചാണ്ടിയാണ് മുഖ്യമന്ത്രി. രോഗവും പ്രായാധിക്യവുമുള്ള തടവുപുള്ളികളെ വിട്ടയയ്ക്കാൻ തീരുമാനിക്കുമ്പോൾ ലക്ഷ്മണയെ അതിലുൾപ്പെടുത്തണമെന്ന് അന്നത്തെ സർക്കാർ തീരുമാനിച്ചു. ഉമ്മൻ ചാണ്ടിയുടെ ഒരു ബുദ്ധി!

വർഗീസിന്റെ കൊലപാതകത്തിൽ നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് ബന്ധുക്കൾ ബോധിപ്പിച്ച അപേക്ഷ തിരസ്കരിച്ചുകൊണ്ട് ഹൈക്കോടതിയിൽ സമർപ്പിക്കപ്പെട്ടതാണ് 'വർഗീസ് കൊടുംക്രൂരനെന്ന' സത്യവാങ്മൂലം. നഷ്ടപരിഹാരം ചോദിക്കുന്നത് അടിസ്ഥാനരഹിതമാണെന്ന് തെളിയിക്കുന്നതിനുവേണ്ടിയായിരുന്നു ആ സത്യവാങ്മൂലം എന്നും വാദിക്കപ്പെട്ടു. വർഗീസ് ഒരു



രാമചന്ദ്രൻ നായർ

രിലെ കമ്യൂണിസ്റ്റു സഖാക്കൾക്ക് എങ്ങനെ പറയാൻ കഴിയുന്നുവെന്ന് വർഗീസിന്റെ ബന്ധുക്കൾ ചോദിക്കുന്നു. ആരായിരുന്നു വർഗീസെന്ന് പിണറായി വിജയൻ ചോദിച്ചറിയേണ്ടതായിരുന്നു എന്നാണ് സഹോദരൻ അരീക്കാട്ട് തോമസ് പറഞ്ഞത്.



പുലിക്കോടൻ നാരായണൻ

വർഗീസ് ചെയ്തതിലെ ശരിതെറ്റുകളെ ആർക്കും വിശകലനവിധേയമാക്കാം. അപ്പോഴും ഒരു കാര്യം വളരെ വ്യക്തമാണ്. വർഗീസ് അന്നുയർത്തിയ ചോദ്യങ്ങൾ ഇപ്പോഴും പ്രസക്തമാണ്. ആദിവാസികളടക്കമുള്ള അധഃസ്ഥിതരുടെ പരിഹരിക്കാനാകാത്ത പ്രശ്നങ്ങളാണ് വർഗീസിലെ വിപ്ലവകാരിയെ സൃഷ്ടിച്ചത്. ആദിവാസി ജനതയുടെയും ദലിതരുടെയും ജീവൽപ്രശ്നങ്ങളെ സാമ്പത്തികാടിസ്ഥാനത്തിൽ മാത്രം കാണുന്നതിൽ ശാസ്ത്രീയതയില്ലെന്ന് വാദിക്കപ്പെട്ടേക്കാം. ആദിവാസികളെ പീഡനവും ചൂഷണവുമനുഭവിക്കുന്ന കർഷകത്തൊഴിലാളികളായി മാത്രം വർഗീസ് കണ്ടതിലും തെറ്റു സംഭവിച്ചിരിക്കാം. അതൊക്കെ സാമൂഹികശാസ്ത്രവിദഗ്ദ്ധർ ഗവേഷണം ചെയ്യേണ്ട വിഷയങ്ങളാണ്. വർഗീസ് ജീവിച്ചിരുന്നെങ്കിൽ തങ്ങൾക്ക് ഈ ഗതി വരില്ലായിരുന്നു എന്ന് ആദിവാസി ജനത പറഞ്ഞുകൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പ്രബുദ്ധ കേരളം അന്വേഷിച്ചറിഞ്ഞിട്ടില്ല. വർഗീസ് നയിച്ച രാഷ്ട്രീയപ്രക്ഷോഭം എടുത്തുചാട്ടമായിരുന്നെന്നോ അതിവൈകാരികമായിരുന്നെന്നോ അഭിപ്രായപ്പെടുന്നവരുണ്ടാകാം. എന്നാൽ അത് ആത്മാർത്ഥതയില്ലാത്തതായിരുന്നെന്നോ അനാവശ്യമായിരുന്നെന്നോ ആർക്കും വാദിക്കാനാകില്ല.

'കേരളത്തിലെ നക്സൽബാരി'യെന്നു വിശേഷിപ്പിക്കാവുന്ന സ്ഥലമാണ് വയനാട്. ചാരു മജുംദാറും കനു സന്യാലുമടക്കമുള്ള നക്സലൈറ്റ് നേതാക്കൾ ആദിവാസികളും പരമദരിദ്രരായ കർഷകത്തൊഴിലാളികളും താമസിക്കുന്ന ബംഗാളിലെ നക്സൽബാരി സായുധകലാപത്തിന്റെ രംഗഭൂമിയായി തിരഞ്ഞെടുത്തതുപോലെ കേരളത്തിലെ നക്സലൈറ്റ് നേതാക്കൾ തത്തുല്യ സ്വഭാവമുള്ള വയനാടിനെ പോരാട്ടത്തിന്റെ സ്ഥലമായി കണ്ടെത്തി. ഒട്ടും യാദൃച്ഛികമല്ല അത്. സ്വാതന്ത്ര്യം കിട്ടി വർഷങ്ങൾ കഴിഞ്ഞിട്ടും ജന്മിസമ്പ്രദായവും അടിമത്ത വ്യവസ്ഥിതിയും അവസാനിക്കാത്ത ഒരു പ്രദേശത്തുനിന്നല്ലെങ്കിൽ പിന്നെ എവിടെനിന്നാണ് വർഗീസ് ഒരു സാമൂഹികവിപ്ലവം സംഘടിപ്പിക്കുക? പായൽ മൂടിക്കിടന്ന ഒരു കുളംപോലെ നിശ്ചലമായിരുന്നു ഒരുകാല



*വർഗീസ് വധക്കേസിൽ ജീവപര്യന്തം ശിക്ഷിക്കപ്പെട്ട ഐ. ജി ലക്ഷ്മണ*

സ്വതേ ഇടതുപക്ഷാഭിമുഖ്യം പുലർത്തുന്ന കേരളീയ പൊതുബോധത്തിൽ ഇടതു തീവ്രവാദ പ്രസ്ഥാനങ്ങളോട് കാല്പനികവും ഗൃഹാതുരത്വം തുളുമ്പുന്നതുമായ സനേഹാദരവുകളുണ്ട്. അത് അജിതയോടുണ്ട്, മന്ദാകിനിയോടുണ്ട്, വർഗീസിനോടും രാജനോടുമുണ്ട്, കെ. വേണുവിനോടുമുണ്ട്. കേരളത്തിന്റെ രാഷ്ട്രീയ-സാംസ്കാരികരംഗങ്ങളിൽ നക്സലിസത്തിന്റെയും എക്സ്നക്സലിസത്തിന്റെയും വക്താക്കൾ എന്നും മേൽക്കൈ നേടിയിട്ടുണ്ട്. ദലിത്, സ്ത്രീ, പരിസ്ഥിതി, മനുഷ്യാവകാശം എന്നീ മേഖലകളിലെ കേരളീയ മുന്നേറ്റങ്ങൾക്കെല്ലാം ബീജാവാപം നടന്നത് നക്സലിസത്തിന്റെ ഞാറ്റടികളിലായിരുന്നുവെന്നത് യാദൃച്ഛികതയാവണമെന്നില്ല. പ്രസ്ഥാനത്തിനുവേണ്ടി സ്വജീവൻ ബലി കൊടുക്കാൻ മടിയില്ലാത്തവരുടെ പോരാട്ടവീര്യത്തെ കേരളീയർ എന്നും സല്യൂട്ട് ചെയ്തിട്ടുണ്ട്. ചങ്കുറപ്പുള്ള അത്തരം വിപ്ലവകാരികളെ ആവേശത്തോടെ സ്നേഹിക്കുന്നതും മലയാളിയുടെ പൊതുരീതിയാണ്. പ്രസ്ഥാനത്തോടും പ്രവർത്തനത്തോടും കൂറും ആത്മാർത്ഥതയും പുലർത്തുന്ന പ്രക്ഷോഭകാരികളെ മലയാളികൾ എന്നും അംഗീകരിച്ചിട്ടുമുണ്ട്. ഇടതു തീവ്രവാദപ്രസ്ഥാനങ്ങളിലെ പോരാളികൾക്ക് ഈ ആത്മാർത്ഥതയുണ്ടായിരുന്നതായി കേരളീയരുടെ മനസ്സിൽ ഒരു ബോധ്യം എങ്ങനെയോ വന്നുപെട്ടിട്ടുണ്ട്. അതിൽ ഇളക്കം വരാത്തിടത്തോളം കാലം ആ സ്നേഹം അങ്ങനെ നിലനിൽക്കുകയും ചെയ്യും. ആരൊക്കെ എന്തൊക്കെ പറഞ്ഞാലും എ. വർഗീസ് എന്ന പ്രക്ഷോഭകാരി എന്നും മലയാളിയുടെ മനസ്സിലുണ്ടാകും. പാവങ്ങളുടെ നേതാവായി, അടിയോരുടെ പെരുമനായി, പോലീസുകാരന്റെ നിറതോക്കിനുമുന്നിൽ നെഞ്ചുവിരിച്ചുനിന്ന് മുദ്രാവാക്യം മുഴക്കിയ രക്തസാക്ഷിയായി വർഗീസ് ജനമനസ്സുകളിലുണ്ട്.



**ജയറാം പടിക്കൽ**

വർഗീസ് വധത്തിനുശേഷമുള്ള നാൾവഴികൾ സൂക്ഷ്മമായി വായിച്ചാൽ നക്സലൈറ്റുകളുടെ രാഷ്ട്രീയാദർശങ്ങളെക്കുറിച്ചും വർഗീസ്, അജിത, മന്ദാകിനി, കുന്നിക്കൽ നാരായണൻ എന്നിവരുടെയെല്ലാം പ്രവർത്തനങ്ങളെക്കുറിച്ചും ആദ്യകാലത്ത് പൊതുസമൂഹം നിലനിർത്തിയ അകൽച്ചയും വിമുഖതയും കാലങ്ങളിലൂടെ കുറഞ്ഞുകുറഞ്ഞു വരുന്നു എന്നതാണ് കാണാൻ കഴിയുക. വർഗീസിന്റെ കൊലപാതകം കഴിഞ്ഞ് നാൽപതു വർഷംകഴിഞ്ഞ് ലക്ഷ്മണയെ ശിക്ഷിച്ചുകൊണ്ടുള്ള കോടതിവിധി വരുമ്പോൾ കേരളീയർ ആ വിധിയെ സ്വാഗതം ചെയ്യുന്നുണ്ട്. ലക്ഷ്മണയോടും ജയറാം പടിക്കലിനോടും പുലിക്കോടൻ നാരായണനോടും നക്സൽ പ്രസ്ഥാനത്തെ അടിച്ചമർത്താൻ നിയുക്തരായ മറ്റു പോലീസുകാരോടും ജനരോഷം ഉണർന്നുവരുന്നതും ദൃശ്യമാവുന്നുണ്ട്. നക്സലിസത്തെ തകർക്കാൻ കൈയും മെയ്യും മറന്നു പ്രവർത്തിച്ച കെ. കരുണാകരനോടും ഈ വെറുപ്പ് കേരളീയർ എന്നും വച്ചുപുലർത്തിയിട്ടുണ്ട്. മലയാളി മനസ്സിൽ ചില്ലിട്ടുവച്ചിരിക്കുന്ന വർഗീസിന്റെ ആ ഇമേജ് തകർക്കുകയെന്നത് ഇനിയത്ര എളുപ്പമായിരിക്കില്ല.

എന്നിട്ടുപോലും എ. വർഗീസ് കുപ്രസിദ്ധനായ കൊലയാളിയായിരുന്നെന്നും തിരുനെല്ലിയിൽവച്ച് പോലീസുകാരുമായുള്ള ഏറ്റുമുട്ടലിൽ മരിക്കുകയാണുണ്ടായതെന്നും കേരള ഹൈക്കോടതിയിൽ നമ്മുടെ സർക്കാർ സത്യവാങ് മൂലം കൊടുത്തു. 2016 ജൂലൈ 22-നാണ് ആഭ്യന്തരവകുപ്പ് അണ്ടർ സെക്രട്ടറിയായ ആർ. സന്തോഷ്കുമാർ ഈ സത്യവാങ്മൂലം ഹൈക്കോടതിയിൽ സമർപ്പിക്കുന്നത്. സി.ബി.ഐ. പ്രത്യേക കോടതി അന്വേഷണം പൂർത്തിയാക്കി നടത്തുന്ന വിധിയിൽ, പോലീസ് കസ്റ്റഡിയിലെടുത്തതിനുശേഷം വർഗീസിനെ നിഷ്ഠുരമായി കൊല ചെയ്യുകയായിരുന്നെന്ന് കണ്ടെത്തിയതിന് നേർവിപരീതമായാണ് സർക്കാരിന്റെ സത്യവാങ് മൂലം വരുന്നത്. വിചാരണക്കോടതി വർഗീസിന്റെ വധം മാത്രമേ പരിശോധിച്ചിട്ടുള്ളൂവെന്നും വർഗീസിന്റെ സ്വഭാവമോ, പെരുമാറ്റമോ കോടതി അന്വേഷിച്ചിട്ടില്ലെന്നും സത്യവാങ്മൂലത്തിൽ ആരോപിക്കുന്നുണ്ട്. വയനാട് മേഖലയിൽ നടന്ന



Scanned by CamScanner

ജോസഫ് കെ. ജോബ്



എ. വർഗീസ്
ഫൊട്ടോ: ബേബി തങ്കപ്പൻ

## എ. വർഗീസ്

# ആഖ്യാനഭേദങ്ങളും വിമർശനങ്ങളും

Scanned by CamScanner

> പോലീസുകാരുടെ ആഖ്യാനത്തിലൂടെ, വയനാട്ടിലെ അനുഭവസ്ഥരുടെ ആഖ്യാനങ്ങളിലൂടെ, അജിത, തേറ്റമല കൃഷ്ണൻകുട്ടി, ഫിലിപ്പ് എം. പ്രസാദ് തുടങ്ങിയ സഹയാത്രികരുടെ ആഖ്യാനങ്ങളിലൂടെ, രാമചന്ദ്രൻ നായരുടെ ആഖ്യാനത്തിലൂടെ, കോടതിയുടെ വിധിന്യായങ്ങളിലൂടെ, ലക്ഷ്മണയുടെ ശിക്ഷാവിധിയിലൂടെ, തലപ്പാവ് എന്ന സിനിമയിലൂടെ, ഏറ്റവുമൊടുവിൽ, "കൊലപാതകിയും കൊടുംകുറ്റവാളിയുമായിരുന്നു വർഗ്ഗീസ്" എന്ന സർക്കാർ സത്യവാങ്മൂലത്തിലൂടെ ആ മനുഷ്യൻ പുനർജ്ജനി നേടി.

ത്തെ വയനാട്. ചലനത്തിന്റെ ഒരു കല്ലെടുത്തിട്ടത് വർഗീസായിരുന്നു.

നക്സലൈറ്റ് പ്രക്ഷോഭത്തിന്റെ കേരളത്തിലെ പരീക്ഷണശാലയായി വയനാട് തിരഞ്ഞെടുക്കപ്പെട്ടത് നഗരബുദ്ധിജീവികളുടെ തലയിലുദിച്ച ബുദ്ധിയായിരുന്നെന്ന് നക്സലൈറ്റ് പ്രസ്ഥാനത്തെക്കുറിച്ച് പുസ്തകമെഴുതിയ പലരും എഴുതിക്കണ്ടിട്ടുണ്ട്. വയനാടിനുമേൽ അടിച്ചേൽപ്പിക്കപ്പെട്ട കലാപമായിരുന്നു അതെന്നാണ് അതിന്റെ ധ്വനി. വയനാട്ടിലെ അടിസ്ഥാനവർഗത്തിന്റെ ജീവിതം പരമദയനീയമാണെന്ന് ആദ്യം തിരിച്ചറിഞ്ഞയാൾ എ.കെ.ജി.യായിരുന്നു. ഈ ദുഃസ്ഥിതിക്ക് പരിഹാരമുണ്ടാകണമെന്ന് 1950-കളിൽതന്നെ എ.കെ.ജി. ആഗ്രഹിച്ചതാണ്. കർഷകത്തൊഴിലാളികളായ ആദിവാസികളെ അടിമകളായി കരുതുന്ന സമ്പ്രദായത്തിനെതിരേ സംഘടിതമായ പ്രതിഷേധം ആദ്യമായുയർത്തിയതും എ.കെ.ജി.യാണ്. 1953-ൽ എ.കെ.ജി.യുടെയും കെ.എ. കേരളീയന്റെയും നേതൃത്വത്തിൽ വയനാട്ടിൽ രൂപീകൃതമായ കർഷകത്തൊഴിലാളി യൂണിയൻ, നെല്ലിനു പുറമേ ഒരു രൂപ നിത്യക്കൂലിയും വേണമെന്ന് ആവശ്യമുന്നയിച്ചു. കർഷകത്തൊഴിലാളി യൂണിയന്റെ പനമരം സമ്മേളനം ജന്മിമാർക്കെതിരേ ശബ്ദമുയർത്തി. തൊഴിൽമേഖലയിലെ അടിമത്തം അവസാനിപ്പിക്കണമെന്നും മെച്ചപ്പെട്ട കൂലിയും ജീവിതസൗകര്യങ്ങളും ലഭിക്കണമെന്നുമാവശ്യപ്പെട്ട് വയനാട്ടിലുടനീളം പ്രചാരണപരിപാടികൾ കർഷകത്തൊഴിലാളി യൂണിയൻ സംഘടിപ്പിച്ചിരുന്നു. കെ.കെ. അണ്ണനാണ് പ്രചരണജാഥകളുടെ നേതൃത്വം വഹിച്ചത്.

കമ്യൂണിസ്റ്റ് പാർട്ടിയുടെയും കർഷകത്തൊഴിലാളി യൂണിയന്റെയും മേൽനോട്ടത്തിൽ 1960-ൽ ആദിവാസിസംഘംതന്നെ രൂപീകൃതമായി. കെ.കെ. അണ്ണൻ ജനറൽ സെക്രട്ടറിയും പട്ടുവം രാഘവൻ പ്രസിഡന്റുമായി ശക്തമായി തുടങ്ങിയ സംഘടന അഞ്ചുവർഷംകൊണ്ട് നിഷ്ക്രിയമായിപ്പോയി. കർഷകത്തൊഴിലാളി യൂണിയൻ പുനഃസംഘടിപ്പിച്ച് സജീവമാക്കാൻ കമ്യൂണിസ്റ്റ് പാർട്ടി വയനാടു ഘടകം ആലോചിച്ചപ്പോൾ അന്ന് കണ്ണൂർ ജില്ലയിൽ പാർട്ടിയുടെ ഓഫീസ് സെക്രട്ടറിയായി പ്രവർത്തിച്ചുകൊണ്ടിരുന്ന എ. വർഗീസിനെ കർഷകത്തൊഴിലാളി യൂണിയന്റെ നേതൃത്വത്തിലേക്ക് കൊണ്ടുവരാൻ നിശ്ചയിക്കുകയും വർഗീസ് വയനാട്ടിലേക്ക് മടങ്ങിവന്ന് യൂണിയൻ പ്രവർത്തനങ്ങളിൽ സജീവമാവുകയും ചെയ്തു. 1966-68 കാലങ്ങളിൽ വയനാട്ടിലെ വിവിധ സ്ഥലങ്ങളിൽ കർഷകത്തൊഴിലാളികളായ ആദിവാസികളുടെ അവകാശസമരങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. 1968 ജൂലൈയിൽ വർഗീസ് പൈലറ്റും അണ്ണൻ ക്യാപ്റ്റനുമായി വയനാട്ടിൽ പട്ടിണിജാഥയും സംഘടിപ്പിക്കപ്പെട്ടു. (അങ്ങനെയാണ് വയനാട് ചുവന്നത് —കെ.കെ. അണ്ണ



കെ. കെ. അണ്ണൻ



Scanned by CamScanner









കെ. കരുണാകരൻ | എം. എ. ബേബി | കെ. വേണു | എ. കെ. ജി

ന്റെ ആത്മഭാഷണം, പച്ചക്കുതിര 47-ാം ലക്കം)

ജന്മിമാരെല്ലാം കമ്യൂണിസ്റ്റുകളാകുന്ന ഒരു അത്ഭുതപ്രതിഭാസം അക്കാലത്താണ് വയനാട്ടിൽ കണ്ടുതുടങ്ങിയത്. "വടക്കേ വയനാട്ടിലെ കർഷകത്തൊഴിലാളികളായ അടിയാന്മാർക്കിടയിൽ വർഗീസിനുണ്ടായ സ്വാധീനം ജന്മിമാരെ പ്രകോപിതരാക്കി. ഒളിവുജീവിതകാലത്ത് വയനാട്ടിലെത്തിയ എ.കെ. ജി.യെയും എൻ.ഇ. ബലറാമിനെയുംപോലെയുള്ള കമ്യൂണിസ്റ്റ് നേതാക്കളുമായുള്ള സമ്പർക്കത്തിലൂടെ പാർട്ടി അനുഭാവികളായിത്തീർന്നവരായിരുന്നു ഈ ജന്മിമാരിൽ പലരും. കർഷകത്തൊഴിലാളി യൂണിയന്റെ നേതൃത്വത്തിൽ വർഗീസും അണ്ണനും ജന്മിമാർക്കെതിരേ ആദിവാസികളെ സംഘടിപ്പിക്കുന്നത് പാർട്ടിയിൽത്തന്നെ എതിർപ്പുകൾ ക്ഷണിച്ചു വരുത്തി. ഈ സംഘർഷം മൂർച്ഛിച്ചതും പാർട്ടി വിടുവാൻ വർഗീസിനെയും അണ്ണനെയും പ്രേരിപ്പിച്ചിട്ടുണ്ടാം" എന്ന് ഒ.കെ. ജോണി 'വയനാടുരേഖകളി'ൽ വിശദമാക്കുന്നുണ്ട്. നക്സലൈറ്റ് പ്രസ്ഥാനത്തിന്റെ വഴി തിരഞ്ഞെടുക്കാൻ കെ.കെ. അണ്ണൻ തയ്യാറായില്ല. വർഗീസ് ആ വഴി തിരഞ്ഞെടുക്കുകയും ചെയ്തു.

വർഗീസും നക്സലൈറ്റ് പ്രക്ഷോഭവുമൊക്കെ പെട്ടെന്നു മുളച്ചുവന്നതാണെന്ന ധാരണ പരത്താൻ പല ആഖ്യാനങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്. കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ രക്തരൂഷിതമായ സമരപരമ്പരകൾ നടന്നിട്ടുള്ള കേരളത്തിൽ വർഗീസിന്റെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭത്തെ മാത്രം എടുത്തുചാട്ടമായി ചിത്രീകരിക്കാൻ കഴിയുമോ. 1952 മുതൽ കമ്യൂണിസ്റ്റ് പാർട്ടിതന്നെ വയനാട്ടിൽ തുടങ്ങിവച്ച കർഷകത്തൊഴിലാളിസമരങ്ങളുടെ വളർന്ന ഒരു ഘട്ടം മാത്രമായിരുന്നു ഒരു നിലയ്ക്ക് വർഗീസ് നേതൃത്വം കൊടുത്ത പ്രക്ഷോഭങ്ങൾ.

വർഗീസിന്റെ പ്രക്ഷോഭങ്ങളുടെ 'ആക്രമണസ്വഭാവം' കൊണ്ട് വയനാട്ടിലെ കർഷകസമരങ്ങളും ആദിവാസി സമരങ്ങളും നിലച്ചുപോയി എന്നൊരു ആരോപണവും നിലവിലുണ്ട്. ഭാഗികമായി ശരിയുമാണത്. എല്ലാ അവകാശസമരങ്ങളെയും അടിച്ചമർത്താനും ഭീകരാന്തരീക്ഷം സൃഷ്ടിച്ച് പ്രക്ഷോഭങ്ങളെ ഇല്ലാതാക്കാനും പോരുന്ന ഭരണകൂടത്തിന്റെ ആദ്യപരീക്ഷണം ഒരു പരിധിവരെ വിജയം വരിച്ചു എന്നുമാത്രം അതിനെക്കുറിച്ച് കരുതിയാൽ മതി. വർഗീസിന്റെ വധത്തിനുശേഷവും പിന്നീട് മുത്തങ്ങാസമരശേഷവും സൃഷ്ടിക്കപ്പെട്ട ഭരണകൂടഭീകരതയിൽ ആദിവാസികളടക്കമുള്ള ദരിദ്രജനത നിസ്സംഗരാക്കപ്പെട്ടു എന്നു മാത്രം. ഈ രണ്ടു സംഭവങ്ങൾക്കുശേഷവും വ്യാപകമായ തോതിൽ ആദിവാസി കോളനികളിൽ റെയ്ഡ് നടത്തുകയും നിരപരാധികളെ പീഡിപ്പിക്കുകയും കസ്റ്റഡിയിലെടുക്കുകയും ചെയ്തതായി ഒട്ടനവധി റിപ്പോർട്ടുകളുണ്ട്.

നക്സലിസത്തെക്കുറിച്ചും വർഗീസടക്കമുള്ളവരുടെ വീരകൃത്യങ്ങളെക്കുറിച്ചും പടപ്പാട്ടുകൾ പാടുന്നതുകൊണ്ട് ഇനി വലിയ കാര്യമില്ല. പകരം എന്തായിരുന്നു വർഗീസ് ഉയർത്തിപ്പിടിച്ച രാഷ്ട്രീയം എന്നു വിലയിരുത്താം. ആദിവാസി സമൂഹത്തിന്റെയും മറ്റ് അധഃസ്ഥിതസമൂഹങ്ങളുടെയും രാഷ്ട്രീയ ചരിത്രത്തിൽ വർഗീസിന്റെ സ്ഥാനമെന്തായിരുന്നു എന്നന്വേഷിക്കാം. ലെനിനിസ്റ്റ്-മാവോയിസ്റ്റ് ആശയങ്ങളിലേക്ക് വർഗീസ് രാഷ്ട്രീയ ചുവടുമാറ്റം നടത്തിയതിന്റെ കാരണമെന്തായിരുന്നു എന്നും അന്വേഷിക്കാം. പ്രക്ഷോഭങ്ങളുടെ ഫലം എന്തായിരുന്നു എന്നും അന്വേഷിക്കാം. കേരളത്തിന്റെ രാഷ്ട്രീയ സമരചരിത്രത്തിൽ വർഗീസിനെ കൃത്യമായി സ്ഥാനപ്പെടുത്തുകയെങ്കിലും വേണം.

മനുഷ്യസമൂഹത്തിൽ നടന്നുപോന്നിട്ടുള്ള പ്രധാനപ്പെട്ട മാറ്റങ്ങൾ വിപ്ലവങ്ങളിലൂടെയാണ് സംഭവിച്ചിട്ടുള്ളതെന്ന ധാരണ ഒരു കെട്ടുകഥ മാത്രമാണെന്ന് 'വർഗസമരവും വിപ്ലവവും ഒരു കെട്ടുകഥ' എന്ന ലേഖനത്തിൽ കെ. വേണു സമർത്ഥിക്കുന്നുണ്ട്. വയനാട്ടിലെ ജന്മി-കുടിയാൻ ബന്ധത്തിൽ ഇളക്കിപ്രതിഷ്ഠയുണ്ടാക്കാൻ ഇടയാക്കിയതും ആദിവാസികളുടെ ചൂഷണവും അടിമത്തവും ഒരു പരിധിവരെ അവസാനിപ്പിക്കാൻ കഴിഞ്ഞതും വർഗീസ് നേതൃത്വം കൊടുത്ത പുല്പള്ളി-തിരുനെല്ലി പ്രക്ഷോഭങ്ങളിലൂടെയാണ്. വയനാടിനു തൊട്ടപ്പുറത്തെ കർണാടകത്തിലുള്ള ആദിവാസി ജനതയെക്കാൾ അല്പംകൂടി ഉയർന്ന സാമൂഹികപദവി ഇവിടുത്തെ ആദിവാസികൾക്കുണ്ടാക്കാനെങ്കിലും വർഗീസിനു സാധിച്ചു.



Scanned by CamScanner

മലയാളം റിസേർച്ച് ജേണൽ
യു.ജി.സി. അംഗീകൃത ജേണൽ. സീരിയൽ നമ്പർ 41569
ഐ.എസ്.എസ്.എൻ. 0974 1984
ആർ.എൻ.ഐ. നം. കെ.ഇ.ആർ.ബി.ഐ.എൽ. 2008/24527
എൽ.സി.സി.എൻ. 2013-318190
വാ.11, ല.2 മെയ്-ഓഗസ്റ്റ് 2018, പു. 4193-4200

ജോസഫ് കെ. ജോബ്

# ഭാഷയുടെ സാമൂഹികതയും കേരളപാണിനീയവും

**സാ**മൂഹികഭാഷാശാസ്ത്രം ഭാഷാശാസ്ത്രത്തിലെ ഒരു പ്രധാന പഠനശാഖയായി രൂപാന്തരം പ്രാപിക്കുന്നത് 1970-കൾക്കു ശേഷമാണ്. സമൂഹവും ഭാഷയുംതമ്മിലുള്ള ബന്ധത്തെ സാമാന്യഭാഷാശാസ്ത്രത്തിൽ കാണുന്നതിനെക്കാൾ ആഴത്തിൽ സാമൂഹികഭാഷാശാസ്ത്രത്തിൽ കാണുന്നുണ്ട്. വർഗം, ജാതി, മതം, വിദ്യാഭ്യാസം, ലിംഗഭേദം, സാമ്പത്തികസ്ഥിതി, പ്രായം തുടങ്ങിയ സാമൂഹിക ഘടകങ്ങൾമൂലം ഭാഷയിൽ വന്നുചേരുന്ന മാറ്റങ്ങളെപ്പറ്റിയാണ് സാമൂഹികഭാഷാശാസ്ത്രം സൂക്ഷ്മാർഥത്തിൽ പഠിക്കുന്നത്. ഭാഷണം നടക്കുന്ന പശ്ചാത്തലവും സന്ദർഭവുമടക്കമുള്ള കാര്യങ്ങൾ ഇവിടെ പരിഗണിക്കപ്പെടുന്നു. ഭാഷയ്ക്കകത്തു വരുന്ന വൈവിധ്യങ്ങളാണ് സാമൂഹികഭാഷാശാസ്ത്രത്തിന്റെ പ്രധാനവിഷയമെങ്കിലും അതിനപ്പുറം ഭാഷയുടെ ആസൂത്രണം, വികസനം, നവീകരണം, മാനകീകരണം, ഭാഷയുടെ ഉപയോഗം, ഭാഷാമനോഭാവം, ഭാഷാസമ്പർക്കം, ബഹുഭാഷിത്വം എന്നിവയും സാമൂഹികഭാഷാശാസ്ത്രത്തിന്റെ പരിധിയിൽ

---

ജോസഫ് കെ. ജോബ്, അസോഷ്യേറ്റ് പ്രൊഫസർ, മലയാളവിഭാഗം, മേരിമാതാ കോളജ്, മാനന്തവാടി, വയനാട്.

Scanned by CamScanner

ജോസഫ് കെ ജോബ്

# മലയാളം റിസേർച്ച് ജേണൽ
# MALAYALAM RESEARCH JOURNAL

വാല്യം 11 ● ലക്കം 2 ● മെയ്-ഓഗസ്റ്റ് 2018

ഇഷ്യു എഡിറ്റർ:

**ജോസഫ് സ്കറിയ**
എസ്.ബി. കോളജ്, ചങ്ങനാശ്ശേരി

പ്രസാധകർ
**ബെഞ്ചമിൻ ബെയിലി ഫൗണ്ടേഷൻ**

Scanned by CamScanner

# മലയാളം റിസേർച്ച് ജേണൽ
# MALAYALAM RESEARCH JOURNAL

ഭാഷാവ്യാകരണത്തിന്റെ
ഏഴുനൂറ്റാണ്ട്



U.G.C. Approved Journal. Serial No. 41569
Universities in Kerala have Accorded Recognition to
Malayalam Research Journal as Refereed Journal

31

Scanned by CamScanner

(Malayalam)
Bhashayute Varthamanam
Linguistics
Compiled by
Joseph Skaria
Cover Design: Salimon P. N.
First Published December 2016
Printed at M. P. Paul Smaraka
Offset Printing Press (SPCS), Kottayam
Price Rs. 430.00

© Joseph Skaria

BERCHMANS PRESS

*No part of this publication may be reproduced or transmitted in any form or by any means without prior written permission of the Publisher*

Publishers
Sahithya Pravarthaka Co-operative Society Ltd.,
Kottayam, Kerala State, India
Email: spcsktm@gmail.com

ISBN 978-93-86094-54-4

978000030889

Sales Department
National Book Stall
Thiruvananthapuram-Kollam-Alappuzha
Kottayam -Thodupuzha-Ernakulam (Marine Drive)
Thrissur- Palakkadu-Kozhikkodu-Kalpatta-Kannur
www.nationalbookstall.com

S 9457 B5823 171/16-17 1-500

Scanned by CamScanner

Malayalam Thaiverukal Puthunambukal (Linguistic studies)

Editors :
P.M. Girish
C.G. Rajendrababu

Publishers:
Dakshina
Chennai

# മലയാളം
## തായ്‌വേരുകൾ പുതുനാമ്പുകൾ
(ഭാഷാപഠനങ്ങൾ)

സമാഹരണം:
പി.എം. ഗിരീഷ്
സി.ജി. രാജേന്ദ്രബാബു

വ്യത്യസ്ത ഭാഷാതലങ്ങളെ ആധാരമാക്കി മലയാളത്തിലെ പ്രമുഖ ഭാഷാപണ്ഡിതർ രൂപകല്പന ചെയ്ത ഗവേഷണപഠനങ്ങളുടെ അപൂർവസമാഹാരം.

Price : ₹ 450.00

ISBN 81-9230832-4

പബ്ലിഷേഴ്സ്:
ദക്ഷിണ
ചെന്നൈ

Scanned by CamScanner

# ഗോത്രമലയാളം- ചില വീണ്ടുവിചാരങ്ങൾ

ഡോ. ജോസഫ് കെ. ജോബ്

മഞ്ചേശ്വരംമുതൽ പാറശ്ശാലവരെ നീണ്ടുകിടക്കുന്ന കേരളസംസ്ഥാനത്തിന്റെ ഭൂപരിധിക്കുള്ളിൽ വരുന്ന അമ്പതോളം ആദിവാസിമൊഴികളെ ഒന്നായിയെടുത്ത് ഗോത്രമലയാളം എന്ന സംജ്ഞയുടെ കീഴിൽ കൊണ്ടുവരുമ്പോൾ അതിൽ ഒരുതരം വെട്ടിച്ചുരുക്കലുണ്ട്. ഗോത്രമലയാളം എന്ന പ്രയോഗം തെറ്റിദ്ധാരണാജനകമാണ്. ഓരോ ആദിവാസിമൊഴിയുടേയും തനിമയും സാധ്യതകളും അംഗീകരിക്കപ്പെടാതെ പോകുന്ന സാഹചര്യമാണ് അതുണ്ടാക്കുക. ആദിവാസി ഭാഷകളെപ്പറ്റി പരാമർശിക്കുമ്പോഴും അവയെ വർഗീകരിക്കാൻ ശ്രമിക്കുമ്പോഴും ഉയർന്നു കേൾക്കാറുള്ള ചില പതിവുപ്രയോഗങ്ങളുണ്ട് : 'ഈ ഭാഷ മലയാളത്തിന്റെ ഭാഷാഭേദമാണ്, ഈ ഭാഷ കന്നടയും മലയാളവും ചേർന്ന ഭാഷയാണ്'...... എന്നിങ്ങനെ. മുഖ്യധാരാഭാഷകളുടെ അടിസ്ഥാനത്തിൽ ആദിവാസിഭാഷകളെ വിലയിരുത്തുന്നതാണ് ഇവിടുത്തെ പതിവുരീതി. സാമൂഹികമായി പാർശ്വവൽക്കരിക്കപ്പെടുന്ന ജനവിഭാഗങ്ങളുടെ എന്നത്തേയും ദുർഗതിയാണിത്. ഭാഷപോലും സ്വതന്ത്രാസ്തിത്വമുള്ളതായി അംഗീകരിക്കപ്പെടില്ല. ഒന്നുകിൽ ഏതെങ്കിലും മുഖ്യധാരാഭാഷയുടെ ഭാഷാഭേദം, അല്ലെങ്കിൽ മുഖ്യധാരാഭാഷകളുടെ സങ്കരം! ആദിവാസി ഭാഷകൾക്ക് തനിയെ നിൽക്കാൻ ഇടമില്ല എന്നു വരുന്നു.

ഏ. ഏ. ഡി ലൂയിസും (1962) തഴ്സ്റ്റണും (1909) നടത്തിയ നിരീക്ഷണങ്ങളെ അടിസ്ഥാനമാക്കി കേരളത്തിലെ ആദിവാസിഭാഷകളെ പി.സോമശേഖരൻ നായർ (1977) അഞ്ചായി തരം തിരിക്കുന്നുണ്ട്.

1. വ്യത്യസ്തമായ ഈണത്തിലുള്ള മലയാളമോ മലയാളത്തിന്റെ ഭാഷാഭേദങ്ങളോ
2. വ്യത്യസ്തമായ ഈണത്തിലുള്ള തുളുവോ തുളുവിന്റെ ഭാഷാഭേദങ്ങളോ
3. തമിഴിന്റെ ഭാഷാഭേദങ്ങൾ
4. കന്നടയുടെ ഭാഷാഭേദങ്ങൾ

Scanned by CamScanner

# മലയാളം
# തായ്‌വേരുകൾ പുതുനാമ്പുകൾ
(ഭാഷാപഠനങ്ങൾ)

സമാഹരണം
**പി.എം. ഗിരീഷ്**
**സി.ജി. രാജേന്ദ്രബാബു**

**ദക്ഷിണ**
ചെന്നൈ

Scanned by CamScanner

# 27. ഭാഷാപരിസ്ഥിതിയുടെ വർത്തമാനവും ആദിവാസിമൊഴികളും

## ജോസഫ് കെ. ജോബ്

മഞ്ചേശ്വരം മുതൽ പാറശ്ശാലവരെ നീണ്ടുകിടക്കുന്ന കേരളസംസ്ഥാനത്തിന്റെ ഭൂപരിധിക്കുള്ളിൽവരുന്ന അമ്പതോളം ആദിവാസിമൊഴികളെ ഒന്നായിയെടുത്ത് ഗോത്രമലയാളം എന്ന സംജ്ഞയുടെ കീഴിലേക്കു കൊണ്ടുവരുന്ന ഒരു രീതിയുണ്ട്. ഈ പ്രയോഗംതന്നെ തെറ്റിദ്ധാരണാജനകമാണ്. ഒരുതരം വെട്ടിച്ചുരുക്കലാണിത്. ഓരോ ആദിവാസിമൊഴിയുടേയും തനിമയും സാദ്ധ്യതകളും അംഗീകരിക്കപ്പെടാതെപോകുന്ന സാഹചര്യമാണ് അതുണ്ടാക്കുക. ആദിവാസിഭാഷകളെപ്പറ്റി പരാമർശിക്കുമ്പോഴും അവയെ വർഗ്ഗീകരിക്കാൻ ശ്രമിക്കുമ്പോഴും ഉയർന്നുകേൾക്കാറുള്ള ചില പതിവുപ്രയോഗങ്ങളുണ്ട്: "ഈ ഭാഷ മലയാളത്തിന്റെ ഭാഷാഭേദമാണ്, ഈ ഭാഷ കന്നടയും മലയാളവും ചേർന്ന ഭാഷയാണ്....." എന്നിങ്ങനെ. മുഖ്യധാരാഭാഷകളുടെ അടിസ്ഥാനത്തിൽ ആദിവാസിഭാഷകളെ വിലയിരുത്തുന്നതാണ് ഇവിടുത്തെ പതിവുരീതി. സാമൂഹികമായി പാർശ്വവൽക്കരിക്കപ്പെടുന്ന ജനവിഭാഗങ്ങളുടെ എന്നത്തേയും ദുർഗ്ഗതിയാണിത്. ഭാഷപോലും സ്വതന്ത്രാസ്തിത്വമുള്ളതായി അംഗീകരിക്കപ്പെട്ടില്ല. ഒന്നുകിൽ ഏതെങ്കിലും മുഖ്യധാരാഭാഷയുടെ ഭാഷാഭേദം, അല്ലെങ്കിൽ മുഖ്യധാരാഭാഷകളുടെ സങ്കരം! ആദിവാസി ഭാഷകൾക്ക് തനിയെ നിൽക്കാൻ ഇടമില്ല എന്നുവരുന്നു.

എ. എ. ഡി. ലൂയിസും (1962) തഴ്സ്റ്റണും (1909) നടത്തിയ നിരീക്ഷണങ്ങളെ അടിസ്ഥാനമാക്കി കേരളത്തിലെ ആദിവാസിഭാഷകളെ ഡോ. പി. സോമശേഖരൻനായർ (1977) അഞ്ചായി തരംതിരിക്കുന്നുണ്ട്.

1. വ്യത്യസ്തമായ ഈണത്തിലുള്ള മലയാളമോ മലയാളത്തിന്റെ ഭാഷാഭേദങ്ങളോ.
2. വ്യത്യസ്തമായ ഈണത്തിലുള്ള തുളുവോ തുളുവിന്റെ ഭാഷാഭേദങ്ങളോ.
3. തമിഴിന്റെ ഭാഷാഭേദങ്ങൾ.
4. കന്നടയുടെ ഭാഷാഭേദങ്ങൾ.
5. രണ്ടോ അതിലധികമോ ഭാഷകളുടെ സങ്കരങ്ങൾ.



Scanned by CamScanner

# ഭാഷയുടെ വർത്തമാനം

(ഭാഷാപഠനം)

സമാഹരണം

ജോസഫ് സ്കറിയ

SPCS

സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷണൽ ബുക്ക് സ്റ്റാൾ

₹ 430.00

Scanned by CamScanner

(Malayalam)

# Bhashayute Varthamanam

Linguistics

Compiled by

**Joseph Skaria**

Cover Design: Salimon P. N.
First Published December 2016
Printed at M. P. Paul Smaraka
Offset Printing Press (SPCS), Kottayam
Price Rs. 430.00

© Joseph Skaria

BERCHMANS PRESS

*No part of this publication may be reproduced or transmitted in any form or by any means without prior written permission of the Publisher*

Publishers
Sahithya Pravarthaka Co-operative Society Ltd.,
Kottayam, Kerala State, India
Email: spcsktm@gmail.com

ISBN 978-93-86094-54-4

978000030889

Sales Department
**National Book Stall**
Thiruvananthapuram-Kollam-Alappuzha
Kottayam -Thodupuzha-Ernakulam (Marine Drive)
Thrissur- Palakkadu-Kozhikkodu-Kalpatta-Kannur
www.nationalbookstall.com

S 9457 B5823 171/16-17 1-500

Scanned by CamScanner

# ഭാഷയുടെ വർത്തമാനം

സമാഹരണം

ഡോ. ജോസഫ് സ്കറിയ



Scanned by CamScanner



# ഭാഷയുടെ വർത്തമാനം

സമാഹരണം

ഡോ. ജോസഫ് സ്കറിയ



മലയാളഭാഷാരൂപീകരണത്തിന്റെ സാമൂഹികസാഹചര്യം മുതൽ ഭാഷയുടെ സാങ്കേതികപുരോഗതി വരെ വിശകലനംചെയ്യുന്ന മുപ്പത്തിയാറു പ്രൗഢപ്രബന്ധങ്ങളുടെ സമാഹാരം.

spcs നാഷണൽ ബുക്ക്സ്റ്റാൾ

ഭാഷാപഠനം/₹430

ISBN 978-93-86094-54-4

Sahithya Pravarthaka Co-operative Society Ltd.
No. 2458. Kottayam, Kerala State, India

Sales Department
**National Book Stall**
Thiruvananthapuram-Kollam-Alappuzha-
Kottayam- Thodupuzha- Ernakulam -Thrissur-
Palakkadu-Kozhikodu-Kalpatta-Kannur.
www.nationalbookstall.com

Scanned by CamScanner

കേരളത്തിലെ ആദിവാസിഭാഷകൾ മലയാളത്തിൽനിന്നു വ്യത്യസ്തമായ പ്രത്യേകഭാഷകളാണോ അതോ മലയാളത്തിന്റെയും മറ്റേതെങ്കിലും ദ്രാവിഡഭാഷയുടെയും ഭാഷാഭേദമാണോ എന്ന പ്രസക്തമായ ചോദ്യം ഭട്ടാചാര്യ(1976) ഉന്നയിക്കുന്നുണ്ട്. പ്രത്യേക ഭാഷകളായി പരിഗണിക്കപ്പെടാവുന്ന ആദിവാസിഭാഷകളൊന്നും കേരളത്തിലില്ലെന്ന നിഗമനത്തിലാണ് അദ്ദേഹം എത്തിച്ചേർന്നത്. ആദിവാസിഭാഷകൾ പഠനവിധേയമാകുന്ന പ്രാരംഭഘട്ടത്തിലാണ് അദ്ദേഹം അങ്ങനെ പറഞ്ഞത്. 1980-കളിലും 90-കളിലും കേരള സർവ്വകലാശാലയിലെ ഭാഷാശാസ്ത്രവിഭാഗത്തിൽ ആദിവാസിഭാഷകളെക്കുറിച്ച് വിശദപഠനങ്ങളുണ്ടായിട്ടുണ്ട്. അടിയർ, ചോലനായ്ക്കർ, കാണിക്കാർ, കരവഴിപ്പുലയർ, കാട്ടുനായ്ക്കർ, കുറുംബർ, കുറുംബപുലയർ, മലയരയർ, മലയുള്ളാടർ, മന്നാൻ, മുഡുഗർ, മുള്ളുകുറുമ്പർ, മുതുവർ, പളിയർ, പതിനായ്ക്കർ, പണിയർ, ഊരാളികൾ, ഊരാളി കുറുമർ, മലവേടർ, തച്ചനാടൻ മൂപ്പർ, ഇരുളർ, കുറിച്യർ എന്നീ ഇരുപത്തിരണ്ട് ആദിവാസിവിഭാഗക്കാരുടെ ഭാഷകളെക്കുറിച്ചുള്ള പഠനങ്ങളുണ്ടായിട്ടുള്ളതായി രാജേന്ദ്രൻ (2006: 78) രേഖപ്പെടുത്തുന്നു. വരമൊഴിയായി രൂപപ്പെട്ടിട്ടില്ലാത്ത, വാമൊഴിയായി മാത്രം നിലനിൽക്കുന്ന ഭാഷകളാണ് ഇവയെല്ലാം. വിവരണാത്മക അപഗ്രഥന(Descriptive analysis)ങ്ങളാണ് ഒട്ടുമിക്കതും. ചുരുക്കം ചില സാമൂഹികഭാഷാശാസ്ത്രാപഗ്രഥനങ്ങളും ഉണ്ടായിട്ടുണ്ട്. കേരളത്തിലെ എല്ലാ ആദിവാസിവിഭാഗക്കാർക്കും അവരുടേതായ മൊഴിഭേദമുണ്ട് എന്നാണ് ഈ പഠനങ്ങളിൽനിന്നു തെളിയുന്നത്. ഒന്നിലധികം വിഭാഗക്കാർ ഒരേ മൊഴിഭേദം സംസാരിക്കുന്ന സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തെക്കൻ കേരളത്തിലെ മലയുള്ളാടർ, മലക്കുറവൻ, മലയരയർ, മലപ്പുലയർ, മല അടിയർ എന്നീ വർഗ്ഗക്കാർ സംസാരിക്കുന്നത് ഒരേ ഭാഷാഭേദംതന്നെ എന്നാണ് രാജേന്ദ്രൻ (2006: 79) അഭിപ്രായപ്പെടുന്നത്. അട്ടപ്പാടിയിലെ മുഡുഗരും കുറുമ്പരും ഒരേ ഭാഷയാണ് സംസാരിക്കുന്നതെന്നും അദ്ദേഹം കണ്ടെത്തുന്നു. അങ്ങനെ വരുമ്പോൾ ആദിവാസിവിഭാഗങ്ങളുടെ എണ്ണവും ഭാഷകളുടെ എണ്ണവും പൊരുത്തപ്പെടണമെന്നില്ല എന്നും അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്. ഒരേ വിഭാഗക്കാർത്തന്നെ പല പേരുകളിൽ അറിയപ്പെടുന്ന സാഹചര്യവുമുണ്ട്. സംസ്കാരവും ഭാഷയും ഒത്തുചേർന്നുവരുന്ന ഈ മേഖലയിൽ സൂക്ഷ്മപഠനങ്ങൾ ഇനിയുമുണ്ടാകേണ്ടതുണ്ട് എന്നാണിതു കാണിക്കുന്നത്.

ഒരു ഭാഷ പ്രത്യേകഭാഷയാണോ മറ്റേതെങ്കിലും ഭാഷയുടെ ഭാഷഭേദമാണോ എന്നു നിശ്ചയിക്കാനുള്ള മാനദണ്ഡങ്ങൾ ഭാഷാശാസ്ത്രജ്ഞർ കണ്ടെത്തിയിട്ടുണ്ട്. ഘടനാപരമായ പ്രത്യേകതകൾക്കാണ് ഇതിൽ മുൻതൂക്കം ലഭിക്കുന്നത്. ഈ മാനദണ്ഡങ്ങളൊന്നും വികസിതമായ ഭാഷകളുടെ ഭാഷാപദവിക്കു വിഘാതം സൃഷ്ടിക്കാറില്ല. ഘടനാപരമായി വളരെ അടുപ്പമുള്ള ഭാഷകൾപോലും (ഉദാ:-ഹിന്ദി-പഞ്ചാബി-ഉറുദു) സാമൂഹികമായ കാരണങ്ങളാൽ വ്യത്യസ്തഭാഷകളായി പരിഗണിക്കപ്പെട്ടിരിക്കുന്നു. എന്നാൽ നേരെമറിച്ച്, ഘടനാപരമായി വ്യത്യാസങ്ങൾ ഏറെ പ്രകടമാക്കു

# 27. ഭാഷാപരിസ്ഥിതിയുടെ വർത്തമാനവും ആദിവാസിമൊഴികളും

ജോസഫ് കെ. ജോബ്

മഞ്ചേശ്വരം മുതൽ പാറശ്ശാലവരെ നീണ്ടുകിടക്കുന്ന കേരളസംസ്ഥാനത്തിന്റെ ഭൂപരിധിക്കുള്ളിൽവരുന്ന അമ്പതോളം ആദിവാസിമൊഴികളെ ഒന്നായിയെടുത്ത് ഗോത്രമലയാളം എന്ന സംജ്ഞയുടെ കീഴിലേക്കു കൊണ്ടുവരുന്ന ഒരു രീതിയുണ്ട്. ഈ പ്രയോഗംതന്നെ തെറ്റിദ്ധാരണാജനകമാണ്. ഒരുതരം വെട്ടിച്ചുരുക്കലാണിത്. ഓരോ ആദിവാസിമൊഴിയുടേയും തനിമയും സാദ്ധ്യതകളും അംഗീകരിക്കപ്പെടാതെപോകുന്ന സാഹചര്യമാണ് അതുണ്ടാക്കുക. ആദിവാസിഭാഷകളെപ്പറ്റി പരാമർശിക്കുമ്പോഴും അവയെ വർഗ്ഗീകരിക്കാൻ ശ്രമിക്കുമ്പോഴും ഉയർന്നുകേൾക്കാറുള്ള ചില പതിവുപ്രയോഗങ്ങളുണ്ട്: "ഈ ഭാഷ മലയാളത്തിന്റെ ഭാഷാഭേദമാണ്, ഈ ഭാഷ കന്നടയും മലയാളവും ചേർന്ന ഭാഷയാണ്....." എന്നിങ്ങനെ. മുഖ്യധാരാഭാഷകളുടെ അടിസ്ഥാനത്തിൽ ആദിവാസിഭാഷകളെ വിലയിരുത്തുന്നതാണ് ഇവിടുത്തെ പതിവുരീതി. സാമൂഹികമായി പാർശ്വവൽക്കരിക്കപ്പെടുന്ന ജനവിഭാഗങ്ങളുടെ എന്നത്തേയും ദുർഗ്ഗതിയാണിത്. ഭാഷപോലും സ്വതന്ത്രാസ്തിത്വമുള്ളതായി അംഗീകരിക്കപ്പെടില്ല. ഒന്നുകിൽ ഏതെങ്കിലും മുഖ്യധാരാഭാഷയുടെ ഭാഷാഭേദം, അല്ലെങ്കിൽ മുഖ്യധാരാഭാഷകളുടെ സങ്കരം! ആദിവാസി ഭാഷകൾക്ക് തനിയെ നിൽക്കാൻ ഇടമില്ല എന്നുവരുന്നു.

എ. എ. ഡി. ലൂയിസും (1962) തഴ്സ്റ്റണും (1909) നടത്തിയ നിരീക്ഷണങ്ങളെ അടിസ്ഥാനമാക്കി കേരളത്തിലെ ആദിവാസിഭാഷകളെ ഡോ. പി. സോമശേഖരൻനായർ (1977) അഞ്ചായി തരംതിരിക്കുന്നുണ്ട്.

1. വ്യത്യസ്തമായ ഈണത്തിലുള്ള മലയാളമോ മലയാളത്തിന്റെ ഭാഷാഭേദങ്ങളോ.
2. വ്യത്യസ്തമായ ഈണത്തിലുള്ള തുളുവോ തുളുവിന്റെ ഭാഷാഭേദങ്ങളോ.
3. തമിഴിന്റെ ഭാഷാഭേദങ്ങൾ.
4. കന്നടയുടെ ഭാഷാഭേദങ്ങൾ.
5. രണ്ടോ അതിലധികമോ ഭാഷകളുടെ സങ്കരങ്ങൾ.



Scanned by CamScanner